2014 ഡിസംബർ 10
വാല്യം 07
ലക്കം 23

# ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA 225/2012 - 14 Annual Subscription Rs.150/- Pages:12

# 91–മത് ഐ. പി. സി. ജനറൽ കൺവൻഷൻ
## ജനുവരി 18 മുതൽ 25 വരെ

**കുമ്പനാട്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ 91-ാമത് ജനറൽ കൺവൻഷൻ 2015 ജനുവരി 18 ഞായർ മുതൽ 25 ഞായർ വരെ ഹെബ്രോൻപുരത്ത് നടക്കും. 18-ാംതീയതി ഞായറാഴ്ച വൈകിട്ട് 6ന് സഭാ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. 25-ാംതീയതി ഞായറാഴ്ച രാവിലെ സഭായോഗത്തോടുകൂടി കൺവൻഷൻ സമാപിക്കും. 'നിസ്തുല്യനായ ക്രിസ്തു' എന്നതാണ് ചിന്താവിഷയം. യുവജനസമ്മേളനം, സോദരീ സമാജം വാർഷിക സമ്മേളനം, ഹെബ്രോൻ ബൈബിൾ കോളജ് പി.ജി. ഗ്രാജുവേഷൻ സർവ്വീസ്, സ്നാനശുശ്രൂഷ തുടങ്ങിയവ കൺവൻഷനോട് അനുബന്ധിച്ച് നടക്കും. എല്ലാദിവസവും വൈകിട്ട് 6ന് പൊതുയോഗം ഉണ്ടായിരിക്കും.


പാസ്റ്റർ ജേക്കബ് ജോൺ (ജനറൽ പ്രസിഡന്റ്)


പാസ്റ്റർ ബേബി വർഗീസ് (ജനറൽ വൈസ് പ്രസിഡന്റ്)


പാസ്റ്റർ സാം ജോർജ്ജ് (ജനറൽ സെക്രട്ടറി ഇൻചാർജ്ജ്)


ഡോ. ജോൺ ജോസഫ് (ജനറൽ ട്രഷറാർ)

കൺവൻഷന് മുന്നോടിയായി ജനുവരി 11 മുതൽ 17വരെ കൺവൻഷൻ പന്തലിൽ ഉപവാസപ്രാർത്ഥന നടക്കും.

പാസ്റ്റർ ജേക്കബ് ജോൺ (ജനറൽ പ്രസിഡന്റ്), പാസ്റ്റർ ബേബി വർഗീസ് (ജനറൽ വൈസ് പ്രസിഡന്റ്), പാസ്റ്റർ സാം ജോർജ്ജ് (ജനറൽ സെക്രട്ടറി ഇൻ ചാർജ്ജ്), ഡോ. ജോൺ ജോസഫ് (ജനറൽ ട്രഷറാർ) എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ കൺവൻഷന്റെ ക്രമീകരണത്തിനായി പ്രവർത്തിക്കുന്നു.

## 66–ാമത് കരിയംപ്ലാവ് കൺവൻഷൻ ജനുവരി 5– മുതൽ


റവ. ഒ. എം. രാജുക്കുട്ടി


റവ. ഡോ. ഫിന്നി ഏബ്രഹാം


റവ. റ്റോമി ജോസഫ്


പാ. ജോയി ഏബ്രഹാം

ഡബ്ല്യൂ. എം. ഇ. ദൈവസഭകളുടെ 66-മത് ദേശീയ ജനറൽ കൺവൻഷൻ കരിയംപ്ലാവ് ഹെബ്രോൻ നഗറിൽ ജനുവരി 5-നു ആരംഭിച്ച് 11-നു സമാപിക്കും. ഡബ്ല്യൂ. എം. ഇ. ജനറൽ പ്രസിഡന്റ് പാസ്റ്റർ ഒ. എം. രാജുക്കുട്ടി ഉത്ഘാടനം ചെയ്യും. പാസ്റ്റർ കെ. എം. പൗലോസ് അദ്ധ്യക്ഷത വഹിക്കും. വിവിധ ദിവസങ്ങളിൽ റവ. ഫിന്നി ഏബ്രഹാം, റവ. റ്റോമി ജോസഫ്, റവ. ജോയി ഏബ്രഹാം, റവ. ഒ. എം. രാജുക്കുട്ടി എന്നിവർ ശുശ്രൂഷിക്കും. കരിയംപ്ലാവ് കൺവൻഷൻ സംഗീത

08

## റെയ്സൺ തോമസിന്റെ 'സുവിശേഷം' വിവാദമാകുന്നു

തങ്കുവിന്റെ സുവിശേഷം, സജിത്തിന്റെ സുവിശേഷം, താരുവിന്റെ സുവിശേഷം ഇവയുടെ പിന്നാലെ ഇപ്പോൾ റെയ്സൺ തോമസിന്റെ സുവിശേഷവും വിവാദമാകുന്നു. സോഷ്യൽ മീഡിയായിലൂടെ പ്രചരിക്കുന്ന ഇദ്ദേഹത്തിന്റെ പ്രസംഗം ഇതിനോടകം വിവാദമായിക്കഴിഞ്ഞു. യേശുവും ക്രിസ്തുവും രണ്ടാണെന്നും യേശു എന്നത് ഒരു ഇൻഫർമേഷൻ ആണെന്നും ക്രിസ്തു എന്നത് വെളിപ്പാടാണെന്നും ഇദ്ദേഹം പറയുന്നു. സാത്താന് യേശുവിനെ അറിയാം. പക്ഷെ ക്രിസ്തുവിനെ അറിയില്ല. ക്രിസ്തുവിന്റെ വെളിപ്പാടുള്ളവരെ സാത്താൻ തൊടില്ല. പത്രോസിനു ലഭിച്ചത് ക്രിസ്തുവിന്റെ വെളിപ്പാടാണ്. യേശുവിനെ


റെയ്സൺ തോമസ്

ആദ്യം അറിഞ്ഞ പൗലോസ് അരിഷ്ടമനുഷ്യനായിരുന്നു. എന്നാൽ അറേബ്യൻ മരുഭൂമിയിൽ വെച്ച് പൗലോസ് ക്രിസ്തുവിനെ അറിഞ്ഞു. സുവിശേഷങ്ങളിലെ യേശു കേവലം 33 വർഷത്തേക്കുള്ള ഒരു പാക്കേജാണ്. ഇങ്ങനെ പോകുന്നു റെയ്സന്റെ പ്രസംഗം. യേശുവിൽ വിശ്വസിച്ച് 'ഞാനും അങ്ങനെ ഏഴു കൊല്ലം പാഴാക്കിക്കളഞ്ഞു'. ഇപ്പോഴാണ് ക്രിസ്തുവിനെക്കുറിച്ചുള്ള വെളിപ്പാടു കിട്ടിയത് എന്ന് റെയ്സൺ കൂട്ടിച്ചേർക്കുന്നു.

രണ്ടും മൂന്നും നാലും നൂറ്റാണ്ടുകളിൽ വിവിധ സുന്നഹദോസുകൾ ചർച്ച ചെയ്ത വിഷയമാണ് ക്രിസ്തുവിന്റെ ആളത്വം. ദുരുപദേശങ്ങൾ തള്ളി വ്യക്തമായ തീരുമാനങ്ങൾ സഭ സ്വീകരിച്ചു. സഭ തള്ളിയ പഴയ ദുരുപദേശങ്ങളെ വീണ്ടും പൊടിതട്ടിയെടുത്ത് ചിലർ പ്രചരിപ്പിക്കുകയാണ്. ഇത്തരം പ്രചാരവേലകളെ സഭ ഒറ്റക്കെട്ടായി പ്രതിരോധിക്കണം.

യേശുക്രിസ്തു പാതാളത്തിൽ സാത്താനാൽ പീഡിപ്പിക്കപ്പെട്ടു, ക്രൂശിൽ മരിച്ച ക്രിസ്തു പരാജയപ്പെട്ട ക്രിസ്തുവാണ് തുടങ്ങിയുള്ള ദുരുപദേശങ്ങൾ മുമ്പ് പ്രചരിച്ചിരുന്നു. ന്യൂജനറേഷൻ പ്രസംഗകർ വ്യക്തമായ ക്രിസ്തുവിന്റെ വ്യക്തിത്വനിരാകരണമാണ് നടത്തുന്നത്. യേശുക്രിസ്തുവിന്റെ ദൈവത്വം, മനുഷ്യത്വം, നിത്യത്വം, ത്രിത്വത്തിലെ സ്ഥാനം, പിതാവിനോടുള്ള സമത്വം എന്നീ വിഷയങ്ങളിൽ ആദിമ സഭ നിലപാടുകൾ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വീണ്ടും ക്രിസ്തുവിനെതിരെ സംസാരിക്കുന്നത് എതിർക്രിസ്തുവിന്റെ വ്യാജവ്യാപാരത്തിന്റെ ലക്ഷണമാണ്.

## ഐ. പി. സി. സംസ്ഥാന കൺവൻഷൻ സമാപിച്ചു

**നിലമ്പൂർ:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ സംസ്ഥാന കൺവൻഷനു സമാപനം സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ. സി. തോമസ് ഉദ്ഘാടനം ചെയ്ത യോഗത്തിൽ ലീഗൽ ബോർഡ് ചെയർമാൻ പാസ്റ്റർ ജോൺ ജോർജ്ജ് അധ്യക്ഷനായിരുന്നു. പാസ്റ്റർമാരായ ഫിലിപ്പ് പി. തോമസ്, രാജു പൂവക്കാല, ഷിബു നെടുവേലിൽ, ബ്രദർ സണ്ണി മുളമൂട്ടിൽ തുടങ്ങിയവർ പ്രസംഗിച്ചു. സംസ്ഥാന കൺവൻഷൻ ആരംഭം കുറിച്ച ശേഷം മലബാർ മേഖലയിൽ നിന്നുള്ള സഭകൾക്കും കർത്തൃദാസന്മാർക്കും അത് ഏറെ പ്രയോജനപ്രദമായി ഭവിക്കുന്നു എന്നതാണ് പൊതുവായ വിലയിരുത്തൽ.



പാസ്റ്റർ ബാബു ചെറിയാൻ, വർഗ്ഗീസ് ഏബ്രഹാം കെ. സി. ജോൺ, സാം ജോർജ്ജ് തുടങ്ങിയവർ രാത്രിയോഗങ്ങളിൽ പ്രസംഗിച്ചു. പി. വൈ. പി. എ, സണ്ടേസ്കൂൾ, സോദരീസമാജം സമ്മേളനങ്ങളും കൺവൻഷനോടനുബന്ധിച്ച് നടന്നു. സംയുക്ത ആരാധനയിൽ കർത്തൃമേശാ ശുശ്രൂഷയ്ക്ക് പാസ്റ്റർ കെ. സി. തോമസ് നേതൃത്വം നൽകി.

### സാക്ഷി



ആമല്ലൂർ യുദ്ധം അവസാനിച്ചു - വാർത്ത

ഹർമ്മഗദ്ദോൻ ഒന്നുമല്ലല്ലോ.

**വരിസംഖ്യ അടയ്ക്കുക**

കുമ്പനാട് കൺവൻഷനിൽ ബിലീവേഴ്സ് ജേണൽ സ്റ്റാൾ സന്ദർശിച്ച് വരിസംഖ്യ അടയ്ക്കൂ....
ഈ ശുശ്രൂഷയിൽ സഹകരിക്കൂ....

## വൈ.പി.ഇ.കേരള സ്റ്റേറ്റ് ക്യാമ്പ് മുളക്കുഴയിൽ


പാസ്റ്റർ വൈ. റെജി

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റിന്റെ പുത്രികാ സംഘടനയായ വൈ.പി.ഇ. യുടെ സംസ്ഥാന ക്യാമ്പും, താലന്തുപരിശോധനയും 2014 ഡിസംബർ 25, 26, 27 തീയതികളിൽ മുളക്കുഴ ആർ.എഫ്. കുക്ക് കൺവെൻഷൻ സെന്ററിൽ വച്ച് നടത്തപ്പെടും. പ്രസിഡന്റ് പാസ്റ്റർ വൈ. റെജി ക്യാമ്പ് ഉദ്ഘാടനം ചെയ്യും. ട്രൂ ഫോളോവേഴ്സ് എന്ന വിഷയത്തെ ആസ്പദമാക്കി പ്രഗത്ഭരായ കർതൃദാസന്മാർ ക്ലാസ്സുകൾ നയിക്കും കൂടാതെ കൗൺസിലിംഗ് ക്ലാസ്സുകൾ, വചന പഠനം, മിഷൻ ചലഞ്ച്, പപ്പറ്റ് ഷോ, ഗെയിമുകൾ, കുട്ടികളുടെ വിവിധ പ്രോഗ്രാമുകൾ എന്നിവ ഉൾപ്പെടുത്തി വളരെ വ്യത്യസ്തമായ നിലയിൽ ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 150 രൂപ ആയിരിക്കും. ക്യാമ്പിന്റെ വിപുലമായ നടത്തിപ്പിനായി പാസ്റ്റർ വൈ. റെജി., അജി കുളങ്ങര, വൈസ് പ്രസിഡന്റ് പാസ്റ്റർ സജി ഏബ്രഹാം, ജോ. സെക്രട്ടറി മാത്യു ബേബി എന്നിവരുടെ നേതൃത്വത്തിൽ സ്റ്റേറ്റ് ബോർഡ് പ്രവർത്തനങ്ങൾ ആരംഭിച്ചു.

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in



അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ


## എഡിറ്റോറിയൽ

# ഒരു കൺവൻഷൻ കാലം കൂടെ എത്തുമ്പോൾ



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

തിരുവല്ലയിൽ ശാരോൻ സഭകളുടെ കൺവൻഷനോടുകൂടി കേരളത്തിൽ സഭാ ജനറൽ കൺവൻഷനുകൾക്കു തുടക്കമായി. കുമ്പനാട് ഇത്തവണ നവതി സമാപനമാണ്. പുനലൂരിൽ നൂറിന്റെ നിറവും തിരുവല്ലയിൽ നവതി പിന്നിട്ടും കൺവൻഷനുകൾ നടക്കുന്നു. ഈ കൺവൻഷനുകളുടെ എല്ലാം ആരംഭത്തിങ്കൽ ഉണ്ടായിരുന്ന ലക്ഷ്യം എന്തായിരുന്നു? എന്നാൽ ഇന്നു നടക്കുന്നത് എന്താണ്? രാഷ്ട്രീയ പാർട്ടികൾ ആണ്ടുതോറും സംഘടനാബലം കാണിക്കുവാൻ നടത്തുന്ന പാർട്ടി സമ്മേളനങ്ങൾ പോലെ അധഃപതിച്ചിരിക്കുന്നു നമ്മുടെ കൺവൻഷനുകളും. മുഖസ്തുതിക്കാർക്കും ശിങ്കിടികൾക്കും ബന്ധുക്കൾക്കുമെല്ലാം ഷൈൻ ചെയ്യാൻ വേദിയൊരുക്കുവാനുള്ള അവസരമാണ് ഇത് പലർക്കും. സുവിശേഷത്തിന്റെ തീജ്വാല ഉയരേണ്ട വേദിയിൽ ചില കോപ്രായ പ്രസംഗകരുടെ പ്രകടനം കാണുമ്പോൾ അറിയാതെ കരഞ്ഞുപോകും. ഒരു കഴമ്പുമില്ലാത്ത പ്രസംഗം. ഇതിനാണോ ജനം ഒത്തു കൂടുന്നത്. ഇതാണോ ജനം പ്രതീക്ഷിക്കുന്നത്. വേണ്ടപ്പെട്ടവരെ അക്കമഡേറ്റ് ചെയ്യാനാണെങ്കിൽ ആദ്യ രണ്ടു പകൽ നോൺ സേറ്റോപ്പ് പ്രസംഗ പരിപാടി നടത്തുക. രാവിലെ തുടങ്ങി 5 വരെ നീളുന്ന പ്രസംഗ പരമ്പര താൽപ്പര്യമുള്ള കേൾവിക്കാർ കേട്ടുകൊള്ളും. സ്ഥാനവും ബന്ധവുമല്ല സുവിശേഷ പ്രസംഗകന്റെ യോഗ്യത. നന്നായി വചനം പറയുന്നവരെ രാത്രിയോഗങ്ങളിൽ പ്രസംഗിക്കുവാൻ അനുവദിക്കണം. തടിച്ചു കൂടുന്ന ജനത്തിനാവശ്യമായത് വിളമ്പിക്കൊടുക്കാൻ ദൈവം ഏൽപ്പിച്ചവർ അതു ചെയ്യട്ടെ.

അതുപോലെ രാഷ്ട്രീയക്കാരെ കെട്ടിയെഴുന്നള്ളിക്കുന്ന പതിവ് അവസാനിപ്പിക്കണം. ആത്മീയ ശുശ്രൂഷയിൽ രാഷ്ട്രീയക്കാർക്കെന്ത് പങ്ക്? അവർക്ക് എല്ലാമതങ്ങളും ഒരു പോലെയാണ്? കൈയ്യടി നേടാൻ ഇറക്കുന്ന നമ്പറുകൾ കേട്ട് സ്തോത്രം പറയാൻ മാത്രം തരം താഴരുത് നമ്മൾ. മാരാമൺ കൺവൻഷന്റെ മാതൃക ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ് നല്ലത്. കേൾവിക്കാരായി അവർ വരട്ടെ. അവർ വഹിക്കുന്ന പദവിക്കനുസൃതമായി അവരുടെ പേരുകൾ പറഞ്ഞ് അവരുടെ സാന്നിധ്യത്തെ അംഗീകരിക്കാം. അതല്ലാതെ പ്രധാന സ്റ്റേജിൽ കെട്ടി എഴുന്നെള്ളിച്ച് ശുശ്രൂഷയുടെ സമയത്ത് ആശംസ പറയിക്കുന്നത് ലജ്ജാകരം തന്നെയാണ്. നമ്മുടെ ആരാധനയുടെയും ശുശ്രൂഷയുടെയും വില നാം തന്നെ താഴ്ത്തി കളയുകയല്ലേ. രാഷ്ട്രീയക്കാരെ വിളിക്കണമെങ്കിൽ സാംസ്കാരിക സമ്മേളനമോ മറ്റോ ക്രമീകരിക്കുകയാകും നല്ലത്. കരിയൻപ്ലാവ് കൺവൻഷൻ ഇക്കാര്യത്തിൽ മാതൃകയാണ്.

നാം മാനസാന്തരപ്പെടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും അനുഭവത്തിലേക്ക് ജനവും ശുശ്രൂഷകരും എത്തേണ്ട കാലം കഴിഞ്ഞു. ലക്ഷങ്ങളും കോടികളും മുടക്കി നടത്തുന്ന കൺവൻഷനുകൾ വെറും ശക്തിപ്രകടനമായി തരം താഴരുത്. പുതിയ ശക്തിയോടെ പുതിയ ദർശനത്തോടെ മടങ്ങുവാൻ ജനത്തിനു കഴിയണം. അതിനായി അവരെ ഒരുക്കാൻ ശുശ്രൂഷകരും ഒരുങ്ങണം. പഴകിപ്പൊടിഞ്ഞ പ്രസംഗങ്ങൾ മാറ്റി കർത്താവിങ്കൽ നിന്നു പ്രാപിച്ച് ജനത്തിനു നൽകാൻ തയ്യാറാകണം. പൗലോസ് പറയുന്നതുപോലെ "ഞാൻ കർത്താവിങ്കൽ നിന്ന് പ്രാപിക്കുകയും നിങ്ങൾക്ക് ഏൽപ്പിച്ച് തരികയും...... ഈ പ്രാഗത്ഭ്യം ശുശ്രൂഷകർക്കുണ്ടെങ്കിൽ ഈ കൺവൻഷൻകാലം ജനം മറക്കില്ല.

സുവിശേഷ ദർശനമുള്ളവരായി നമ്മുടെ വിശ്വാസികൾ മാറണം. സഭയുടെ പ്രധാന ദൗത്യം അതാണ്. അതിനായി ജനത്തെ ഉത്സാഹിപ്പിക്കണം. രാഷ്ട്രീയക്കളികളും കുതികാൽ വെട്ടും കോടതി കേസുകളും ജനം മടുത്തിരിക്കുന്നു. ഗ്രൂപ്പ് വൈരവും ജനം വെറുക്കുന്നു. ഇവിടെ യഥാർത്ഥമായ മാനസാന്തരം വേണ്ടത് നേതൃത്വത്തിലുള്ളവർക്കാണ്. ഏത് ഉത്സവത്തിനിടയിലും പഴത്തൊലി തപ്പുന്ന ആനയെപ്പോലെയാണ്. നമ്മുടെ നേതാക്കന്മാർ. ഈ രീതിയിൽ മാറണം. പണ്ടത്തെപ്പോലെ ഒരു നല്ലകാലം കിട്ടുവാൻ നമുക്കു പ്രാർത്ഥിക്കാം.

---

## വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

– തുടർച്ച–



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

ആദിമ സഭ ആത്മീകമായി വളരെയധികം അനുഗ്രഹിക്കപ്പെട്ട നിലയിലായിരുന്നു. നോക്കുക, യെരുശലേം സഭ, അന്ത്യോക്യ സഭ, ഇതൊക്കെ അതിനു ഉദാഹരണങ്ങളാണ്. ആദിമ സഭയിൽ ആത്മീകശുശ്രൂഷകൾക്കും ഭരണക്രമത്തിനുമായി പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നു. അന്ത്യോക്യ സഭയിൽ ഈ ശുശ്രൂഷകന്മാർ ഉണ്ടായിരുന്നു. പ്രവാചകന്മാർ പഴയനിയമകാലം മുതൽ ഉണ്ടായിരുന്ന ഒരു കൂട്ടരാണ്. പ്രവാചകൻ എന്നു പറഞ്ഞാൽ ദർശകൻ, അർത്ഥാൽ മറ്റൊരാൾക്കുവേണ്ടി സംസാരിക്കുക, തെളിച്ചുപറഞ്ഞാൽ ദൈവത്തിനു വേണ്ടി നേരത്തെ (മുൻകൂട്ടി) സ്ഥാപിക്കുക. പ്രവചനത്തിനു ഒരു നിർവ്വചനം കൊടുക്കുകയാണെങ്കിൽ ഇപ്രകാരം കൊടുക്കുവാൻ കഴിയും. ദൈവീക ആലോചനകൾ, അരുളപ്പാടുകൾ ദൈവത്തിൽ നിന്നും പ്രാപിച്ച് അവയോടുകൂടെ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാതെ അതുപോലെ മുൻകൂട്ടി പ്രഖ്യാപിക്കുന്നതാണ് പ്രവചനം. ഹാനോക്ക് മുതൽ ഇങ്ങോട്ട് പ്രവാചകന്മാർ ഉണ്ടായിരുന്നു. അപ്പോൾ തിമൊഥെയൊസിന്റെ ഭാവികാല ശുശ്രൂഷയെക്കുറിച്ച് നേരത്തെത്തന്നെ പ്രവചനം ഉണ്ടായിരുന്നു. ആ പ്രവചനത്തിന്റെ അടിസ്ഥാനത്തിലാണ് തിമൊഥെയൊസിനെ ശുശ്രൂഷയ്ക്കു നിയോഗിക്കുന്നത്. ദുരുപദേശ കൊടുങ്കാറ്റിൽ സഭ ആടി ഉലയേണ്ട രംഗം വന്നപ്പോൾ അതിനെതിരായി പോരാടി പഥ്യോപദേശത്തിൽ പാറയെപ്പോലെ സഭയെ നിലനിർത്തുവാൻ തിമൊഥെയൊസിനെ പൗലോസ് നിയോഗിക്കുകയാണ്.

ജീവിതം ഒരു യുദ്ധസേവയാണ്. മനുഷ്യൻ പടയാളിയും ദൈവം സേനാനായകനുമാണ് എന്നാണ് പുരാതനകാലത്തെ പണ്ഡിതന്മാർ വിശ്വസിച്ചിരുന്നതും പഠിപ്പിച്ചിരുന്നതും എന്നു ജീവിക്കുക എന്നു പറഞ്ഞാൽ ഒരു പടയാളി ആയിരിക്കുക എന്നാണർത്ഥം. ക്രിസ്തീയ ജീവിതം എന്നത് വിശ്രമത്തിന് ഇടവേളയില്ലാത്ത പോരാട്ട ജീവിതമാണ് എന്നാണ് പൗലോസ് പറയുന്നത്, എഫെ: 6:10–18. ജീവിതം ഒരു വെല്ലുവിളിയാണ്, അതിനെ നേരിടുക ജീവിതം ഒരു വിളക്കാണ്. അത് തെളിയിക്കുക, ജീവിതം ഒരു ദാനമാണ്, അതു സ്വീകരിക്കുക. ജീവിതം ഒരു വീരകൃത്യമാണ്, ധീരത കാണിക്കുക. ജീവിതം ഒരു അവസരമാണ്, അത് പ്രയോജനപ്പെടുത്തുക. ജീവിതം ദുഃഖമാണ്, സഹിക്കുക. ജീവിതം ഒരു യാത്രയാണ്, അത് മനോഹരമാക്കുക. ജീവിതം കർത്തവ്യമാണ് നിറവേറ്റുക.

ഒരു യുദ്ധസേവയ്ക്കാണ് തിമൊഥെയൊസിനെ ദൈവം നിയോഗിക്കുന്നത് എന്നു പൗലോസ് ഓർമ്മപ്പെടുത്തുകയാണ്. ക്രിസ്തീയജീവിതത്തെ ഒരു യുദ്ധസേവയായി പൗലോസ് ഇടയലേഖനങ്ങളിൽ ചിത്രീകരിക്കുന്നുണ്ട്. റവ. ഡോ.പി.പി.എബ്രഹാമിന്റെ ഇടയ ലേഖനങ്ങളുടെ വ്യാഖ്യാനഗ്രന്ഥത്തിൽ നൽകിയിരിക്കുന്ന വിശദീകരണം ഇപ്രകാരമാണ്, "ഒരു വിശ്വാസി യുദ്ധസേവയ്ക്കാണു വിളിക്കപ്പെട്ടിരിക്കുന്നത്. ഒരു പ്രത്യേക കാലഘട്ടത്തെ ഹ്രസ്വകാലയുദ്ധസേവയ്ക്കല്ല, നിരന്തരമായ യുദ്ധസേവയ്ക്കാണ് വിരാമമില്ലാത്ത യുദ്ധസേവയ്ക്കാണ്. അത് ഹ്രസ്വദൂര ഓട്ടമല്ല, ദീർഘദൂര ഓട്ടമാണ്. നിരന്തര ജാഗ്രത പാലിച്ചേ തീരൂ. വിശ്രമത്തിനു ഇടവേളയില്ലാത്ത പോരാട്ട ജീവിതമാണ്. ക്രിസ്തീയ ജീവിതം. ക്രിസ്തുവിന്റെ പടയാളിയെ നിർബന്ധിച്ചു പടയാളിയാക്കുന്നതല്ല, പിന്നെയോ സന്തോഷത്തോടെ സ്വമേധയാ പടയാളിയാക്കുകയാണ്. ക്രിസ്തീയ ശുശ്രൂഷയെയാണ് ഇവിടെ യുദ്ധസേവയായി ചിത്രീകരിക്കുന്നത്. ശുശ്രൂഷകനെ പടയാളി എന്ന പേരിൽ പൗലോസിന്റെ തിമൊഥെയൊസിനുള്ള രണ്ടാമത്തെ ലേഖനത്തിലും പ്രസ്താവിച്ചിരിക്കുന്നത്. 2 തിമോ. 2:2.

ശുശ്രൂഷകൻ ഒരു പടയാളി എന്ന നിലയിൽ ക്രിസ്തു സേനാനായകനാണ്. മൂന്നുഭാഗത്ത് ക്രിസ്തുവിനെ നായകൻ എന്നു സംബോധന ചെയ്തിരിക്കുന്നു.

1. രക്ഷാനായകൻ – എബ്രാ. 2:10
2. വിശ്വാസത്തിന്റെ നായകൻ, എബ്രാ: 12:1–2
3. ജീവനായകൻ, അ. പ്രവ.: 3:14.

ഈ ശ്രേഷ്ഠനായകന്റെ കൊടിക്കീഴിൽ നിന്നാലെ യുദ്ധം വിജയിക്കുയുള്ളൂ. വിശ്വാസവും നല്ല മനസാക്ഷിയും ഫലപ്രദമായ യുദ്ധസേവയ്ക്ക് അഭിവാജ്യഘടകങ്ങളാണ്. പൗലോസിനെപ്പോലെ ദൈവമുമ്പാകെയും മനുഷ്യമുമ്പാകെയും കുറ്റമില്ലാത്ത മനസ്സാക്ഷി നമ്മുകു ഉണ്ടായിരിക്കണം. ശുശ്രൂഷകന്മാർ വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനസ്സാക്ഷിയിൽ വച്ചുകൊള്ളുന്നവർ ആയിരിക്കേണം, അ.പ്ര:24:16, 1തിമൊ.3:9. നല്ലമനസ്സാക്ഷി തള്ളിക്കളഞ്ഞാൽ വിശ്വാസകപ്പൽ തകർന്നുപോകും. ആ സ്ഥിതിയിൽ എത്തി കഴിഞ്ഞാൽ അവർ ദൂഷണം പറഞ്ഞു നടക്കും. ആകയാൽ അവരെ സാത്താനെ ഏൽപ്പിക്കേണ്ടിവരും. സാത്താന്റെ പ്രവർത്തികൾ ഇഷ്ടപ്പെടുന്നവരെ കുറെക്കാലം സാത്താനെ ഏല്പിക്കുന്നത് ഉചിതമെന്ന് അപ്പോസ്തലനായ പൗലോസിനു തോന്നി.

18–ാം വാക്യത്തിൽ 'ആജ്ഞ' എന്ന പദം കരസേന ഉപയോഗിക്കുന്ന പദമാണ്. 19–ാം വാക്യത്തിൽ "കപ്പൽ തകർന്ന്" എന്നത് നാവികസേന ഉപയോഗിക്കുന്ന പദമാണ്. തങ്ങളുടെ വിശ്വാസകപ്പൽ തകർന്നതായ രണ്ടുപേരുടെ പേരുകൾ പൗലോസ് ഇവിടെ പരാമർശിക്കുന്നുണ്ട്. മാത്രമല്ല കപ്പലപകടം എന്താണ് എന്നുള്ളത് പൗലോസിനു പരിചയമുണ്ട്, 2കൊരി. 11:25. 20–ാം വാക്യത്തിൽ പറയുന്ന "പഠിക്കേണ്ടത്" എന്ന പദം ശിക്ഷണ നടപടിയെ സൂചിപ്പിക്കുന്നു. ഉപദേശ വിശുദ്ധിക്കും ജീവിത വിശുദ്ധിക്കും സഭ ഒരു

08

## ലേഖനം

# ക്രിസ്തുവിന്റെ ആളത്വവും റെയ്സന്റെ ക്രിസ്റ്റോളജിയും



ജെയ്സ് പാണ്ടനാട്
9847340246

യേശുക്രിസ്തുവിന്റെ വ്യക്തിത്വനിരാകരണം കൾട്ടുകളുടെ അടിസ്ഥാനപരമായ സ്വഭാവവും ലക്ഷണവുമാണ്. സമീപകാലത്ത് ദൃശ്യമാധ്യമങ്ങളിലും സോഷ്യൽ മീഡിയായിലുമായി. വ്യാപകമായി പ്രചരിച്ചു കൊണ്ടിരിക്കുന്ന വിഷലിപ്തമായ ആശയങ്ങളും ദുർവ്യാഖ്യാനങ്ങളും സാധാരണ ജനത്തിന്റെ ഇടയിൽ ആശയകുഴപ്പം സൃഷ്ടിക്കുന്നതാണ്. ഞങ്ങൾക്ക് കിട്ടിയ 'പുതിയവെളിപ്പാട്' എന്ന നിലയിൽ വിളമ്പുന്ന ദുരുപദേശങ്ങൾ അണികൾ ആവേശത്തോടെ വിഴുങ്ങുകയാണ്. ഇപ്പോൾ വിവാദമായിരിക്കുന്ന റെയ്സൻ തോമസിന്റെ യേശുവും ക്രിസ്തുവും രണ്ടാണെന്ന പ്രസംഗം ഗുരുതരമായ ദുരുപദേശമാണ്.

ആദിമസഭയിൽ അപ്പോസ്തലിക കാലത്തിനു ശേഷം ദുരുപദേഷ്ടാക്കന്മാരുടെ ശക്തി വർദ്ധിച്ചു. രണ്ടും മൂന്നും നാലും നൂറ്റാണ്ടുകൾ ഇടത്തുടുകൾ സഭയിൽ തലപൊകി. യേശുക്രിസ്തുവിന്റെ 'ആളത്വം' സംബന്ധിച്ച് ശക്തമായ വാദപ്രതിവാദങ്ങൾ നടന്നു. തീവ്രമായ ദൈവശാസ്ത്ര ചർച്ചകളിൽ 'യേശുക്രിസ്തു ആര്'? എന്ന ചോദ്യം ഗൗരവമായി ഉന്നയിക്കപ്പെട്ടു. ഇവിടുത്തെ മുഖ്യ വിഷയം 'യേശുവിന്റെ ആളത്വം' എങ്ങനെ വ്യാഖ്യാനിയ്ക്കാം എന്നതായിരുന്നു. യേശുവും പിതാവും തമ്മിലുള്ള ബന്ധം, ത്രിത്വത്തിലെ യേശുവിന്റെ സ്ഥാനം, യേശുവിന്റെ ദൈവത്വം, മനുഷ്യത്വം, നിത്യത്വം ഇവ വിവിധ രീതിയിൽ ചർച്ച ചെയ്യപ്പെട്ടു. തൽഫലമായി വിവിധ ക്രിസ്തുവിജ്ഞാനിയങ്ങൾ തന്നെ രൂപപ്പെട്ടു. ഔദ്യോഗിക സഭ ഉപദേശവിഷയങ്ങളിൽ കർക്കശ നിലപാടെടുത്തു. വിപരീത ഉപദേശം സ്വീകരിച്ചവരെ (Heretics) സഭയിൽ നിന്ന് പുറത്താക്കി.

ആദിമസഭ തള്ളികളഞ്ഞ ദുരുപദേശങ്ങളിൽ പ്രഥമവും പ്രധാനവും ജ്ഞാനവാദം ആണ് (Gnosticism). ഈ സിദ്ധാന്തം ഗ്രീക്ക് തത്വചിന്തയുടെ സ്വാധീനത്താൽ ഉളവായതാണ്. ഇതിൽ ഭൗതീക ലോകവും വസ്തുക്കളും മനുഷ്യ ശരീരവും അടിസ്ഥാനപരമായ തിന്മയാണ്. ആയതിനാൽ ദൈവപുത്രന്റെ ശരീരധാരണം സാധ്യമല്ല എന്ന് പഠിപ്പിച്ചു. അതിനാൽ ശരീരമാകുന്ന തടവറയിൽ നിന്ന് ആത്മാവിനെ മോചിപ്പിക്കണം. ജ്ഞാനമതത്തിലെ ക്രിസ്തു ദൈവമല്ല; ക്രൂശിൽ മരിച്ചില്ല. രക്ഷയ്ക്ക് ജ്ഞാനമാണ് ആവശ്യം. അവന്റെ യഥാർത്ഥ സ്വഭാവത്തെയും ലോകത്തെയും പറ്റിയുള്ള ശരിയായ അറിവാണ് പ്രധാനം. ഈ ദുരുപദേശം ആദിമസഭ തള്ളിക്കളഞ്ഞു.

യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തെ വെറും തോന്നൽ മാത്രമായി ചിത്രീകരിച്ച 'ഡോസറ്റിസം' പിന്നീട് പ്രചരിച്ചു. ഇവരുടെ തത്വജ്ഞാനപ്രകാരം ആത്മാവും ജഡവും തമ്മിൽ തീരാത്ത വൈരുദ്ധ്യമുണ്ട്. ക്രിസ്തുവിന് ശരീരമില്ലായിരുന്നു, കർത്താവ് ജഡത്തിൽ വന്നുവെന്നത് വെറും തോന്നൽ മാത്രമായിരുന്നു. യോഹന്നാന്റെ ഒന്നും രണ്ടും ലേഖനങ്ങളിൽ ഈ ദുരുപദേശത്തിനെതിരെയുള്ള സൂചനകൾ കാണാം. "യേശുക്രിസ്തു ജഡത്തിൽ വന്നവനെന്ന് സ്വീകരിക്കാത്ത വഞ്ചകന്മാർ ലോകത്തിലേക്ക് പുറപ്പെട്ടിരിക്കുന്നുവല്ലോ". "യേശുവിന്റെ ക്രിസ്തുവല്ല എന്നു നിഷേധിക്കുന്നവൻ അല്ലാതെ കള്ളൻ ആർ ആകുന്നു" (1 യോഹ:2:22, 2യോഹ:1:7).

കന്യകയിൽ നിന്നുള്ള കർത്താവിന്റെ ജനനത്തെ അവിശ്വസിക്കുകയും താൻ ഒരു മനുഷ്യൻ മാത്രമായിരുന്നുവെന്ന് വാദിക്കുന്ന "ഈബിയനിസം" സഭയിൽ പ്രചരിച്ചിരുന്നു. യെരുശലേമിലെ യഹൂദ ക്രിസ്ത്യാനികളാണ് ഈ വാദത്തിൽ പ്രധാനമായും കുടുങ്ങിയത്. അവർ കർത്താവിന്റെ മശിഹാത്വത്തിലും പുനരാഗമനത്തിലും മാത്രം വിശ്വസിച്ചു. ചുരുക്കത്തിൽ ദൈവപുത്രന്റെ മനുഷ്യാവതാരത്തെ ഇവർ നിഷേധിച്ചു. 'പരിശുദ്ധറൂഹയാൽ കന്യക മറിയാമിൽ നിന്ന് ശരിയായിത്തീർന്നു' എന്ന നിഖ്യാ വിശ്വാസപ്രമാണത്തിലെ വാചകം ഇവരോടുള്ള മറുപടിയാണ്.

ജ്ഞാനവാദികളെ പോലെ ചിന്തിക്കുന്ന 'മാർസിയോൻ' ചിന്ത ഒരു കാലത്ത് പ്രബലപ്പെട്ടു. ശരീരത്തിന്റെ പുനരുത്ഥാനം അവിശ്വസിക്കുകയും വിവാഹം വിലക്കുകളും ചെയ്തു. തന്റെ ഉപദേശങ്ങളുമായി പൊരുത്തപ്പെടാത്ത ഭാഗങ്ങൾ പുതിയനിയമ കാനോനിൽ നിന്ന് ഇദ്ദേഹം നീക്കികളഞ്ഞു. മാർസിയോന്റെ വിശ്വാസ വൈകല്യത്തെ സഭ തള്ളികളഞ്ഞു.

മൂന്നും നാലും നൂറ്റാണ്ടുകളിൽ പ്രചരിച്ച മറ്റൊരു വിപരീത ഉപദേശമാണ് ദത്തെടുക്കൽ വാദം. ഇതിന്റെ ഉപജ്ഞാതാവായ തിയോഡോട്ടസ് ക്രിസ്തുവിന്റെ നിത്യദൈവത്വത്തെ ചോദ്യം ചെയ്തു. കർത്താവിന്റെ സ്നാന സമയത്ത് പരിശുദ്ധാത്മാവ് പ്രാവ് രൂപേണ കർത്താവിൽ ആവസിച്ചപ്പോൾ പിതാവായ ദൈവം യേശുവിനെ സ്വപുത്രനായി ദത്തെടുത്തുവെന്ന് തിയോഡോട്ടസ് പഠിപ്പിച്ചു. അപ്പോൾ മുതൽ യേശു കർത്താവായി തീരുകയും അതിശയങ്ങൾ പ്രവർത്തിക്കുകയും ചെയ്തു. ദത്തെടുക്കൽ വാദക്കാരിൽ തന്നെ രണ്ട് അഭിപ്രായക്കാരുണ്ട്. കർത്താവിന്റെ പരസ്യശുശ്രൂഷകാലത്തു മാത്രമേ പരിശുദ്ധാത്മാവ് പ്രവർത്തിച്ചിരുന്നുവെന്നു ഒരു കൂട്ടർ ഉപദേശിച്ചു. മറ്റൊരു കൂട്ടർ കർത്താവിന് ഉയർപ്പിനു ശേഷം ദൈവത്വം ലഭിച്ചുവെന്ന് പഠിപ്പിച്ചു. 'ഡൈനാമിക്ക് മൊണാർക്കിയർ' എന്നും ഇക്കൂട്ടരെ വിളിച്ചിരുന്നു. സഭയിൽ പലപ്പോഴും തലയുയർത്തിയിട്ടുള്ള ഒരു വിശ്വാസ വികല്പമാണ് ദത്തെടുക്കൽ വാദം.

വിശുദ്ധ ത്രിത്വമെന്നു പറയുന്നത് ദൈവത്തിന്റെ ത്രികാല പ്രവർത്തനം മാത്രമാണ് എന്ന് പഠിപ്പിക്കുന്ന സബല്യനിസം അഥവാ മോഡലിസ്റ്റിക് മൊണാർക്കിയനിസം സഭയിൽ പ്രചരിച്ച വിശ്വാസ വൈപരീത്യം ആണ്. ദൈവം ഏകൻ തന്നെയാകുന്നു. പഴയനിയമത്തിൽ സ്രഷ്ടാവായ പിതാവും പുതിയ നിയമത്തിൽ വീണ്ടെടുപ്പുകാരനായ പുത്രനായും സഭയിൽ കൃപാദാതാവായ പരിശുദ്ധാത്മാവും പ്രവർത്തിച്ചത്. ദൈവത്തിൽ തന്നെ നിത്യമായ, ത്രിയേക ആളത്വമുണ്ടെന്നുള്ളതിനും പകരം ത്രിത്വം ഒരേ ദൈവത്തിന്റെ ഒന്നിനു പുറകെയുള്ള മൂന്നു പ്രവർത്തനങ്ങൾ അഥവാ മൂന്നുമുഖംമൂടികൾ മാത്രമാണെന്ന മോഡലിസ്റ്റിക് മൊണാർക്കിയൻസ് പഠിപ്പിച്ചു.

മേൽപ്പറഞ്ഞ എല്ലാ വിശ്വാസ വൈപരീത്യങ്ങളെക്കാളും സത്യവിശ്വാസത്തെ തകിടം മറിക്കുന്നതായിരുന്നു അറിയൂസിന്റെ വിരുദ്ധോപദേശം. ക്രിസ്തു ദൈവത്തിന്റെ ആദ്യസൃഷ്ടിയാണ്. പുത്രൻ ഇല്ലാതിരുന്ന കാലമുണ്ടായിരുന്നു. ('യേൻ പോട്ടെ ഔക്ക് യേൻ') പിതാവിന്റെ അതേ സാരാംശം പുത്രനില്ല; പുത്രൻ സർവ്വജ്ഞൻ അല്ലായ്കയാൽ പിതാവിനെ പൂർണ്ണമായി അറിയാവുന്നവനല്ല. എന്നീ പഠിപ്പിക്കലുകൾ അറിയൂസ് പ്രചരിപ്പിച്ചു. നിഖ്യാ-കൂസ

08

## നോവൽ

# കാൽവറിയുടെ ഉയരങ്ങൾ

അദ്ധ്യായം 20



സുനിൽ വർഗീസ്,
ബാംഗ്ലൂർ

മേഘാവൃതമായ ആകാശത്തിന്റെ അറുതിയില്ലാത്ത ഏതോ കോണിലേക്കോ, മേഘങ്ങൾ താണുകിടക്കുന്ന പർവ്വതചരിവിലേക്കോ നോക്കി നിൽക്കുകയായിരുന്നു, കാതറിൻ. കലുഷമായ മനസ്സോടെ അവൾ എന്താണ് ഇങ്ങനെ ആലോചിക്കുന്നതെന്ന് ആൽബർട്ട് അത്ഭുതം കൂറി. വീശിപ്പോയ കാറ്റ് അവളുടെ മുടിയിഴകളെ തഴുകുന്നു. കുറേ നേരം അങ്ങനെ നോക്കി ഇരുന്നപ്പോൾ, അവൾ ഒന്നും ചിന്തിക്കുന്നതേയില്ല എന്ന് ആൽബർട്ടിന് തോന്നി. സ്വയം നഷ്ടപ്പെട്ട് താനും അങ്ങനെ പർവ്വതച്ചരിവിലെ മേഘക്കൂട്ടങ്ങളെ നോക്കി എത്രയോ പ്രാവശ്യം നിന്നിട്ടുണ്ട്. തങ്ങൾക്കിടയിൽ സമയമെന്ന തലം ഇപ്പോൾ നിലകൊള്ളുന്നില്ലന്ന് ആൽബർട്ട് വിസ്മയിച്ച് തുടങ്ങിയപ്പോഴേക്കും അവൾ ആരോ പ്രേരിപ്പിക്കുന്നതു പോലെ അകത്തേക്ക് നടന്നു.

കോളജ് കാലത്ത് പലതവണ, നാം ഒരുമിച്ച് ജീവിക്കേണ്ടവരല്ലേ എന്ന് അവളോടു ചോദിക്കുവാൻ മനസ്സു വെമ്പിയിരുന്നു. എന്നാൽ അത് അപ്പോഴുള്ള സൗഹൃദം കൂടി നഷ്ടമായേക്കും എന്ന ചിന്തയാൽ ആൽബർട്ട് അത് ഒഴിവാക്കുകയായിരുന്നുവല്ലോ. എന്നാൽ കാതറിൻ അന്ന് അങ്ങനെ ഒരു ചോദ്യം പ്രതീക്ഷിച്ചുവെന്ന അറിവ് അയാളെ ആകെ ഉലച്ചു കളഞ്ഞിരുന്നു. മാത്രമല്ല, അന്ന് വിനോദിന്റെ കൂടെയാണ് വന്നതെങ്കിലും ആ വരവ് തനിക്കു വേണ്ടിയായിരുന്നുവെന്ന് കാതറിൻ ഇപ്പോൾ വെളിപ്പെടുത്തിയിരിക്കുന്നു. അന്ന് എത്രയോ രാത്രികളിൽ വിനോദിനെക്കുറിച്ച് താൻ തെറ്റായി ചിന്തിച്ചു ഉറക്കം വരാതെ കിടന്നിട്ടുണ്ട്. അവർ ഒരുമിച്ച് സ്കൂളിലേക്ക് പോകുമ്പോഴും പരസ്പരം എന്തൊക്കെയോ പറഞ്ഞ് ആഹ്ളാദിക്കുമ്പോഴും അയാൾ വ്യഥി തനായത്, മനോദുഃഖത്തിലേക്ക് ആഴ്ന്ന് പോയതിന് ഇപ്പോൾ അർത്ഥമില്ലാതെയായിരിക്കുന്നു. അന്നു പറയാതെ പോയ സ്നേഹവും പേറി ഒരിക്കൽ കൂടി കാതറിൻ നീലമുടി കയറി വന്നിരിക്കു ന്നു!

എന്റെ ദൈവമേ.. ഞാൻ എന്താണ് ചെയ്യേണ്ടത്..? ഇന്ന് കാതറിൻ, താൻ ഒരിക്കലും ഒന്നും പറയില്ലന്ന് കരുതിയാവണം, അവളുടെ സ്നേഹം വെളിപ്പെടുത്തിയിരിക്കുന്നു. പേരറിയാത്ത മരങ്ങൾ ഇടതൂർന്നു നിൽക്കുന്ന ചരിവിലേക്ക് നോക്കി കൊണ്ട് ആൽബർട്ട് എഴുന്നേറ്റു. ഒരോ പ്രാവശ്യവും നാട്ടിലേക്ക് ചെല്ലുമ്പോൾ, വിവാഹത്തെക്കുറിച്ച് മുടങ്ങതെ ഓർമ്മിപ്പിക്കാറുണ്ടായിരുന്ന മമ്മയ്ക്ക് ഒരു കത്ത് എഴുതണം. മമ്മേടെ ശീമോൻ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നുവെന്ന്. എന്ത് പ്രശ്നങ്ങളിലും കൂടെ നിൽക്കാൻ മനക്കരുത്തുള്ള ഒരു പെൺകുട്ടി കടന്നു വന്നിരിക്കുന്നുവെന്ന് എഴുതണം. ആൽബർട്ടിൽ ഒരു ചിരി പൊടിഞ്ഞു. അല്ലെങ്കിൽ കാതറിനെ കൂട്ടിക്കൊണ്ട് വീട്ടിലേക്ക് പോയാലോ...? അതാണ് ഉചിതമെന്ന് തോന്നിയപ്പോൾ ആയാൾ വാച്ചിലേക്ക് നോക്കി. ഇപ്പോൾ തന്നെ ഇറങ്ങിയാൽ രാത്രി വൈകുന്നതിനു മുൻപ് നഗരത്തിലെ ബസ്സ്റ്റാൻഡിൽ നിന്ന് വീട്ടിലേക്കുള്ള ബസ് പിടിക്കാം. വർദ്ധിച്ച സന്തോഷത്തോടെ ഈ കാര്യങ്ങൾ പറയുവാനായിട്ടാണ് അയാൾ കുടിലിന്റെ വാതിൽക്കലേക്ക് തിരിഞ്ഞത്. അയാളെ തന്നെ നോക്കി കൊണ്ട് കാതറിൻ വാതിൽപ്പടിയിൽ നിൽക്കുന്നുണ്ടായിരുന്നു. വേഷം മാറിയിരിക്കുന്നു. മുടി ചീകി ഒതുക്കിയിരിക്കുന്നു. അവളുടെ അരികിലായി ഒരു ബാഗു കൂടി കണ്ടതോടെ ഏതോ ഇരുട്ടിലേക്ക് പതിച്ചതു പോലെയുള്ള ഒരു ഞട്ടൽ ആയാളിൽ ഉണ്ടായി.

ആൽബീ, ഇപ്പോൾ പോയാൽ സന്ധ്യക്കു മുൻപ് വീട്ടിലേക്കുള്ള ബസ് കിട്ടില്ലേ...?

പെട്ടന്നു തന്നെ വിഷാദത്തിന്റെ മേഘങ്ങൾ അയാളിൽ എല്ലാ ദിക്കിൽ നിന്നും പാഞ്ഞെത്തി. കാത്തീ..നീ..? എന്തു പറയണമെന്നു മറന്നവനെ പോലെ ആൽബർട്ട് കണ്ണുകൾ ഇറുകെ പൂട്ടി.

ഞാൻ ഇനി നിൽക്കുന്നില്ല ടാ...നീ കൂടെ മുണ്ടോട്ടിത്തറ വരെ വരാമോ..? പിന്നെ..ഞാനിപ്പോൾ പറഞ്ഞതെല്ലാം നീ അങ്ങ് മറന്നേക്കണം കേട്ടോ...എന്റെ പൊട്ടബുദ്ധിക്ക് ഞാനെന്തോ..? കണ്ണീർക്കണങ്ങൾ ആ കണ്ണുകളിൽ നിന്ന് ഉരുണ്ടിറങ്ങുന്നത് ആൽബർട്ട് കണ്ടു.

ഞാൻ വരാം കാത്തീ....അങ്ങനെ പറഞ്ഞു കൊണ്ട് , ഒരു ദീർഘനിശ്വാസത്തോടെ അയാൾ മുറിക്കുള്ളിലേക്ക് കയറി. വേഷം മാറി കൊണ്ടിരുന്നപ്പോൾ പലതവണ പല രീതിയിൽ അയാൾ ചിന്തിച്ചു നോക്കി. താനിപ്പോൾ ആലോചിച്ച കാര്യങ്ങൾ അവളോടു പറഞ്ഞാലോ..? അങ്ങനെ അവളെ കൂടെ ചേർത്താൽ എവിടെ താമസിപ്പിക്കും...എങ്ങനെ പോറ്റും... നീലമുടിയെക്കുറിച്ചുള്ള തന്റെ സ്വപ്നം അവളെ സ്വീകരിക്കുന്നതോടെ നഷ്ടപ്പെട്ടാലോ? പക്ഷേ... നീലമുടിയിൽ കൂടുതൽ കരുത്തോടെ നിൽക്കുവാനും പ്രവൃത്തിക്കുവാനും കാതറിൻ കൂടെയുണ്ടെങ്കിൽ കൂടുതൽ എളുപ്പം കഴിയുമെന്ന് മനസിൽ ആരോ നിർത്താതെ പറഞ്ഞു കൊണ്ടിരിക്കുന്നതായി അയാൾക്ക് തോന്നി.

ആൽബർട്ട്..നീ..ഒരുങ്ങിയോ..? നമ്മുക്ക് വേഗം പോകേണം...കാതറിൻ വിളിച്ചു ചോദിക്കുന്നു.

വാതിൽ ചാരി, കാതറിനൊപ്പം ചരിവിറങ്ങുമ്പോൾ പ്രക്ഷുബ്ദമായ മനസ്സിനെ ശാന്തമാക്കുവാൻ പാടുപെടുകയായിരുന്നു, ആൽബർട്ട്. ഇപ്പോൾ ഡേവിഡ് കൂടെയുണ്ടായിരുന്നുവെങ്കിലെന്ന് അയാൾ അതിയായി ആശിച്ചു പോയി. പോകുന്ന വഴിയിൽ ഡേവിഡിനെ കാണണമെന്നും തന്റെ മനസ്സിലൂടെ കടന്നു പോയ കാര്യങ്ങൾ അവനോടു പറയണമെന്നും അയാൾ ഉറപ്പിച്ചു. ഡേവിഡ് ഒരു തീരുമാനം പറയട്ടെ. അവൻ പറയുന്നതു പോലെ ചെയ്യാം.

മുൻപിൽ നടന്നു കൊണ്ടിരുന്ന കാതറിൻ ചിരിയോടെ തിരിഞ്ഞു നോക്കുന്നു. പിന്നെ... പോയാലും ചിലപ്പോഴെക്കെ ഞാനിവിടെ വരും കേട്ടോ..നിന്റെ സ്കൂളും ഈ നീലമുടിയും എന്നെ ആകർഷിച്ചു കൊണ്ടിരിക്കുന്ന കാലത്തോളം....

ആൽബർട്ട് ഒരു വിളറിയ ചിരി മുഖത്തു വരുത്തി. ഞാനില്ലെങ്കിലും കാതറിൻ ഇവിടെ വരുമോ....?

ആ ചോദ്യം കാതറിനെ മുറിപ്പെടുത്തിയിരിക്കണം. ആലോചനയിലാണ്ടതു പോലെ കുറേ നേരം ഒന്നും പറയാതെ അവൾ നടന്നു.

ആൽബീ..കഴിഞ്ഞ തവണ ഞാൻ പോയപ്പോൾ പറയാൻ ബാക്കി വെച്ചതെല്ലാം ഇപ്പോൾ, ഇന്ന് നിന്നോടു പറഞ്ഞു കഴിഞ്ഞു. എന്തെങ്കിലും തെറ്റായി പറഞ്ഞുവെങ്കിൽ നീ അങ്ങു ക്ഷമിച്ചേക്കണം കേട്ടോ...നമ്മുടെ സൗഹൃദത്തെ ഒരിക്കലും ഇതു ബാധിക്കരുത്. അങ്ങനെ എന്തൊക്കെയോ തുടർന്നവൾ പറയുന്നുണ്ടായിരുന്നു.

സൗഹൃദം....സ്നേഹം പറഞ്ഞവർക്ക് സൗഹൃദത്തിൽ തുടരാനാവില്ലെന്ന്, മഴത്തുള്ളികൾ മേഘങ്ങളിൽ നിലകൊള്ളാത്തതുപോലെ, എന്നൊ മറ്റോ പണ്ടൊരു കവിത എഴുതിയിരുന്നത് അയാൾ ഓർത്തെടുത്തു.

പെട്ടന്നാണ് കറമ്പൻ താഴെ നിന്ന് ഓടി വന്നതും, കാതറിനെ സ്വയമറിയാതെ ഇടിച്ചു വീഴ്ത്തിയതും. രണ്ടു പേരും നിലതെറ്റി താഴേക്ക് വീണു. ആന്തലോടെ ആൽബർട്ട് കാതറിനെ പിടിച്ചെഴുന്നേൽപ്പിച്ചു.

എന്താ..എന്താ..കറമ്പാ...? വീഴ്ച്ചയിൽ നിന്ന് തട്ടിക്കുടഞ്ഞ് എഴുന്നേറ്റ കറമ്പന്റെ നെഞ്ചിലും മുഖത്തും ചോര കട്ടപിടിച്ചിരിക്കുന്നത് കണ്ട് ആൽബർട്ട് വീണ്ടും ഞെട്ടി. നായെപ്പോലെ കറമ്പൻ അപ്പോൾ കിതച്ചു കൊണ്ടിരുന്നു.

ദൈവമേ...! കാതറിൻ നിന്ന് സീൽക്കാരമുയരുന്നു.

കറമ്പാ...എന്തു പറ്റീ..എന്താ ഒണ്ടായേ..?

ദൈവം കുട്ട്യേ....ഞാ...ദൈവം കുട്ട്യേ...നമ്മ്ടെ ഡേവിഡ് യജ്മാ പോയീ....അവ്ടെ....കറമ്പൻ താഴേക്ക് വിരൽ ചൂണ്ടി.

ഡേവിഡോ....നീ എന്താ കറമ്പാ പറയുന്നേ....വല്ലാത്ത ആവേശത്തോടെ അയാൾ കറമ്പനെ പിടിച്ചു കുലുക്കി. അപ്പോഴേക്കും കുറേ താഴയായി ആളുകൾ ഓടിക്കൂടുന്നതിന്റെ ബഹളം കേട്ട് അങ്ങോട്ട്, ചരിവാണന്നോ...കല്ലുകളുണ്ടെന്നോ ചിന്തിക്കാതെ ഓടുകയായിരുന്നു, കാതറിൻ.

(തുടരും....)

ചോദ്യോത്തര വേദി

# യെഹൂദന്മാരുടെ സമ്പൂർണ്ണനാശം മുസ്ലീങ്ങൾ ആഗ്രഹിക്കുന്നതെന്തുകൊണ്ട്?



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

**ചോദ്യം:** കുരിശുയുദ്ധകാലത്ത് (Crusades) മാർപാപ്പമാരുടെ നേതൃത്വത്തിൽ ധാരാളം യെഹൂദന്മാരെ കൊന്നൊടുക്കിയതായി ചരിത്രം പറയുന്നു. നവീകരണ നേതാവായിരുന്ന മാർട്ടിൻ ലൂഥർ, തന്റെ അവസാനകാലത്ത്, 'Jews and their lies' എന്ന ലഘുലേഖ പ്രസിദ്ധീകരിച്ച്, യെഹൂദന്മാരോട് വെറുപ്പ് പ്രകടിപ്പിച്ചിരുന്നു. ജർമ്മനിയുടെ ഭരണാധികാരിയായിരുന്ന **ഹിറ്റ്ലർ** യൂറോപ്പിലുള്ള 60ലക്ഷം യഹൂദന്മാരെ കഴിഞ്ഞ നൂറ്റാണ്ടിൽ കൊന്നൊടുക്കി. ഇന്ന് ലോകത്തുള്ള 48 ഇസ്ലാമിക രാഷ്ട്രങ്ങളിലെ സകല ഇസ്ലാമിക വിഭാഗങ്ങളും, കേരളത്തിലെ ജനസംഖ്യയുടെ മൂന്നിലൊന്നുപോലുമില്ലാത്ത ആധുനിക യിസ്രായേലിന്റെ സമ്പൂർണ്ണനാശം ആഗ്രഹിക്കുന്നു. അതിനുവേണ്ടി പ്രവർത്തിക്കുന്നു. അതിനുള്ള മതപരമായ കാരണമെന്ത്?

- ലെവി ഫിലിപ്പ്, പനയമ്പാല

**ഉത്തരം:** രാഷ്ട്രീയ കാരണങ്ങൾ പരാമർശിക്കപ്പെടാതെ മതപരമായ കാരണങ്ങൾ മാത്രമാണ് ഈ വേദിയിൽ പരാമർശിക്കപ്പെടുന്നത്. മതപരമായ ചിന്തകൾ രാഷ്ട്രീയ കാരണങ്ങളെ ഉത്തേജിപ്പിക്കുന്നുണ്ട്. ഇസ്ലാമിക മതഗ്രന്ഥമായ ഖുറാനിൽ **ജൂതസമൂഹത്തെപ്പറ്റി ധാരാളം കുറ്റാരോപണങ്ങൾ** നടത്തിയിരിക്കുന്നു. ഖുറാൻ വായിച്ച് താഴെപ്പറയുന്ന വചനങ്ങൾ പരിശോധിച്ച് നോക്കാവുന്നതാണ്. സുറാ 4:144 എന്നു പറഞ്ഞാൽ അദ്ധ്യായം 4; വചനം 144

1) സുറാ 4:144 അനുസരിച്ച് ഒരു യെഹൂദ്ധനെയോ മറ്റു മതക്കാരെയോ സുഹൃത്താക്കുവാൻ ഖുറാൻ പഠിച്ച മുസ്ലിമിന് സാധിക്കയില്ല.

2) അള്ളായുടെ മതം മാത്രം പരമാധികാരത്തിലാകുന്നതുവരെ യെഹൂദന്മാരോടും മറ്റു മതക്കാരോടും യുദ്ധം ചെയ്യുവാൻ ഖുറാൻ ആഹ്വാനം ചെയ്യുന്നു (സുറാ 8:39).

3) "ദൈവവചനത്തെ അറിഞ്ഞുകൊണ്ട് വഴി തെറ്റിച്ച ഈ വർഗത്തെ ദൈവം ശിക്ഷിച്ചതാണ്. അതുകൊണ്ട് അവർ നശിപ്പിക്കപ്പെടേണ്ടവരാണ് (സുറാ. 4:144).

4) അവിശ്വാസമൂലം ദൈവത്താൽ ശപിക്കപ്പെട്ടവർ (സുറ 2:88 -90)

5) സുറാ 2:75

6) സുറാ 2:95 - 99

മതപരമായ ഈ ഉപദേശങ്ങൾ കൂടാതെ രാഷ്ട്രീയ കാരണങ്ങൾകൂടി ചേർക്കുമ്പോൾ ലോകത്തെവിടെയും ഉള്ള മുസ്ലീം ജനത ജൂതന്മാരെ പൊതുശത്രുവായി കാണുന്നു. ജൂതസമൂഹത്തിന്റെ സമ്പൂർണ്ണ നാശത്തിനുള്ള ഏതു സംരംഭത്തിനും അനുകൂല സാഹചര്യം ഉണ്ടായാൽ അവർ യോജിക്കും.

ഇസ്ലാമിക ലോകം പുതിയൊരു തലത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്നതാണ് നാം കാണുന്നത്. ഇറാക്കിലും സിറിയയിലും ഏറെ പ്രദേശങ്ങൾ ഇസ്ലാമിക കാലിഫേറ്റുകളായി ഇസ്ലാമിക സ്റ്റേറ്റ് (ഐ. എസ്സ്) പ്രഖ്യാപിച്ച് കഴിഞ്ഞു. അവിടെ ജീവിക്കുന്ന മറ്റു മതക്കാർ കൊടിയപീഡനങ്ങളെ നേരിടുന്നു. ക്രൂശീകരണം, ശിരച്ഛേദം രീതിയിലാണ് കൊലപാതകങ്ങൾ നടപ്പാക്കുന്നത്. ക്രിസ്ത്യാനിയ്ക്കും, മുസ്ലീങ്ങളല്ലാത്ത മറ്റു വിഭാഗങ്ങൾക്കും ഒന്നുകിൽ ഇസ്ലാമിലേക്ക് മതം മാറുകയോ അല്ലാത്തപക്ഷം മരണത്തെ നേരിടുകയോ ചെയ്യുവാൻ അവസരം കൊടുത്തിട്ടുണ്ട്. യൂറോപ്പിൽ നിന്നും മറ്റു രാജ്യങ്ങളിൽ നിന്നും ജിഹാദികളെ ഐ. എസ്. തങ്ങളുടെ സൈന്യത്തിൽ ചേർത്തുകൊണ്ടിരിക്കുന്നു. അവരുടെ അന്തിമലക്ഷ്യം വെളിപ്പെടുത്തുന്നത് സിറിയയുടെ ബാക്കിഭാഗവും, ലബനോനും, ജോർദ്ദാനും പിടിച്ചെടുത്തശേഷം **യിസ്രായേലിലേക്ക് കടന്ന് ജൂതരാഷ്ട്രത്തെ ഒഴിവാക്കി ആ പ്രദേശത്ത് ഇസ്ലാമിക കലിഫേറ്റ് സ്ഥാപിക്കുമെന്നാണ്.**

യാസ്സർ അരാഫാത്തിന്റെ പത്രമായ All-Hayat Al-Jadeeda 2001 മെയ് 18-ാം തീയതി മുസ്ലീംങ്ങളുടെ വിശുദ്ധഗ്രന്ഥമായ ഹാഡിത് (Hadith) ഉദ്ധരിച്ചുകൊണ്ട് എഴുതി: 'സകല യഹൂദന്മാരെയും മുസ്ലിംങ്ങൾ കൊന്നൊടുക്കുന്നതുവരെ പുനരുത്ഥാന നാൾ വരികയില്ല. ആ കാലത്ത് ഏതെങ്കിലും ഒരു യെഹൂദൻ ഭയന്ന് ഓടി ഒരു മരത്തിന്റെയോ പാറയുടെയോ പിന്നിൽ ഒളിച്ചിരുന്നാൽ ആ പാറ അഥവാ മരം വിളിച്ചു പറയും. 'അള്ളായുടെ വിശ്വസ്ത ദാസന്മാരായ മുസ്ലിംങ്ങളെ ഇതാ എന്റെ പുറകിൽ ഒരു യഹൂദൻ ഒളിച്ചിരിക്കുന്നു. നിങ്ങൾ വന്ന് അവനെ കൊല്ലുവിൻ" (Page 80 war on terror by Grand R. Jeffry). യേശുക്രിസ്തു തന്റെ ശുശ്രൂഷകാലത്ത് ഇപ്രകാരം അരുളിച്ചെയ്തു: "..നിങ്ങളെ കൊല്ലുന്നവനെല്ലാം ദൈവത്തിന് വഴിപാട് അർപ്പിക്കുന്നുവെന്നു വിചാരിക്കുന്ന സമയം വരുന്നു" (യോഹ.16:2). ഇന്നു നടക്കുന്ന ചാവേർ ആക്രമണങ്ങളുടെ പിന്നിലെ ചേതോവികാരം അതു തന്നെയാണ്.

യെരുശലേം ഉൾപ്പെട്ട പാലസ്തീൻ നാട് (പണ്ട് കനാൻദേശം എന്നറിയപ്പെട്ടിരുന്നു) മുസ്ലീങ്ങൾക്ക് അവകാശപ്പെട്ടതാണെന്ന് ഖുറാൻ ഉദ്ധരിച്ചുകൊണ്ട് അവർ അവകാശപ്പെടുന്നു. സുറ 17: വചനം 104 'ഫിർദൗനെ നശിപ്പിച്ചതിനുശേഷം ബനു ഇസ്രാ ഈലിനോട് നാം പറഞ്ഞു: 'നിങ്ങൾ ഈ ഭൂമിയിൽ താമസിച്ചുകൊള്ളുക'.

സുറ 5:വചനം 20,21: '..എന്റെ ജനങ്ങളെ, അള്ളാഹു നിങ്ങൾക്കു വിധിച്ചിട്ടുള്ള പരിശുദ്ധഭൂമിയിൽ നിങ്ങൾ കടക്കുവീൻ. നിങ്ങൾ പുറകോട്ടു മടങ്ങരുതു. അപ്പോൾ നിങ്ങൾ നഷ്ടക്കാരായി മാറും'.

'യെരുശലേം അറബികളുടെ നാടാണ്. അവിടെ മറ്റാരുടെയും താല്പര്യങ്ങൾ ഞങ്ങൾ അംഗീകരിക്കില്ല. അവിടെ ഭരിക്കേണ്ടത് ഇസ്ലാം മതരാഷ്ട്രമാണ്. പന്നികളുടെയും കുരങ്ങന്മാരുടെയും സന്താനങ്ങളോട് ഞങ്ങൾ പകരം ചെയ്യും'. Voice of Palestine radioയിലൂടെ പലസ്തീൻകാരുടെ ആത്മീയ നേതാവ് Sheik Ekrima Sabir പ്രഖ്യാപിച്ച വാർത്തയാണിത് (July 11, 1997).

ജറുസലേമിനെയും യിസ്രായേലിനെയും യഹൂദന്മാർ വളരെ വിലയേറിയതായി കാണുന്നു. അവരുടെ ആരാധനകളിൽ അവർ അത് ഉറക്കെ പ്രഖ്യാപിക്കാറുണ്ട്. ഉദാഹരണത്തിന് സങ്കീർത്തനം 128 അവരുടെ പ്രാർത്ഥനകളിൽ ചൊല്ലാറുണ്ട്. "യഹോവ **സീയോനിൽ നിന്ന്** നിന്നെ അനുഗ്രഹിക്കും; നിന്റെ ആയുഷ്ക്കാലമൊക്കെയും നീ **യെരുശലേമിന്റെ** നന്മ കാണും...**യിസ്രായേലിന്മേൽ** സമാധാനം ഉണ്ടാകട്ടെ" (സങ്കീ: 128:5,6). ക്രിസ്ത്യാനികളുടെ സഭായോഗങ്ങളിലും ചിലപ്പോഴൊക്കെ ഈ സങ്കീർത്തനം ചൊല്ലാറുണ്ട്.

യാത്രാവിവരണം

# ഒബാമയുടെ നാട്ടിലൂടെ...

**പാസ്റ്റർ സാംകുട്ടി മാത്യു**

ഡാളസിലെ താമസകാലം എനിക്കു വളരെ സന്തോഷകരമായിരുന്നു. ധാരാളം സുഹൃത്തുക്കളെ ഈ കാലത്ത് ലഭിച്ചു എന്നതാണ് എനിക്ക് സന്തോഷകരമായി തോന്നിയത്. ആത്മീയ കാര്യങ്ങളിൽ ഉത്സുകരായ ധാരാളം ചെറുപ്പക്കാർ ഇവിടെയുണ്ട്. ജോലിയും പഠനവും ഒപ്പം ആത്മീയകാര്യങ്ങളും നന്നായി ചെയ്യുന്ന ചെറുപ്പക്കാർ. ഹെബ്രോൻ സഭാംഗമായ സാം മാത്യു നല്ലൊരു എഴുത്തുകാരൻ കൂടിയാണ്. തിരക്കുകളുടെ നടുവിലും തനിക്കുള്ള താലന്തുകൾ നന്നായി വിനിയോഗിക്കുന്ന ചെറുപ്പക്കാരൻ.

ഹെബ്രോൻ ഐ.പി.സിയിലെ സജീവാംഗമായ ജോൺസൻ പുതുവേലി എന്റെ അടുത്ത ബന്ധുവാണ്. എന്റെ വല്ല്യമ്മച്ചിയുടെ അനിയത്തിയുടെ മകനാണ് ജോൺസച്ചായൻ. ജോൺസനച്ചായൻ, ഹാപ്പി അമ്മാമ്മ, മക്കളായ നോയൽ, ജ്യൂവൽ എന്നിവരോപ്പം സമയം ചെലവഴിച്ചത് വളരെ സന്തോഷകരമായ അനുഭവമായിരുന്നു. ഞങ്ങളുടെ കുടുംബത്തിൽ ഞാൻ ആദ്യം കാണുന്ന പെന്തെക്കോസ്തു വിശ്വാസി ജോൺസച്ചായന്റെ മാതാവായിരുന്നു. പെന്തെക്കോസ്തു വിശ്വാസികൾ എന്ന നിലയിൽ ബന്ധുക്കളുടെ പരിഹാസം അമ്മച്ചി നേരിടേണ്ടിവന്നിട്ടുണ്ട്. എപ്പോഴും സൗമ്യമായി ഇടപ്പെടുന്ന, എപ്പോഴും ചിരിക്കുന്ന പ്രകൃതമായിരുന്നു അമ്മച്ചിയുടെത്. വാർദ്ധക്യത്തിലും ഇന്നും ആ പ്രകൃതിക്ക് മാറ്റം വന്നിട്ടുമില്ല. ഇന്ന് കുടുംബാംഗങ്ങളായ ധാരാളം പേർ പെന്തെക്കോസ്ത് വിശ്വാസികളായി മാറിയത് കാണുവാൻ ആ മാതാവിനു ഭാഗ്യം ലഭിച്ചു. അതുകൊണ്ടാണ് ജോൺസച്ചാനും കുടുംബത്തിനുമൊപ്പം ലഭിച്ച കൂട്ടായ്മ സന്തോഷകരമായി മാറിയത്.

ഡാളസിൽ ബിലീവേഴ്സ് ജേണലിനെ ശത്രുവായി കണ്ട് എതിർക്കുന്ന ചിലരുണ്ട്. മരണമടഞ്ഞ ഒരു പത്രപ്രവർത്തകനോട് ചേർന്ന് ജേണലിനെതിരെ പോരാടിയിരുന്ന ചിലർ ഇവിടുത്തുകാരാണ്. ചർച്ച് ഓഫ് ഗോഡുമായി ബന്ധപ്പെട്ടു വന്ന ചില വാർത്തകൾ മൂലം ശത്രുപക്ഷത്തായവരും ഉണ്ട്. ഊമക്കത്തുകൾ പ്രചരിപ്പിച്ചവരിൽ ചിലർ ഈ ഗ്യാങ്ങിലുള്ളനരാണ്. ഊമക്കത്തിനെക്കുറിച്ച് പന്നാലെ എഴുതുന്നതുകൊണ്ട് കൂടുതൽ വിവരിക്കുന്നില്ല.

പത്രപ്രവർത്തനം സമ്മാനങ്ങൾ മേടിച്ചോ ഭീഷണിപ്പെടുത്തിയോ പക്ഷം പിടിച്ചോ നടത്തേണ്ടതല്ല എന്ന വിശ്വാസം ആരംഭം മുതൽ നിലനിർത്തുന്ന പത്രമാണ് ജേണൽ സത്യസന്ധമായിവാർത്തകൾ പ്രസിദ്ധീകരിക്കുവാൻ ജേണൽ എന്നും ശ്രദ്ധിച്ചിട്ടുണ്ട്. നിലപാടുകൾ, അഴിമതി, ഉപദേശവിരുദ്ധത ഇവയ്ക്കെതിരെ പോരാടുമ്പോൾ മുഖപക്ഷം നോക്കാറുമില്ല. അതിനാൽ തന്നെ ധാരാളം ശത്രുക്കളും ജേണലിനുണ്ടായി. ചില നേതാക്കന്മാരുടെ ചരടുവലി കൊണ്ട് ശത്രുപക്ഷത്തെത്തിയവരും ഉണ്ട്. തുറന്ന മനസ്സോടെ കാര്യങ്ങളെ അന്വഷിക്കുകയും തെറ്റിദ്ധാരണകൾ പറഞ്ഞു പരിഹരിക്കുകയും ചെയ്ത ചില പ്രിയപ്പെട്ടവർ ഉണ്ട്.

ചിലരുടെ സംശയം ഞാൻ ചർച്ച് ഓഫ് ഗോഡുകാരനാണോ, ഐ.പി.സിക്കാരനാണോ എന്നതായിരുന്നു. കാൽ നൂറ്റാണ്ടിലധികമായി ഞാൻ ചർച്ച് ഓഫ് ഗോഡ് അംഗമായിട്ട് ഇപ്പോഴും അങ്ങനെ തന്നെ തുടരുന്നു. അന്നാൽ കൂടുതൽ ബന്ധം ഐ.പി.സിയിലാണുള്ളത്. കുമ്പനാട് ഹെബ്രോനിലെ പഠനം, പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മയിലെ ഭാരവാഹിത്വം ജേണലിന്റെ കുമ്പനാട് ഓഫീസ് ഇങ്ങനെ അനവധി ഘടകങ്ങൾ കാരണമാണ് ഐ.പി.സിയുമായി കൂടുതൽ ബന്ധം ഉണ്ടായത്. ഐ. പി. സി. ജനറൽ കൗൺസിൽ അംഗങ്ങളായ ബാബു കൊടുന്തറ, കുര്യൻ മാത്യു. ബെന്നി ജോൺ എന്നിവരുമായി ലഭിച്ച കൂട്ടായ്മയും മറക്കുവാൻ കഴിയില്ല. കൊടുന്തറ ബാബുച്ചായൻ എല്ലാവർക്കും വളരെ പ്രീയപ്പെട്ട വ്യക്തിയാണ്. സരസമായി സംഭാഷണം നടത്തുന്ന ബാബുച്ചായൻ ഐ. പി. സിയിലെ വിശ്വാസി പ്രതിനിധികളിൽ പ്രമുഖനം ഉറച്ച നിലപാടും ഉള്ള വ്യക്തിയാണ്. എന്റെ ജന്മദിനത്തിൽ ഡാളസിലെ ഒരു തായ് ഹോട്ടലിൽ പ്രീയ ബാബുച്ചായനും വെസ്ലി മാത്യുവും (ഗുഡ്ന്യൂസ്) റെജി ഏബ്രഹാം (പി. സി. എൻ. എ. കെ. 2015 സെക്രട്ടറി) ചേർന്ന് നൽകിയ സർപ്രൈസ് ട്രീറ്റ് മധുരമുള്ള അനുഭവമായിരുന്നു. കൊടുന്തറ ബാബുച്ചായനുമായി വളരെ അടുത്ത് സംസാരിക്കുവാനും ഹൃദയം തുറക്കുവാനും ലഭിച്ച സന്ദർഭം കൂടെയായി അത്.

## 11 മാധ്യമവിചാരം...

ർക്കികൻ പക്ഷെ മതേതര ലോകത്തെ സമശീർഷകരായ കവികൾക്കുമുമ്പിൽ ശരാശരിക്കാരൻ. രണ്ട്, അദ്ദേഹത്തിന്റെ വേദപുസ്തക വ്യാഖ്യാനകൃതികൾ കാലോചിതവും പണ്ഡിതോചിതവുമല്ല. ആന്റി തെസീസുമായി വരുന്നവർ ഈ രണ്ട് വസ്തുതകളോടാണ് പ്രതികരിക്കേണ്ടത്. അതിനുപകരം ചില പഴയവസ്തുതകൾ പുതിയ സത്യങ്ങളായി അവതരിപ്പിക്കുന്ന എന്റെ സുഹൃത്ത് ജെയ്സ് പാണ്ടനാട് സംവാദത്തിനിറങ്ങും മുമ്പ് അജണ്ട അറിഞ്ഞിരിക്കണം.

അനുബന്ധക്കുറിപ്പ്: 'കണ്ടതും കേട്ടതും' എന്ന ജയ്മോഹന്റെ എഴുത്തിൽ സജി സീതത്തോട് ഇടയുന്നതും ജയ്മോഹൻ തിരിച്ചടിക്കുന്നതും കണ്ടു. ജയ്മോഹനെ അറിവില്ലാത്ത ആളായി സജി കണ്ടത് ശരിയല്ല. ഇരുവരുടെയും പ്രതികരണങ്ങൾ വികാരപരമായില്ലേ എന്ന് പുനഃപരിശോധിക്കണം. മികച്ചതേതും നല്ലതെന്നും നിലവാരമില്ലാത്തതിനെ അങ്ങനെയും വിലയിരുത്തുന്നതിൽ ജയ്മോഹൻ കഴിവുള്ള ആൾ തന്നെയാണ്. സജിയുടെ കവിതകൾ ജയ്മോഹന്റെ ശ്രദ്ധയിൽപെടാതെ പോയിരിക്കാം. പി. എസ്. ചെറിയാന്റെ ഒരു കവിതയിൽ "എരിയണമൊരുമെഴുതിരിയായ് ഇനി വരുന്നോർക്കു വെട്ടമേകാൻ" എന്നൊരു പ്രയോഗം കണ്ടിട്ട് ഞാൻ ആഹ്ലാദചിത്തനായിരിക്കവെ സജി എഴുതിക്കണ്ടു, "ഇത് കാലത്തെ അതിജീവിക്കുന്നവരികളാണ്". അങ്ങനെ സജി സീതത്തോടും മികച്ച ആസ്വാദകനാണ്. പക്ഷെ ഒരു നിരീക്ഷണം പാളി. അനിൽ കൊടിത്തോട്ടം എന്ന ഞാൻ പരന്ന വായനയും ഉയർന്ന ചിന്തകനുമാണത്രേ. അറിയുക, എനിക്കാകെയുള്ളത് ആകുലചിന്തകളാണ്. വായന പരന്നതല്ല. പി. എസ്. ചെറിയാനിലും സജിയിലുമൊക്കെ മികച്ച കവികളുണ്ട്. ജയ്മോഹനിൽ കാർട്ടൂണിസ്റ്റും നിരൂപകനുമുണ്ട്. പാണ്ടനാടിൽ വിമർശകനും നിരീക്ഷകനുമുണ്ട്. അവ പുറത്തു വരുന്നത് ഇത്തരം സാംസ്കാരിക സംഘർഷങ്ങളിലൂടെയാണ്. തെളിഞ്ഞ മാനത്ത് മഴവില്ലിനിടമില്ല. മാനം കറുത്തെങ്കിലേ മഴവില്ലുണ്ടാകൂ. സംവാദങ്ങളുടെ കാർമേഘങ്ങൾക്കിടയിൽ പ്രതിഭാശേഷിയുടെ വെളിപ്പാടുകൾ മഴവില്ലുകളായി ഭവിക്കാൻ നമുക്കു കലഹിച്ചുകൊണ്ടേയിരിക്കാം നല്ല സുഹൃത്തുക്കളായി.

## എൽ.എ. സെമിനാർ

**കോട്ടയം:** ചർച്ച് ഓഫ് ഗോഡ് കേരള റീജിയൻ കോട്ടയം ഡിസ്ട്രിക്ട് എൽ.എ ഏകദിന സെമിനാർ കൈതമറ്റം ഹെബ്രോൻ ചർച്ചിൽ നടന്നു. ഡിസ്ട്രിക്ട് പാസ്റ്റർ ലാലു തോമസ് ഉദ്ഘാടനം ചെയ്തു. സിസ്റ്റർ കൊച്ചുമോൾ ലാലു അദ്ധ്യക്ഷത വഹിച്ചു. "കുടുംബത്തിന്റേയും സഭയുടേയും നിലനില്പിനും ഐക്യതയ്ക്കും സ്ത്രീകൾക്കുള്ള പങ്ക്" എന്ന വിഷയത്തെ ആസ്പദമാക്കി ഡോ.പി.ലത ക്ലാസ്സെടുത്തു.

പാസ്റ്റർമാരായ കെ.കെ.ബാബു, സ്റ്റീഫൻ തോമസ്, സിജു വി.സി, ജോയി ജോസഫ് എന്നിവർ ആശംസകളർപ്പിച്ചു. സിസ്റ്റർ നിർമ്മല ജോൺ സ്വാഗതവും സിസ്റ്റർ അനുമോൾ ഷൈജു, കൃതജ്ഞതയും അറിയിച്ചു.

ലേഖനം

# ശിഷ്യത്വം (Discipleship-3)



റെജി പോൾ
ഷാർജ
palachoodan@gmail/hotmail.com

**III. വളരെ ഫലം കായ്ക്കണം:**

യോഹന്നാൻ 15:8 – “നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവു മഹത്വപ്പെടുന്നു; അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും”.

പെന്തെക്കോസ്തു സമൂഹം കേരളത്തിൽ ആരംഭിച്ചിട്ട് ഇപ്പോൾ ഒരു നൂറ്റാണ്ടിലധികം ആയി. ആദ്യകാല സഭകളും ശുശ്രൂഷകന്മാരും വിശ്വാസികളും വീണ്ടും ജനനത്തിന്റെ ഫലമായി വെളിപ്പെട്ട ആത്മാവിന്റെ ഫലങ്ങളാൽ ലോകമുൻപാകെ സാക്ഷ്യം പ്രാപിക്കുകയും കൂടുതൽ പേരെ സത്യവിശ്വാസത്തിലേക്ക് ആകർഷിക്കുകയും ചെയ്തപ്പോൾ അത് തങ്ങളുടെ ജീവിതത്തിലെ ദൈവേഷ്ടത്തിന്റെ സാക്ഷാൽക്കാരമായിരുന്നു. സ്വന്തം നാവു മാത്രം ഉച്ചഭാഷിണിയായും തെരുക്കവലകൾ സ്റ്റേജ് ആയും കൂക്കി വിളിക്കുന്ന ജാതികൾ കേൾവിക്കാരായും ഹൃദയത്തിൽ കുറിച്ചിട്ടത് പാട്ടു പുസ്തകമായും പട്ടിണിയെ ഉപവാസമാക്കിയും അവർ ദേശങ്ങളെ കീഴ്മേൽ മറിച്ചപ്പോൾ അവർക്കെതിരെ വ്യക്തിപരമായ ദൂഷണവുമായി ആരും എഴുന്നേറ്റില്ല!! കാരണം അവർ ആത്മാവിന്റെ ഫലങ്ങളെ പുറപ്പെടുവിക്കുന്നവരായിരുന്നു.

ഗലാത്യർ 5: 22,23 “ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം; ഈ വകെക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല”. ദൈവം തീയ്ക്കായി സൂക്ഷിച്ചിരിക്കുന്ന ചിലരെയൊക്കെയാണ് നമ്മൾ മഹാന്മാരായി തോളിലേറ്റി കൊണ്ട് നടക്കുന്നതെന്നോർക്കുമ്പോൾ കർത്താവ് പറഞ്ഞത് എത്ര വാസ്തവമെന്നു താഴെ വായിക്കൂ: 7: 15–20 “കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു; അകമെയോ; കടിച്ചു കീറുന്ന ചെന്നായ്ക്കൾ ആകുന്നു. അവരുടെ ഫലങ്ങളാൽ നിങ്ങൾക്കു അവരെ തിരിച്ചറിയാം; മുള്ളുകളിൽ നിന്നു മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽ നിന്നു അത്തിപ്പഴവും പറിക്കുമാറുണ്ടോ? നല്ല വൃക്ഷം ഒക്കെയും നല്ല ഫലം കായ്ക്കുന്നു; ആകാത്ത വൃക്ഷമോ അകാത്ത ഫലം കായ്ക്കുന്നു. നല്ല വൃക്ഷത്തിനു ആകാത്ത ഫലവും ആകാത്ത വൃക്ഷത്തിനു നല്ല ഫലവും കായ്പാൻ കഴിയില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷം ഒക്കെയും വെട്ടി തീയിൽ ഇടുന്നു. ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും”. “എന്തെങ്കിലുമൊക്കെ വിളിച്ചു പറയുമെന്നേയുള്ളൂ, അങ്ങേരുടെ മനസ്സ് ശുദ്ധമാണ്” എന്നും മറ്റുമുള്ള ജഡിക ന്യായീകരണങ്ങളെ തൃവം അംഗീകരിക്കുന്നില്ല എന്നതിന്റെ തെളിവാണ് അടുത്ത വാക്യം: ലൂക്കോസ് 6:43 –45 “ആകാത്തഫലം കായ്ക്കുന്ന നല്ല വൃക്ഷമില്ല; നല്ലഫലം കായ്ക്കുന്ന ആകാത്ത വൃക്ഷവുമില്ല. ഏതു വൃക്ഷത്തെയും ഫലം കൊണ്ടു അറിയാം. മുള്ളിൽ നിന്നു അത്തിപ്പഴം ശേഖരിക്കുകയും ഞെരിഞ്ഞിലിലിൽ നിന്നു മുന്തിരിങ്ങ പറിക്കുകയും ചെയ്യുമാറില്ലല്ലോ. നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽ നിന്നു നല്ലതു പുറപ്പെടുവിക്കുന്നു; ദുഷ്ടൻ ദോഷമായതിൽ നിന്നു ദോഷം പുറപ്പെടുവിക്കുന്നു. ഹൃദയത്തിൽ നിറഞ്ഞു കവിയുന്നതല്ലോ വായി പ്രസ്താവിക്കുന്നത്”. നമുക്ക് ഞായറാഴ്ച്ച വളരെ പ്രധാനമാണെങ്കിൽ ദൈവത്തിനു പ്രധാനം നമ്മുടെ ബാക്കി ആറു ദിവസമാണ്. സഭായോഗത്തിൽ അന്യഭാഷയും പുറത്തിറങ്ങിയാൽ അന്യഭാഷയും പുറത്തിറങ്ങിയാൽ അന്യായഭാഷയും പറയുന്നവർക്ക് മനുഷ്യനെ പറ്റിക്കാം, എന്നാൽ ദൈവത്തെയോ ഒരു നാളും സാധ്യമല്ല. താഴെ വായിക്കുക: യാക്കോബ് 3:11,12 “ഉറവിന്റെ ഒരേ ദ്വാരത്തിൽ നിന്നു മധുരവും കൈപ്പുമുള്ള വെള്ളം പുറപ്പെട്ടു വരുമോ? സഹോദരന്മാരെ, അത്തിവൃക്ഷം ഒലിവുപഴവും മുന്തിരിവള്ളി അത്തിപ്പഴവും കായിക്കുമോ? ഉപ്പുറവിൽ നിന്നു മധുരമുള്ള വെള്ളം പുറപ്പെടുകയുമില്ല”. ഒരു സ്നാനവും പിന്നെ രണ്ടന്യഭാഷയും സഭയിലെ അംഗത്വവും വെച്ചോണ്ട് കർത്താവിന്റെ വരവിൽ പോകാനിരുന്ന ഗലാത്യസഭയ്ക്കെഴുതിയത് നമുക്കും ബാധകമാണ്. വായിക്കുക: ഗലാത്യർ 5:19,20.21– “ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പു, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്തു മുതലായവ എന്നു വെളിവാകുന്നു; ഈ വക പ്രവൃത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പെ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോടു മുൻ കൂട്ടി പറയുന്നു”. അന്യഭാഷയാണ് അഭിഷേകമെന്നും അത് കിട്ടാത്തവൻ സ്വർഗ്ഗത്തിൽ പോകില്ലെന്നും പഠിപ്പിക്കുന്ന അന്ധകാരത്തിന്റെ ദല്ലാളന്മാർ സഭകളെ മുടിക്കുമ്പോൾ വഴിയൊരുക്കാൻ വന്നവന്റെ വാക്ക് കേൾക്കുക: ലൂക്കോസ് 3:9 “ഇപ്പോൾ തന്നെ വൃക്ഷങ്ങളുടെ ചുവട്ടിന്നു കോടാലി വെച്ചിരിക്കുന്നു; നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടുകളയുന്നു”. അതെ, പാട്ട് പാടിച്ചും അട്ടഹസിപ്പിച്ചും തലയിൽ കുലുക്കിയും ഭാഷ പറയിപ്പിക്കുന്നവർ ദൈവം ഒന്നാം സ്ഥാനം കൊടുത്ത ഫലം കായ്ക്കലിനെക്കുറിച്ച് തങ്ങളുടെ ജീവകാലത്തു ഒരിക്കലും ജനത്തെ പ്രബോധിപ്പിച്ചില്ലെങ്കിൽ അവർ ദൈവദാസന്മാർ ആണോ അതോ പിശാചിന്റെ എജന്റുമാരാണോ എന്ന് ശോധന ചെയ്യണം. ദൈവനാമം ദുഷിപ്പിക്കുന്ന സാക്ഷ്യവുമായി ലോകത്തിൽ പുളച്ചു മദിച്ചിട്ട്, ആണ്ടുതോറും വലിയതുക മുടക്കി ക്രൂസേഡുകളും കൺവെൻഷനുകളും സംഘടിപ്പിച്ച് ആത്മീയ സൂപ്പർ സ്റ്റാറുകളെ ഇറക്കി പ്രസംഗിപ്പിച്ചിട്ടും ഒരു കുഞ്ഞിനെപ്പോലും നേടാൻ കഴിയാതിരിക്കുന്നതിന്റെ ഗുട്ടൻസ് താഴെ കൊടുക്കുന്നു: മത്തായി 5:13,16 “നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു; അപ്പു കാരമില്ലാതെപ്പോയാൽ അതിനു എന്തോന്നുകൊണ്ടു രസം വരുത്താം? പുറത്തു കളഞ്ഞിട്ടു മനുഷ്യർ ചവിട്ടുവാൻ അല്ലാതെ മാറ്റൊന്നിന്നും പിന്ന കൊള്ളന്നതല്ല.... അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ”. ചില പുരയിടങ്ങളിൽ ചില വൻ വൃക്ഷങ്ങളുടെ ചുവട്ടിൽ ചിവ ഉണങ്ങിച്ചുരണ്ട കായ്കൾ കാണാം. ഇത് തീർത്തും ഉണങ്ങിപ്പോയിട്ടില്ലെന്നതിന്റെ തെളിവാണ്. പക്ഷെ നാം വായിച്ച കുറിവാക്യത്തിൽ (യോഹ 15:8) ഇത് യോഗ്യതയല്ല. നന്നായി ഫലം കായ്ച്ചാലെ ശിഷ്യനാവൂ. സ്വന്ത പരിശ്രമം കൊണ്ട് കഴിയാത്ത കാര്യമാണിതെന്നു തിരിച്ചറിയാത്തത് കൊണ്ടാണ് പലരും ഫലം കായ്ക്കാൻ ആഗ്രഹിച്ചിട്ടും സാധിക്കാതെ പോകുന്നത് (15:4) വചനത്തിൽ വസിക്കുകയും പരിശുദ്ധാത്മാവിനു ഏല്പിച്ചു കൊടുക്കയും ചെയ്യാതെ ഫലം കായ്ക്കൽ സാധ്യമല്ലെന്ന് നാം വായിച്ചു. അത് കൊണ്ടാണ് ദൈവമുൻപാകെ നിസ്സഹായത്വം വെളിപ്പെടുത്തിയപ്പോൾ അഹരോന്റെ വെട്ടിയെടുത്ത തോൽ നീക്കിയ വടി പോലും തളിർത്തു ഫലം കായ്ച്ചത്. അത് കൊണ്ടാണ് സഭയുടെയും ലോകത്തിന്റെയും മുൻപാകെ അങ്ങനെയങ്ങ് തളിർത്തു കൊഴുത്തു നിൽക്കുന്ന ഫലം കായ്കാത്ത ചില ആത്മീയ അത്തി വൃക്ഷങ്ങളെ ദൈവം പരസ്യമായും രഹസ്യമായും ഇടയ്ക്കിടയ്ക്ക് ഉണക്കി കളയുന്നത്. യെശയ്യ പ്രവചനം അഞ്ചാം അദ്ധ്യായത്തിൽ ഇസ്രായേലിനു മുന്നറിയിപ്പ് കൊടുത്തിട്ടും അവർ അത് അവഗണിച്ചതിനാൽ താൻ പറഞ്ഞത് പോലെ തന്നേ ദൈവം പ്രവൃത്തിച്ചെങ്കിൽ നാമും എത്രയധികം ഭയപ്പെടണം. “നാട് വിട്ടു. കൂട്, നാമധേയ കൂട്ടം വിട്ടു” എന്നൊക്കെ പുകഴുമ്പോഴും പാടി തകർക്കുമ്പോഴും റോമർ 11:17–21 കാണുക– “കൊമ്പുകളിൽ ചിലതു ഒടിച്ചിട്ടു കാട്ടൊലീവായ നിന്നെ അവയുടെ ഇടയിൽ ഒട്ടിച്ചു ചേർത്തു ഒലീവു മരത്തിന്റെ ഫലപ്രദമായ വേരിനു പങ്കാളിയായിത്തീർന്നു എങ്കിലോ, കൊമ്പുകളുടെ നേരെ പ്രശംസിക്കരുത്; പ്രശംസിക്കുന്നുവെങ്കിൽ നീ വേരിനെ അല്ല വേർ നിന്നെയത്രേ ചുമക്കുന്നു എന്നു ഓർക്ക......... ഞെളിയാതെ ഭയപ്പെടുക. സ്വാഭാവികകൊമ്പുകളെ ദൈവം ആദരിക്കാതെ പോയെങ്കിൽ നിന്നെയും ആദരിക്കാതെ വന്നേക്കും”. “സ്നാനപ്പെട്ടേപ്പിന്നെ ഒരു ദോഷവും വന്നിട്ടില്ല... വെച്ചടി വെച്ചടി കയറ്റമാണ്.... പണ്ടൊക്കെ എന്തുടുക്കും എന്നോർത്ത സ്ഥാനത്ത് എതുടുക്കും എന്നാണിപ്പഴത്തെ പ്രശ്നം” എന്നൊക്കെ സാക്ഷ്യ പ്രഘോഷണം നടത്തുന്നവർ ഒന്നോർക്കണം. ദൈവം ഇടയ്ക്കൊക്കെ മുറിക്കുന്നതും ചെത്തുന്നതും ഇനിയും പ്രതീക്ഷയുള്ള വൃക്ഷങ്ങളെ മാത്രമാണ്. അല്ലാത്ത പാഴ്മരങ്ങളെ ഗൗനിക്കാറു പോലുമില്ല. കാരണം അവയെ തീയ്ക്കായി സൂക്ഷിച്ചിരിക്കുന്നു. കതിരും വേർതിരിക്കുവോളം ഒന്നിനെയും തൊടേണ്ടന്നു ദൂതന്മാരോട് കൽപ്പിച്ചിരിക്കുന്നു. ചെവിയുള്ളവൻ കേൾക്കട്ടെ..... (തുടരും)

## ഹോപ്പ് പ്രൊജക്ട് ആരംഭിച്ചു

**തിരുവല്ല:** എക്സൽ മിനിസ്ട്രീസ്, ചിൽഡ്രൻസ് നെറ്റ്വർക്ക് ഇന്റർനാഷണലുമായി (CNI) ചേർന്ന് ആരംഭിച്ച പുതിയ സംരംഭമായ ഹോപ്പ് പ്രൊജക്ടിന്റെ ഉദ്ഘാടനം ഹോപ്പ് പ്രൊജക്ട് ആരംഭിച്ചു. കോഴഞ്ചേരി എക്സൽ ഓഫീസിൽ നടന്നു. പാസ്റ്റർ ബിനു ജോസഫ് വടശേരിക്കര അദ്ധ്യക്ഷത വഹിച്ചു. മീറ്റിംഗിനു റവ. തമ്പി മാത്യു മുഖ്യസന്ദേശം നൽകി ഉദ്ഘാടനം നിർവഹിച്ചു.. സമൂഹത്തിൽ പഠനത്തിൽ ബുദ്ധിമുട്ടുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം.

## ശുശ്രൂഷക സമ്മേളനം



**ഛത്തീസ്ഗഡ്:** ഛത്തീസ്ഗഡ് മദ്ധ്യമേഖല ഐ. പി. സി. സെന്ററുകളുടെ ശുശ്രൂഷകസമ്മേളനം നവംബർ17നു ചരോദ ഐ. പി. സി. യിൽ വെച്ച് നടന്നു. ബ്രദർ വർഗീസ് മാത്യു (ഐ. പി. സി. ഹെബ്രോൻ ഹൂസ്റ്റൺ) മുഖ്യ അതിഥി ആയിരുന്നു. പാസ്റ്റർ ചാക്കോ തോമസ് ഇവിടുത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു.

## 77–ാമത് ഐ.പി.സി കോട്ടയം കൺവൻഷൻ

**കോട്ടയം:** 77–ാംമത് ഐ.പി.സി കോട്ടയം കൺവെൻഷൻ 2015 ജനുവരി 5 തിങ്കൾ മുതൽ 11 ഞായർ വരെ കോട്ടയം തിരുനക്കര മൈതാനത്തിൽ വെച്ച് വിപുലമായി നടത്തപ്പെടുന്നതായിരിക്കും. പാസ്റ്റർമാരായ സാം ജോർജ്ജ്, കെ.സി.തോമസ്, കെ.ജോയ്, ഫിലിപ്പ് പി.തോമസ്, കെ.സി.ചെറിയാൻ, കെ.ഇ. തോമസ്, ബാബു ചെറിയാൻ, തോമസ് ഫിലിപ്പ്, റ്റി.ഡി.ബാബു, കെ.ജെ.തോമസ്, ഷാജു.സി.ജോസഫ് എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗിക്കും. എല്ലാ ദിവസവും രാവിലെ 8.30ന് സീയോൻ ടാബർനാക്കിളിൽ വെച്ച് ഡോ.പി.യു.പോൾസൺ ഉപദേശ വിഷയങ്ങളെ കുറിച്ച് ബൈബിൾ ക്ലാസ് എടുക്കുന്നതായിരിക്കും. സംഗീത ശുശ്രൂഷ ഐ.പി.സി. കോട്ടയം ക്വയർ പാസ്റ്റർ സുധീർ വർഗീസ് ജനറൽ കൺവീനർ ആയും, പാസ്റ്റർ അച്ചമോൻ, പാസ്റ്റർ തോമസ് ജോൺ, പാസ്റ്റർ ജോൺസൺ ഫിലിപ്പ് എന്നിവർ ജോയിന്റ് കൺവീനർമാരായി `ിവിധ കമ്മറ്റികൾ കൺവെൻഷന് നേതൃത്വം നല്കുന്നു.

## കല്ലുകടി

### നസീലാ ബീവി മോഡലുകാരെ സൂക്ഷിക്കുക

പെന്തെക്കോസ്ത് നല്ല വളക്കൂറുള്ള മണ്ണാണ്. അതിനാൽ തന്നെ ഇവിടെ കൃഷിയിറക്കി വിളവുമെടുത്ത് ചിലർ മടങ്ങാറുണ്ട്. കത്തോലിക്കയിൽ നിന്നും മറ്റും പെണ്ണുകെട്ടാനായി ഒളിച്ചോടിയവർ ചേക്കേറിയതും പെന്തെക്കോസ്തിൽ. പിന്നെ തീപ്പൊരി സാക്ഷ്യവുമായി നടന്ന് കോടികളുടെ സ്വത്തുണ്ടാക്കിയവർ ഒരു വശത്ത്. ഏതോ പട്ടത്വസഭയിൽ നിന്ന് സാമ്പത്തിക കാര്യത്തിന് പിടികൂടിയപ്പോൾ ഒരു അച്ചനും പെന്തെക്കോസ്തിനെ പ്രകമ്പനം കൊള്ളിക്കാൻ എത്തി ഇവിടെ കുടിപാർക്കുന്നു. ഒരു മണർകാട്ട് അച്ചൻ കുറെ കോടികളുണ്ടാക്കി മടങ്ങി. കുറച്ചു കന്യാസ്ത്രീകളും ഈ ഗണത്തിലുണ്ട്. പെന്തെക്കോസ്തിനെ കോൾമയിർ കൊള്ളിച്ചത് സമീപകാലത്ത് നസീലാബീവിയായിരുന്നു. നട്ടാൽ കിളിർക്കാത്ത കള്ളം പറഞ്ഞ ബീവിയെ ചുമക്കാൻ ഇവിടെ പുങ്കന്മാരുടെ തിരക്കായിരുന്നു. ഇപ്പോൾ ബീവി എവിടെയാണവോ?

ആ ഗണത്തിൽപെടുന്ന ഒരെണ്ണം ഇതാ സുവിശേഷം നിമിത്തം തന്റെ പിതാവിനെ സുവിശേഷ വിരോധികൾ കൊന്നതാണെന്നും പത്തിരുപത് സഭ താൻ നടുത്തുന്നുണ്ടെന്നും ഒക്കെ അടിച്ചിറക്കി ഷൈൻ ചെയ്യുന്നു”. ഇനിയും വേണോ കപടബീവിമാർ. പെന്തെക്കോസ്തിൽ കള്ളസാക്ഷ്യവുമായി ഇറങ്ങുന്ന ഇക്കൂട്ടരെ പ്രോത്സാഹിപ്പിക്കുന്നവരും തലയിലേറ്റി നടക്കുന്നവരും ലജ്ജിക്കേണ്ടിവരും. ഇതൊക്കെ പറഞ്ഞതാണോ എന്നറിയാൻ ഏഴാം കടലിനക്കരെ നിന്നു ലഭിച്ച “ശ്രീമതി ലേഖിക”യുടെ മൊഴികളുടെ വീഡിയോ പരിശോധിച്ചുറപ്പു വരുത്തി. ഒപ്പം മാവേൽ എലി കയറിയ കരയിലും തിരക്കി. ഇത് ഒരു വാണിംഗ് എന്ന നിലയിൽ ഒരു സാമ്പിൾ മാത്രം. ഇത്തരം കൃഷി അവസാനിപ്പിക്കുക.

**അടിക്കുറിപ്പ്:** എന്തുകൊണ്ട് വിദേശത്ത് ഇത്തരം കള്ളസാക്ഷ്യം പറയുന്നു? ഉള്ളതുമാത്രം പറയുന്നവരെ മൈൻഡു ചെയ്യാത്തതുകൊണ്ടാകാം ഇത്തരം ഇടപാടുകൾ.

Website: www.beljourn.com
www.beljourn.in

# വളർച്ചയുടെ പടവുകൾ താണ്ടുന്ന ഡാളസ് റ്റാബർനാക്കിൾ ഐ.പി.സി.



ഡാളസ് റ്റാബർനാക്കിൾ ഐ.പി.സി. ചർച്ച്

പ്രേഷിത ദൗത്യനിർവ്വഹണത്തിൽ ക്രൈസ്തവധർമ്മം കാത്തു സൂക്ഷിച്ചു മുന്നേറുകയാണ് ഐ.പി.സി. റ്റാബർനാക്കിൾ ഡാളസ്. സുവിശേഷീകരണത്തിനും ജീവകാരുണ്യത്തിനും മുൻതൂക്കം നൽകുന്ന സഭ ഇന്ന് വളർച്ചയുടെ പടവുകൾ പിന്നിടുകയാണ്. ദൈവവചനത്തിന്റെ വ്യവസ്ഥയിൽ നിന്നുകൊണ്ട് കുടുംബബന്ധങ്ങൾക്കും ക്രിസ്തീയ സ്നേഹത്തിനും വിശ്വാസികൾ തമ്മിലുള്ള ഊഷ്മളമായ കൂട്ടായ്മക്കും പ്രാധാന്യം നൽകുന്ന സഭ ഇന്ന് ഡാളസിലെ പ്രധാന സഭകളിലൊന്നായി വളർന്നുകഴിഞ്ഞു.

വ്യക്തമായ ക്രിസ്തീയ ദർശനത്തോടെ സുവിശേഷീകരണം ലക്ഷ്യമാക്കി 1998 ആഗസ്റ്റ് 30 നാണ് ഐ.പി.സി. റ്റാബർനാക്കിൾ ആരംഭിക്കുന്നത്. 21 കുടുംബങ്ങളുമായി ചേർന്ന് ആരംഭിച്ച സഭയുടെ താൽക്കാലിക ശുശ്രൂഷ ആരംഭസമയത്ത് പാസ്റ്റർ ഡാനിയേൽ വി. മത്തായി നിർവ്വഹിച്ചു. ഒരു മാസത്തിനു ശേഷം 1998 ഒക്ടോബറിൽ പാസ്റ്റർ ജേക്കബ് കോശി സഭയുടെ ആദ്യശുശ്രൂഷകനായി ചുമതലയേറ്റു. സഭയുടെ ആദ്യ ആരാധന നോർത്ത് ഡാളസിലെ ഷെറാട്ടൺ ഹോട്ടലിലും തുടർന്ന് സെന്റ് പോൾ മിഷനറി ബാപ്റ്റിസ്റ്റ് ചർച്ചിലുമായി നടന്നു. ഒമ്പതുമാസത്തിനുള്ളിൽ ഇപ്പോഴുള്ള ആരാധനാലയം സഭയ്ക്ക് സ്വന്തമായി വാങ്ങുവാൻ ദൈവം ഇടയാക്കി. തുടർന്ന് 2000 ജൂലൈ മുതൽ പാസ്റ്റർ ഡാനിയേൽ ശമുവേൽ (വീയപുരം ജോർജ്ജുകുട്ടി) സഭാ ശുശ്രൂഷകനായി പ്രവർത്തിച്ചു. സഭ ഈ കാലയളവിൽ ശക്തമായി വളർന്നു. 2005 മുതൽ 2008 വരെ അമേരിക്കയിലെ ഐ.പി.സി. സീനിയർ ശുശ്രൂഷകരിലൊരാളായ പാസ്റ്റർ തോമസ് വി കോശി അനുഗ്രഹീതമായ ശുശ്രൂഷ നിർവ്വഹിച്ചു. 2008 മുതൽ 2013 വരെ വേദശാസ്ത്ര അദ്ധ്യാപകനും പ്രസംഗകനുമായ പാസ്റ്റർ കെ.പി മാത്യു സഭയുടെ ശുശ്രൂഷ നിർവ്വഹിച്ചു. ശക്തമായ പ്രതികൂല സാഹചര്യങ്ങളിലൂടെ കടന്നു പോയ സഭയ്ക്ക് തന്റെ നേതൃത്വവും ദൈവകൃപയും സഹായമായി.

2013 മുതൽ ഇപ്പോഴത്തെ ശുശ്രൂഷകനായിരിക്കുന്ന റവ. ഡോ. ജോൺ കെ.മാത്യു സഭപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

പാസ്റ്റർ ജേക്കബ് കോശിയുടെ ശുശ്രൂഷാകാലയളവിലാണ് 1999 -ൽ സഭയ്ക്ക് സ്ഥലവും ആരാധനാലയവും സ്വന്തമാക്കുന്നത്. അഞ്ചര ഏക്കർ സ്ഥലവും 12000 sqft വിസ്തൃതിയുമുള്ള ആരാധനാലയവുമാണ് സഭ വാങ്ങിയത്. ഡാളസ് പട്ടണത്തിന്റെ ഹൃദയഭാഗത്ത് വളരെ മനോഹരമായ സ്ഥലമാണ് സഭയ്ക്ക് സ്വന്തമായുള്ളത്. 2750 sqft ൽ എല്ലാവിധ സൗകര്യമുള്ള പാഴ്സനേജും സഭയ്ക്ക് സ്വന്തമായുണ്ട്.

പാസ്റ്റർ ജോൺ കെ. മാത്യുവിന്റെ നേതൃത്വത്തിൽ മുന്നേറുന്ന സഭയുടെ മുതൽക്കൂട്ട് യുവജനങ്ങളാണ്. നൂറോളം കുഞ്ഞുങ്ങളാണ് സണ്ടേസ്കൂൾ യൂത്ത് മീറ്റിംഗുകളിൽ സജീവമായി പങ്കെടുക്കുന്നത്.

മിഷൻ പ്രവർത്തനത്തിന് പ്രാധാന്യം നൽകുന്ന സഭ കേരളത്തിലെ ഐ. പി. സി. പേരാമ്പ്ര ഏരിയാ പ്രവർത്തനങ്ങളെ സ്പോൺസർ ചെയ്യുന്നു. 2009 മുതൽ അവിടുത്തെ എല്ലാ ആവശ്യങ്ങൾക്കും സഭ സഹായം മുടങ്ങാതെ നൽകുന്നു. തയ്യൽസ്കൂളും, മറ്റ് ചാരിറ്റിവർക്കുകളും സഭയുടേതായി നടന്നു വരുന്നു. കൂടാതെ ഇന്ത്യയിലെ പലപ്രവർത്തനങ്ങളിലും സഹായിക്കുന്ന സഭ ധാരാളം ചാരിറ്റി വർക്കുകളും ചെയ്തുവരുന്നു. സണ്ടേസ്കൂൾ, പി.വൈ.പി.എ, സോദരീസമാജം എന്നിവയിലൂടെ ഇത്തരം ജീവകാരുണ്യ പ്രവർത്തനങ്ങൾ സഭ ചെയ്യുന്നു. കേരളാ സോദരീസമാജത്തിന്റെ ജീവകാരുണ്യപ്രവർത്തനങ്ങളിൽ സഭ ഗണ്യമായ പങ്കുവഹിക്കുന്നു.

തുടർച്ചയായി നടക്കുന്ന ബൈബിൾ ക്ലാസുകൾ, കൂട്ടായ്മകൾ, യുവജന മീറ്റിംഗുകൾ തുടങ്ങിയവ ആരോഗ്യമുള്ള സഭയായി വളരുന്നതിന് സഹായിക്കുന്നു ക്രമീകൃതമായ പദ്ധതികളിലൂടെയും ശക്തമായ നേതൃത്വത്തിലൂടെയും പ്രാർത്ഥനയുടെ പിൻബലത്തിലും സഭ ദൗത്യനിർവ്വഹണത്തിൽ ശക്തമായ മുന്നേറ്റമാണ് നിർവ്വഹിക്കുന്നത്. ഇപ്പോൾ 70ഓളം കുടുംബങ്ങൾ സഭയിൽ അംഗങ്ങളായി ഉണ്ട്.

പാസ്റ്റർ ജോൺ കെ മാത്യുവിന്റെ ആത്മീയ നേതൃത്വത്തിൽ മുന്നേറുന്ന സഭയുടെ സഹശുശ്രൂഷകനായി പാസ്റ്റർ ഡാനിയേൽ വി. മത്തായിയും, സെക്രട്ടറിയായി ബ്രദർ സാംകുട്ടി കോശിയും ട്രഷറായി ഷിജു വർഗീസും, ട്രസ്റ്റീസായി തോമസ് എബ്രഹാം, ജോൺ. പി കുഞ്ഞുകുഞ്ഞ്, ബഞ്ചമിൻ സഖര്യാ എന്നിവരും, കൗൺസിൽ മെമ്പേഴ്സായി ജോൺസൺ വർക്കി, ബെന്നി തോമസ്, രാജു മത്തായി, സാമുവേൽ സഖര്യാ, ജോൺ മാത്യു എന്നിവരും ഓഡിറ്ററായി എബി സാമുവേലും പ്രവർത്തിക്കുന്നു. സണ്ടേസ്കൂൾ ഡയറക്ടറായി ഇവാ. ജയിംസ് ജോർജ്ജും പി.വൈ.പി.എ ഡയറക്ടറായി ഷൈൻ സാമുവേലും മിഷൻ ടീം കോർഡിനേറ്ററായി തോമസ് വർഗ്ഗീസും ഇവാഞ്ചലിസം ഡയറക്ടറായി ജോൺസൺ പാറേലും സോദരീസമാജം കോഡിനേറ്ററായി ആൻസി ജോണും, മലയാളം ക്വയർ - ബെന്നി തോമസ്, ഇംഗ്ലീഷ് ക്വയർ- വെസ്ലി തോമസ്, ഹിന്ദി ക്വയർ - ഫിന്നി ജോൺസൺ എന്നിവരും പ്രവർത്തിക്കുന്നു.

## ഡോ. ജോൺ കെ. മാത്യു



ഐ. പി. സിയിലെ സീനിയർ ശുശ്രൂഷകനായിരുന്ന പാസ്റ്റർ കെ.റ്റി മാത്യുവിന്റെ മകനാണ് പാസ്റ്റർ ജോൺ കെ.മാത്യു. കേരളാ യൂണിവേഴ്സിറ്റിയിൽ നിന്ന് 2 ബിരുദാനന്തര ബിരുദങ്ങൾ നേടിയ ഇദ്ദേഹം ഓറൽ റോബർട്ട്സ് യൂണിവേഴ്സിറ്റിയിൽ നിന്ന് ക്രിസ്ത്യൻ എഡ്യുക്കേഷനിൽ എം.എ നേടി. ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി, ടെക്സസ്, ഹെബ്രോൻ ഐ.പി.സി ലോസ് ആഞ്ചലസ് എന്നീ സഭകളുടെ സീനിയർ പാസ്റ്ററായി പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം ഇന്റർ കൾച്ചറൽ എഡ്യുക്കേഷനിൽ ബയോള യൂണിവേഴ്സ്റ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടി.

ഇൻഡ്യാ ബൈബിൾ കോളജ് & സെമിനാരിയുടെ വൈസ് പ്രസിഡന്റ്, ഇംഗ്ലീഷ് മീഡിയം വൈസ് പ്രിൻസിപ്പാൾ, റിവൈവ് മാസികയുടെ ചീഫ് എഡിറ്റർ തുടങ്ങിയ പദവികൾ വഹിച്ചിട്ടുള്ള ഇദ്ദേഹം മാവേലിക്കര വെസ്റ്റ് ഡിസ്ട്രിക്ട് പാസ്റ്റർ കൂടെയാണ്. 2013 മുതൽ ഐ.പി.സി റ്റാബർനാക്കിൾ സഭയുടെ സീനിയർ പാസ്റ്ററായി പ്രവർത്തിക്കുന്നു. ഭാര്യ. ഷേർളി ജോൺ. ഡോ.തോംസൺ കെ. മാത്യു സഹോദരനാണ്.



ഡോ. ജോൺ കെ.മാത്യു
പാസ്റ്റർ & പ്രസിഡന്റ്



റവ. ഡാനിയേൽ മത്തായി
അസ്സോസിയേറ്റ് പാസ്റ്റർ



സാംകുട്ടി കോശി
സെക്രട്ടറി



ഷിജു വർഗീസ്
ട്രഷറർ



തോമസ് ഏബ്രഹാം
സീനിയർ ട്രസ്റ്റി



ജോൺ. പി കുഞ്ഞുകുഞ്ഞ്
ട്രസ്റ്റി



ബഞ്ചമിൻ സഖര്യാ
ട്രസ്റ്റി



ജോൺസൺ വർക്കി
കൗൺസിൽ മെമ്പർ & ഐ. പി. സി. എം. ആർ. ജോ. സെക്രട്ടറി



രാജു മത്തായി
കൗൺസിൽ മെമ്പർ



ബെന്നി തോമസ്
കൗൺസിൽ മെമ്പർ



സാമുവേൽ സഖറിയ
കൗൺസിൽ മെമ്പർ



ജോൺ മാത്യു
കൗൺസിൽ മെമ്പർ

## വിലാസം

IPC Tabernacle Dallas IPC,
9121 Ferguson Road, Dallas, Texas 75 228

Website: ipctabernacle.org.
Email : info@ipctabernacle.org

# വിശുദ്ധനിയോഗം പൂർത്തീകരിച്ച് മഹത്വത്തിൽ
# പാസ്റ്റർ സി. ഡി. സാമുവൽ



പാസ്റ്റർ സി. ഡി. സാമുവേൽ

നീണ്ട 23 വർഷങ്ങൾ പഞ്ചാബിലെ അതിശൈത്യത്തിലും കൊടുംവേനലിലും, പകലെന്നോ, രാത്രിയെന്നോ വ്യത്യാസമില്ലാതെ പത്താൻകോട്ട് ജില്ലയിലെ മിക്കഗ്രാമങ്ങളും ഗലികളും കയറി ഇറങ്ങി സുവിശേഷം പ്രചരിപ്പിച്ച ആയിരക്കണക്കിനു ആത്മാക്കളെ കർത്താവിനുവേണ്ടി നേടിയ പഞ്ചാബിലെ ഏറ്റവും വലിയ സഭയിൽ ഒന്നായ പത്താൻകോട്ട് ഐ. പി. സി. സഭയുടെ പാസ്റ്റർ, അവരുടെയെല്ലാം പപ്പ, വിശ്രമിക്കാൻ ഒരു നിമിഷംപോലും തയ്യാറാകാതിരുന്ന പാസ്റ്റർ സി. ഡി. സാമുവേൽ ഒടുവിൽ വിശ്രമിക്കാനായി കർത്താവ് തന്റെ അരികിലേക്ക് വിളിച്ചു.

1945 ജനുവരി 23-ാംതീയതി കൊല്ലം ജില്ലയിലെ പത്തനാംപുരം ചാവരുവിളയിൽ വീട്ടിൽ ശ്രീ. സി. വൈ. ദാനിയേലിന്റെയും ശ്രീമതി റാഹേലമ്മയുടെ മകനായി ജനിച്ചു. അദ്ദേഹത്തിന് 8 സഹോദരന്മാരും 2 സഹോദരിമാരും ഉണ്ട്. തന്റെ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഇന്ത്യൻ ആർമിയിൽ ജോലിക്കായി പ്രവേശിച്ചു. ഈ കാലയളവിൽ ഇന്ത്യയുടെ വിവിധഭാഗങ്ങളിലും ഇന്ത്യക്കു പുറത്തും രാജ്യത്തിനു വേണ്ടി സേവനം നടത്തി.

ഇദ്ദേഹത്തിന്റെ വിവാഹം കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി പുതുവൽ ബംഗ്ലാവിൽ ലിസിയുമായി നടന്നു. അവർക്ക് രണ്ട് പെൺമക്കളെയും ഒരു മകനെയും നൽകി കർത്താവ് അനുഗ്രഹിച്ചു.

തന്റെ ജോലിയോടനുബന്ധത്തിൽ ജമ്മുവിലെ അക്നൂർ എന്ന സ്ഥലത്ത് ആയിരുന്നപ്പോൾ, സത്യസുവിശേഷം കേൾക്കുകയും ക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കുകയും ചെയ്തു. അങ്ങനെ 1975ഡിസംബർ 25ന് യാക്കോബായ പാരമ്പര്യത്തിൽ നിന്നും ഏകനായി കർത്താവിനെ ജലത്തിൽ സാക്ഷീകരിച്ച് ദൈവസഭയോട് ചേർന്നു.

ജോലിയിരിക്കെ ആസ്സാമിലെ തേജ്പൂരിൽ വച്ച് 1986 ആഗസ്റ്റ് മാസം ഇദ്ദേഹത്തിന് വലിയ ഒരു വാഹന അപകടം സംഭവിക്കുകയും ദിവസങ്ങളോളം ബോധമില്ലാതെ ആശുപത്രിയിൽ കഴിയേണ്ടി വന്നു. മേജർ ഓപ്പറേഷനു വിധേയനായി. രക്ഷപ്പെടാൻ സാധ്യത കുറവായ സാഹചര്യത്തിൽ വീട്ടുകാരെ വിവരം അറിയിക്കുകയും അവർ അസ്സാമിൽ എത്തിച്ചേരുകയും ചെയ്തു. പക്ഷെ പിന്നീട് ദൈവം അത്ഭുതവിടുതൽ നൽകി. രക്ഷപ്പെട്ടെങ്കിലും രണ്ടുവർഷം മാത്രമെ ജീവിച്ചിരിക്കൂ എന്ന് ഡോക്ടർമാർ വിധിയെഴുതി. എന്നാൽ കർത്താവ് നീണ്ട ഇരുപത്തിയെട്ട് വർഷങ്ങൾകൂടി നൽകി.

സ്ഥലംമാറ്റം കിട്ടി പത്താൻകോട്ട് എന്ന സ്ഥലത്ത് വന്നു. അവിടെവച്ച് പാസ്റ്റർ ജേക്കബ് ജോണിനെ പരിചയപ്പെടുകയും തുടർന്നു ദൈവവേലയിൽ അദ്ദേഹത്തെ സഹായിച്ചു തുടങ്ങി. അതായത് മലയാളികളായി വരുന്ന പാസ്റ്റർമാർക്ക് പരിഭാഷകനായി മാറി. എന്നാൽ 1990ൽ പൂർണ്ണസമയ ദൈവവേലയ്ക്കായി സമർപ്പിക്കുകയും ആ വർഷം ഏപ്രിലിൽ സർക്കാൻ ജോലി ഉപേക്ഷിക്കുകയും ചെയ്തു. തുടർന്നു ക്യാപ്റ്റൻ എ. എം. സാമുവേലിന്റെ കീഴിൽ കുറെക്കാലം വേദവിദ്യാഭ്യാസം ചെയ്തു. 1991ൽ പാസ്റ്റർ ജേക്കബ് ജോൺ 40 ദിവസത്തെ ഉപവാസ പ്രാർത്ഥന നടത്തുകയും ദൈവഹിതപ്രകാരം തന്റെ സഭ പാസ്റ്റർ സി. ഡി. സാമുവേലിനെയും പാസ്റ്റർ വൈ. എസ്. മണിയെയും ഏൽപ്പിക്കുകയും ചെയ്തു. കുറെ നാളുകൾ കഴിഞ്ഞപ്പോൾ മണി പാസ്റ്റർ നാട്ടിലേക്കു മടങ്ങിപ്പോയി.



പാസ്റ്റർ സി. ഡി. സാമുവേൽ & ലിസി സാമുവേൽ

പാസ്റ്റർ സി. ഡി. സാമുവേലിനു രോഗശാന്തിയും ദുഷ്ടശക്തികളുടെമേൽ അധികാരവും ദൈവം നൽകി അനുഗ്രഹിച്ചു. അത് ആ സഭയുടെ വളർച്ചയ്ക്കു നിദാനമായി. ഇദ്ദേഹം പത്താൻകോടും പരിസരപ്രദേശങ്ങളിലും വീടുവീടാനന്തരം സുവിശേഷവുമായി സൈക്കിളിൽ പ്രയാണം ആരംഭിച്ചു. രാവിലെ ആരംഭിക്കുന്ന ഈ യാത്ര രാത്രി വരെയും തുടർന്നു കൊണ്ടിരുന്നു. അതിന്റെ പരിണിതഫലം സഭയിൽ ദിനം പ്രതി ആത്മാക്കളുടെ എണ്ണംകൂടി കൊണ്ടിരുന്നു. അങ്ങനെ പഞ്ചാബിലെ ഏറ്റവും വലിയ ഒരു സഭയുണ്ടായി. ഇല്ലാത്ത രോഗശാന്തിവരവും, വിടുതൽ ശുശ്രൂഷയും പത്രപരസ്യമാധ്യമങ്ങളിലൂടെ വിളംബരം ചെയ്തു ലോകമെമ്പാടും ഓടി നടക്കുന്ന ദൈവവേലക്കാർ എന്നു പറയുന്ന അനേകരിൽ നിന്ന് വ്യത്യസ്തനായി, തന്റെ പ്രാർത്ഥന ഫലമായി ആയിരങ്ങൾക്ക് വിടുതൽ ലഭിച്ചപ്പോഴും ആരാലും അറിയപ്പെടാൻ ആഗ്രഹിക്കാത്ത ഒരു സാധാരണ ഉപദേശിയായി ദൈവകൃപയിൽ മാത്രം ശരണപ്പെട്ട് മുമ്പോട്ടുപോയി.

അധികാരങ്ങൾക്കുവേണ്ടി ആളുകൾ ഓടി നടക്കുന്ന ഈകാലത്ത് പാസ്റ്റർ സി. ഡി. സാമുവേൽ അധികാരസ്ഥാനത്തിനും പുറകെ പോയില്ല. പക്ഷെ ഇദ്ദേഹത്തിന്റെ സേവനങ്ങളെ മാനിച്ച് പാസ്റ്റർ ജേക്കബ് ജോൺ ഇദ്ദേഹത്തെ അസോസിയേറ്റ് ഡിസ്ട്രിക്ട് പാസ്റ്ററായും, ഐ. പി. സി. ഹിമാചൽ സ്റ്റേറ്റിന്റെ പ്രിസ്ബിറ്ററി മെമ്പറാക്കുകയും ചെയ്തു.

പാസ്റ്ററുടെ ഭാര്യ ലിസിയും മൂന്നു മക്കളും ദൈവവേലയിൽ വളരെയധികം സഹായികളായിരുന്നു. മൂത്തമകൾ ടിജി മണക്കാല സെമിനാരിയിലെ വിദ്യാഭ്യാസത്തിനു ശേഷം പാസ്റ്റർ എം. ഐ. കുരിയാക്കോസിന്റെ ജീവിതപങ്കാളിയായി റൂർക്കിയിൽ കുടുംബമായി ദൈവവേലയിലായിരിക്കുന്നു. ഇവർക്ക് എമി, എബൻ എന്ന രണ്ടു കുഞ്ഞുങ്ങളെ നൽകി ദൈവം അനുഗ്രഹിച്ചു.

രണ്ടാമത്തെ മകൾ ജിജിയുടെ വിവാഹം പാസ്റ്റർ റോജൻ കെ. ജേക്കബുമായി നടന്നു. തുടർന്നു അവർ പഞ്ചാബിയിൽ ഹൽവാരാ എന്ന സ്ഥലത്ത് ദൈവവേല ആരംഭിച്ചു. അവിടെയിപ്പോൾ ഒരു സഭയും ഒരു സ്കൂളും ഉണ്ട്. ഐ. പി. സി. ഹിമാചൽ പ്രസ്ബിറ്ററി മെമ്പറും ഡിസ്ട്രിക്ട് പാസ്റ്ററുമായി പ്രവർത്തിക്കുന്നു. അവർക്ക് ബ്ലെസി, ജോയൽ എന്ന രണ്ടു കുഞ്ഞുങ്ങളെ നൽകി ദൈവം മാനിച്ചു.

മൂന്നാമത്തെ മകൻ എബി സാമുവേൽ തന്റെ വൈദിക വിദ്യാഭ്യാസം (M.Th) പൂർത്തിയാക്കി ബെറ്റ്സിയുമായുള്ള വിവാഹശേഷം ലുധിയാനയിൽ ദൈവവേല ആരംഭിച്ചു. ഇന്നിപ്പോൾ അവിടെ 'സിറ്റി റിവൈവൽ ചർച്ച്' എന്ന പേരിൽ ഒരു വലിയ സഭയായി ഒപ്പം ഒരു സ്കൂളും തുടങ്ങുവാൻ ദൈവം കൃപനൽകി. ഇവർക്കു ദിയാ, ഡോറാ എന്നീ രണ്ടുകുഞ്ഞുങ്ങളെ നൽകി ദൈവം കൃപകാണിച്ചു.

അനേകർക്കു തന്റെ പ്രാർത്ഥനയിലൂടെ രോഗസൗഖ്യം നൽകിയ പാസ്റ്ററിന്റെ ശരീരത്തിൽ പലവിധരോഗങ്ങൾ ഉണ്ടായിരുന്നു. പക്ഷെ ഇതൊന്നും കാര്യമാക്കാതെ വിശ്രമമില്ലാതെ ഓടി നടന്നു കർത്താവിന്റെ വേല ചെയ്ത കർത്തൃദാസൻ 2014 ഒക്ടോബർ 28ന് രാത്രി 10ന് ഉണ്ടായ ശ്വാസതടസ്സത്തെ തുടർന്നു ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടു. ഒരാഴ്ചയോളം ആശുപത്രിയിൽ കിടന്ന അദ്ദേഹം നവംബർ 4 ന് രാവിലെ നാലു മണിക്ക് താൻ പ്രിയംവെച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

പൗലോസ് എഴുതിയതുപോലെ "ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു ഇനി നീതിയുടെ കിരീടം എനിക്കായ് വെച്ചിരിക്കുന്നു" (2 തിമൊ. 4:7-8) അതെ തന്റെ ഓട്ടം തികച്ചു, അദ്ദേഹം യാത്രയായി. നവംബർ 6ന് നടന്ന സംസ്കാരശുശ്രൂഷയിൽ നൂറുകണക്കിനു പാസ്റ്റേഴ്സും, ആയിരക്കണക്കിനു വിശ്വാസികളും പങ്കെടുത്തു. ഐ. പി. സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ നേതൃത്വം നൽകിയ ശുശ്രൂഷയിൽ, പാസ്റ്റർ ജോൺ ഉമ്മൻ, പാസ്റ്റർ ഇസ്ലാംഖാൻ, പാസ്റ്റർ എം. ഡി. ശാമുവേൽ, പാസ്റ്റർ എം. എം. ജോൺ, പാസ്റ്റർ കെ. കോശി, പാസ്റ്റർ എം. ചെറിയാൻ തുടങ്ങിയ അനേക ദൈവദാസന്മാർ അനുശോചനം രേഖപ്പെടുത്തിയപ്പോൾ പറഞ്ഞ ഏറ്റവും പ്രധാനമായ കാര്യം വിശ്രമമില്ലാതെ വിശ്വസ്തതയോടുകൂടി കർത്താവിനായി ഓടിയ ദൈവഭൃത്യൻ എന്നാണ്. അദ്ദേഹത്തിന്റെ വേർപാട് സഭയ്ക്കും, പത്താൻകോടിനും, ഐ. പി. സി. ഹിമാചൽ സ്റ്റേറ്റിനും നികത്താനാവാത്ത നഷ്ടം തന്നെയാണ്.

അതെ, പാസ്റ്റർ സി. ഡി. സാമുവേൽ ദൈവം തന്നെ ഏൽപ്പിച്ച ദൗത്യം അവസാന ശ്വാസം വരെയും വിശ്വസ്തതയോടെ ചെയ്ത ദൈവഭൃത്യൻ, ദൈവത്തിന്റെ കാഹളം ധ്വനിക്കുമ്പോൾ ഇടയശ്രേഷ്ഠനിൽ നിന്നും തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിപ്പാൻ, താൻ മുഖാന്തിരം രക്ഷയുടെ അനുഭവത്തിലേക്കുവന്ന നൂറുകണക്കിനു ആത്മാക്കളുമായി ഉയർത്തെഴുന്നേൽക്കും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.



സ്നാനശുശ്രൂഷ നിർവ്വഹിക്കുന്നു

ഉപവാസത്തോടും, പ്രാർത്ഥനയോടും കൂടെ പാസ്റ്റർ എബി സാമുവേൽ പഞ്ചാബിലെ ലുധിയാന എന്ന നഗരത്തിൽ 2005 ജനുവരി 1-ാം തീയതി കടന്നുചെന്നു. 3.5 മില്ല്യൻ ജനസംഖ്യവരുന്ന ലുധിയാന നഗരത്തെ യേശുവിനായ് നേടണം എന്ന ആത്മഭാരത്തോടെ തുടങ്ങിയ ഈ വേലയെ ദൈവം തന്റെ കരങ്ങളിൽ വഹിച്ചു. ആഴിയിൽ വഴി തുറക്കുന്ന ദൈവത്തിന്റെ വിശ്വസ്തകരങ്ങൾ അവരെ മുമ്പോട്ട് നടത്തുന്നു.

"ഗ്രേസ് സെന്റർ" എന്ന പ്രസ്ഥാനവും അതിനു കീഴിൽ സിറ്റി റിവൈവൽ ചർച്ചും, ഒരു സ്കൂളും പാസ്റ്റർ എബിയാൽ ആരംഭിച്ച് ദൈവം അതിനെ മുമ്പോട്ടു നടത്തുന്നു. അനേകം പ്രതിസന്ധികളിൽ കൂടി കടന്നുപോയെങ്കിലും ഇന്ന് സിറ്റി റിവൈവൽ ചർച്ച് ലുധിയാനാ നഗരത്തിൽ അനേകം ആത്മാക്കളെ നേടുന്ന, വളരുന്ന ഒരു സഭയായി മാറിയിരിക്കുന്നു. 10 കെയർ സെല്ലുകളും, 3 പ്രയർ ഗ്രൂപ്പുകൾ ക്രിസ്ത്യൻ മെഡിക്കൽ കോളേജ് ഹോസ്റ്റലുമായുള്ള ഈ സഭയെ ദൈവം തന്റെ മഹത്വത്തിനായി ഉപയോഗിക്കുന്നു. പലജാതിയിൽപെട്ടവർ, അനേക യൗവനക്കാർ യേശുവിന്റെ രക്ഷയെ അറിയിക്കുന്നു. ഭാര്യ സെറ്റ്സി എബിയും ദൈവവേലയിൽ ഉപയോഗിക്കപ്പെടുന്നു.

മൂത്തമകൾ ടിജി കുരിയാക്കോസും ഭർത്താവ്, പാസ്റ്റർ എം. ഐ. കുരിയാക്കോസും വളരെ പ്രതികൂലമായ അവസ്ഥകളിലും ദൈവനാമമഹത്വത്തിനായി ഹിമാചൽപ്രദേശിന്റെ മലനിരകളിൽ പ്രവർത്തിച്ചു. ഇവർ അന്ധേരി എന്ന മലനിരയിൽ തുടങ്ങിയ ചെറിയ പ്രവർത്തനം അനേകരെ ദൈവസന്നിധിയിൽ കൊണ്ടുവന്ന ഒരു വലിയ പ്രവർത്തനം ആയി വളർന്നു. ഇന്ന് കുടുംബമായി റൂർക്കിയിൽ ദൈവവേലയിൽ ആയിരിക്കുന്ന ഇവർ പല സഭകൾ തുടങ്ങുവാൻ ദൈവം സഹായിച്ചു. ന്യൂ തിയോളജിക്കൽ കോളജിൽ വിസിറ്റിങ്ങ് പ്രഫസറയായും, ഉത്തരഖണ്ഡിന്റെ റീജിണൽ കോർഡിനേറ്ററുമായി പാസ്റ്റർ എം. ഐ. കുരിയാക്കോസ് പ്രവർത്തിക്കുന്നു.

രണ്ടാമത്തെ മകൾ കഴിഞ്ഞ 20 വർഷമായി പഞ്ചാബിലെ ഹൽവാരാ എന്ന സ്ഥലത്ത് കുടുംബമായി ദൈവത്തെ സേവിക്കുന്നു. അനേകം കഷ്ടതയിൽ കൂടി കടന്നുപോയെങ്കിലും ഇന്ന് അനുഗ്രഹിക്കപ്പെട്ട ഒരു സഭയും, സ്കൂളും ഇവർ നടത്തുന്നു. ഐ. പി. സി.യുടെ ഒരു സീനിയർ പാസ്റ്ററും, ഹിമാചൽ സ്റ്റേറ്റു പ്രസ്ബിറ്റി അംഗവുമായ പാസ്റ്റർ റോജൻ കെ. ജേക്കബും, ഭാര്യ ജിജി ജേക്കബും വളരെ സമർപ്പണത്തോടെ ദൈവവേലയിൽ ആയിരിക്കുന്നു.

വളരെ ആത്മഭാരത്തോടും, സമർപ്പണത്തോടുകൂടെ ദൈവവേലയിൽ ആയിരിക്കുന്ന ഈ കുടുംബങ്ങളെ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കേണമേ.

**Our Address:** CITY REVIVAL CHURCH
STREET NO. 21/2, NEW MOHAR SINGH NAGAR,
NEAR ISSANGRIPULLI, LUDHIANA, PUNJAB,
PHONE NO. 0161-2220319, www.cityrevivalchurchldh.org



രണ്ടാമത്ത് മകൾ ജിജിയും ഭർത്താവ്
പാസ്റ്റർ റോജൻ കെ. ജേക്കബും മക്കളോടൊപ്പം



മൂത്തമകൾ റ്റിജിയും ഭർത്താവ് പാസ്റ്റർ
എം. കെ. കുര്യാക്കോസും മക്കളോടൊപ്പം



പാസ്റ്റർ എബി ശമുവേൽ
കുടുംബവും



പാസ്റ്റർ എബി സ്ഥാപിച്ച ലുധിയാനയിലെ
സിറ്റി റിവൈവൽ ചർച്ച്

## ഡോ.കോര സംസാരിക്കുന്നു



1) ആമല്ലൂർ യുദ്ധം അവസാനിച്ചെന്ന് ഒരു ഓൺലൈൻ പത്രത്തിൽ കണ്ടല്ലോ കോരെ? ആമല്ലൂർ എവിടെയാണ് കോരേ ഇറാഖിലോ മറ്റോ ആണോ? ഏതു ഭീകരരുമായാണ് യുദ്ധം നടന്നത്? **– സുബിൻ, കുമ്പനാട്**

*ഇറാഖിലുമൊന്നുമല്ല സംഭവം. ഭീകരന്മാരുമായുള്ള പോരാട്ടവും അല്ല വിഷയം. ഐ. പി. സിയിലെ ഒരു ഉപദേശിയെയും വിശ്വാസികളും തമ്മിലുള്ള പ്രശ്നത്തെക്കുറിച്ചാകക്ഷി എഴുതിയത്. ഇതിനെ ഭീകര പത്രപ്രവർത്തനം എന്ന് പറയും. തൂലിക പടവാളാകുമ്പോൾ യുദ്ധം ഉറപ്പല്ലേ.*

2) സഭാപ്രശ്നത്തിൽ കോടതി ഇടപെടുന്നതിൽ വിശ്വാസി സമൂഹത്തിന് ആശങ്കയെന്ന് ഒരു പത്രത്തിൽ കണ്ടു. കോരയ്ക്ക് ആശങ്ക വല്ലതും ഉണ്ടോ? **– ഷിബു തിരുവല്ല**

*ആ ശങ്കയും ഈ ശങ്കയും ഇല്ല. നന്നായി ഭരിച്ചാൽ ഇതൊന്നും ഉണ്ടാവില്ലായിരുന്നല്ലോ?*

3) പെന്തെക്കോസ്തുകാരുടെ ശവമടക്കിന് സ്വർഗ്ഗപ്പെട്ടി അവിഭാജ്യഘടകം ആകുന്നല്ലോ കോരെ. കോരയുടെ അഭിപ്രായം എന്താണ്? **– എബി കുമ്പനാട്**

*സ്വർഗ്ഗപ്പെട്ടിയാണെങ്കിലും ഉള്ളിൽ കിടക്കുന്നത് ശവം തന്നെയല്ലേ.*

## 11 കണ്ടതും കേട്ടതും.....

ളുകൾക്കും വൃത്തിയില്ല. 'ഞങ്ങൾ വൃത്തിയായി നടക്കേണ്ടുന്നവരല്ലെ'ന്നാണ് അവരുടെ ചിന്തയെന്നു നമുക്കു തോന്നും. നമ്മൾ റിസർവ് ചെയ്തു ട്രെയിനിൽ യാത്ര ചെയ്യുന്നവരാണ്. പക്ഷേ, അതങ്ങു മനസ്സിൽ വെച്ചാൽ മതി. നമ്മെക്കാൾ അധികാരത്തിൽ, അവകാശത്തിൽ അവിടെ മറ്റുള്ളവർ വന്നിരിക്കും. ഏ. സി. കോച്ചായാലും അവർക്കു പ്രശ്നമില്ല. റ്റി. റ്റി. ഇ. എന്തെങ്കിലും മിണ്ടിപ്പോയാൽ, അയാളെ പിടിച്ചു പുറത്തെറിയാൻ അവർ മടിക്കില്ല.

വേറൊരു സ്ഥലത്തു താമസിച്ചു സുവിശേഷവേല ചെയ്യുന്ന വർഗീസ് എന്ന കർത്തൃദാസനോടൊപ്പം ഗ്രാമങ്ങൾ സന്ദർശിച്ചു. കുറെ പരസ്യയോഗങ്ങൾ നടത്തി. കുറച്ചുപേർ രക്ഷിക്കപ്പെട്ടു. ഞാൻ സാധാരണയായി ആരെയും 'രക്ഷിക്കപ്പെടുത്താ'റില്ല. എന്നാൽ ഇവിടെ ചില സ്ഥലങ്ങളിൽ അങ്ങനെയൊരു ആഹ്വാനം കൊടുക്കാനുള്ള പ്രേരണയുണ്ടായി. സൈക്കിളിന്മേൽ ഒരു വൈറ്റ് ബോ(ർ)ഡ് വെച്ചു തള്ളിക്കൊണ്ടുപോയി. ആളുകളെ കണ്ട സ്ഥലങ്ങളിലൊക്കെ കാർട്ടൂൺ വരച്ചു പ്രസംഗിച്ചു. മൈക്ക് ഇല്ലായിരുന്നു. ജേക്കബ് സഹോദരൻ പരിഭാഷപ്പെടുത്തി. ബീഹാറിലെ പ്രവർത്തനം കഴിഞ്ഞ് ഒക്ടോബർ 31-നു നാട്ടിലെത്തി. ഇതു കാണണമെന്നുള്ളവർ, www.facebook.com/ Jaimohan Athirumkal സന്ദർശിക്കുക.

ഈ കുറിപ്പിന്റെ തലക്കെട്ടു കണ്ടിട്ട് എന്തു തോന്നി? ബീഹാറിലെ പ്രൈവറ്റ് ബസുകളിൽ കാണുന്ന എഴുത്താണ് ഒന്നാമത്തേത്. 'ലക്ഷുറി' (luxury) എന്നത് അവർ എഴുതുന്നത് luxary എന്നാണ്. അതുപോലെ photostatന്റെ അവസാനം ഒരു 'e' കൂടി പിടിപ്പിക്കും – photostate! ഇതാണു ബീഹാറി സ്റ്റൈൽ!

ജേക്കബ് സഹോദരൻ എന്നെയും കൂട്ടിക്കൊണ്ട് ഒരാളുടെയടുക്കൽ പോയി. വളരെ വർഷങ്ങൾക്കുമുമ്പ്, റേഡിയോ പ്രസംഗം കേട്ടു രക്ഷിക്കപ്പെട്ടു. സ്നാനപ്പെടുത്താൻ അവിടെയാരുമില്ലായിരുന്നു. അദ്ദേഹം തന്നെത്താൻ ഗംഗാനദിയിൽ മുങ്ങി സ്നാനം 'സ്വീകരിച്ചു' അദ്ദേഹത്തെ മുന്നിലിരുത്തി ഒരു ചിത്രം വരച്ചതാണ് ഇതോടൊപ്പമുള്ളത്. മറ്റേ ചിത്രം ഒരു മന്ത്രവാദിയുടേതാണ്. യു. പി. സ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു ഇദ്ദേഹം ഇന്നു നല്ലൊരു സുവിശേഷകനാണ്.

**നീക്കിബാക്കി:** കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും, കാർട്ടൂൺ വരച്ചുകൊണ്ടു പ്രസംഗിക്കുന്നതു 'തൊമ്മിക്കുട്ടനു' പിടിച്ചിട്ടില്ല. കാർട്ടൂൺ കണ്ടു ചിരിക്കാം, പിന്നെ വേണമെങ്കിൽ ചിന്തിക്കാം. കാർട്ടൂൺ കണ്ടിട്ടു കരയണമെങ്കിൽ, 'തൊമ്മിക്കുട്ടനെ' നോക്കിയാൽ മതി. അത്രയുമേ ഇപ്പോൾ പറയുന്നുള്ളൂ. ദാരിദ്ര്യം സോമാലിയയിൽ മാത്രമല്ല, ഇവിടെയുണ്ട് 'ഭീകരമായ' ആശയദാരിദ്ര്യം.

## 01 66–ാമത് കരിയംപ്ലാവ് കൺവൻഷൻ....

വിഭാഗമായ *സെലസ്റ്റ്യൽ റിഥം ബാൻഡ്* സംഗീത ശുശ്രൂഷകൾക്കു നേതൃത്വം നൽകും. ഡബ്ല്യു. എം. ഇ. ദേശീയ പ്രസ്ബിറ്ററി അംഗങ്ങളായ പാസ്റ്റേഴ്സ് ഡി. സിഎച്ച്. ബർദൻ (ഒറിസ്സ), റവ. ജോഷ്വാ (ആന്ധ്ര), ജി. ഗബ്രിയേൽ (തിരുവനന്തപുരം), എൻ. ജെ. ജോസഫ് (മലബാർ), എം. എം. മത്തായി (ഹൈറേഞ്ച്), സി. പി. ഐസക് (സെൻട്രൽ റീജിയൻ) എന്നിവർ നേതൃത്വം നൽകും. ദിവസവും രാവിലെ 5-ന് കാത്തിരുപ്പു പ്രാർത്ഥന, 8-ന് ബൈബിൾ സ്റ്റഡി, പകൽ 10-നും 2-നും വൈകിട്ട് 6-നും പൊതുയോഗങ്ങൾ എന്നിവ ഉണ്ടായിരിക്കും. ഇൻഡ്യയ്ക്കു പുറമെ അമേരിക്ക, ഗൾഫ്, യൂറോപ്പ് എന്നിവിടങ്ങളിൽനിന്നും വിശ്വാസികൾ പങ്കെടുക്കും.

വെള്ളി 2 -ന് ചേരുന്ന സഹോദരീ സമ്മേളനം ലേഡീസ് ഫെലോഷിപ്പ് പ്രസിഡന്റ് സൂസൻ രാജുക്കുട്ടി ഉത്ഘാടനം ചെയ്യും. സിസ്റ്റർ സ്റ്റാർലാ ലൂക്ക് മുഖ്യസന്ദേശം നൽകും. ശനി രാവിലെ 8-നു നടക്കുന്ന സ്നാന ശുശ്രൂഷയ്ക്ക് പാസ്റ്റർമാരായ കെ. എം. പൗലോസ്, എം. എം. മത്തായി, ഡി. സി. എച്ച്. ബർദൻ, പി. പി. കുര്യൻ എന്നിവർ നേതൃത്വം നൽകും. 10-ന് സണ്ടേസ്കൂൾ-യുവജന സംയുക്ത സമ്മേളനം നടക്കും. യൂത്ത് ഡയറക്ടർ റെജി വർഗീസിന്റെ അദ്ധ്യക്ഷതയിൽ സണ്ടേസ്ക്കൂൾ ഡയറക്ടർ ഡോ. എം. കെ. സുരേഷ് ഉത്ഘാടനം നിർവ്വഹിക്കും. സംസ്ഥാനതല പരീക്ഷകളിൽ വിജയികളായ കുട്ടികൾക്കുള്ള സമ്മാനങ്ങളും സ്കൂൾ കോളേജ് തലങ്ങളിൽ ഉന്നതവിജയം നേടിയവർക്കുള്ള അവാർഡുകളും വിതരണം ചെയ്യും. സെക്രട്ടറി നിബു അലക്സാണ്ടർ നേതൃത്വം നൽകും. 2-ന് ചേരുന്ന മിഷ്യനറി സമ്മേളനത്തിൽ റവ. ഒ. എം. രാജുക്കുട്ടി മുഖ്യ സന്ദേശമറിയിക്കും. ഇൻഡ്യയുടെ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള ശുശ്രൂഷകന്മാർ കുടുംബമായി സംബന്ധിക്കും. ശനി വൈകിട്ടു ചേരുന്ന സമാപന ഐക്യസമ്മേളനത്തിൽ സഭാ നേതാക്കളും സാമൂഹ്യ സാംസ്കാരിക നേതാക്കളും ആശംസകളറിയിക്കും. റവ. ഡോ. ഫിന്നി ഏബ്രഹാം സന്ദേശം നൽകും.

ഞായറാഴ്ച രാവിലെ 9-നു ആരംഭിക്കുന്ന കർത്തൃമേശയ്ക്ക് പാസ്റ്റർ ഒ. എം. രാജുക്കുട്ടിയുടെ നേതൃത്വത്തിൽ 36 ഡിസ്ട്രിക്ട് പാസ്റ്റർമാർ നേതൃത്വം നൽകും. തുടർന്ന് നടക്കുന്ന സംയുക്ത ആരാധനയിൽ റവ. ഫിന്നി ഏബ്രഹാം ശുശ്രൂഷിക്കും. റവ. ഒ. എം. രാജുക്കുട്ടി സമാപന സന്ദേശം അറിയിക്കും. പാസ്റ്റർ കെ. എം. പൗലോസ് ജനറൽ കൺവീനറായും സബ് കമ്മറ്റി കൺവീനർമാരായി പാസ്റ്റർമാരായ സി. പി. ഐസക് (ഹോസ്റ്റ്), ജെയിംസ് ഫിലിപ്പ് (പ്രോഗ്രാം), സി. ജെ. മത്തായി (പ്രെയർ), എൻ. ജെ. ജോസഫ് (ട്രാൻസ്പോർട്ട്, ലൈറ്റ് & സൗണ്ട്), സൂസൻ രാജുക്കുട്ടി (ഫുഡ് & അക്കോമഡേഷൻ), സി. പി. ഐസക് (പബ്ലിസിറ്റി), കെ. ജെ. ജോസഫ് (സാനിട്ടേഷൻ), കെ. എം. ജോൺ (പന്തൽ), എം. എം. മത്തായി, കുഞ്ഞുമോൾ തോമസ് (വോളന്റിയേഴ്സ്) എന്നിവർ പ്രവർത്തനമാരംഭിച്ചു.

# വാർഷീക കൺവൻഷനും ശുശ്രൂഷക സെമിനാറും

**റൂർക്കല:** പി.പി.എൽ.എഫ് റൂർക്കലയുടെ വാർഷീക കൺവൻഷനും ശുശ്രൂഷക സെമിനാറും 2014 നവം 7,8,9 തീയതികളിൽ അബഗാൻ ബാൻജാ ഓഡിറ്റോറിയത്തിൽ വച്ച് അനുഗ്രഹകരമായി നടന്നു.

പ്രസിഡന്റ് പാസ്റ്റർ കെ.എം. ശമുവേൽ ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ പാസ്റ്റേഴ്സ് ഡോ.ഷാജി പോൾ(ന്യൂഡൽഹി) ആഷ്‌ലേ ബഞ്ചമിൻ, ഒ.ജെ.മാത്യൂ എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു.

നവംബർ 9ന് നടന്ന സഭകളുടെ സംയുക്ത ആരാധനയോടു കൂടി ഈ വർഷത്തെ കൺവൻഷൻ, സെമിനാർ സമാപിച്ചു. ഡിബ്റ്റർ പെർസിഡ് ജോൺ(ന്യൂഡൽഹി) പ്രയ്സ് ആന്റ് വർഷിപ്പിന് നേതൃത്വം നൽകി. പാസ്റ്റേഴ്സ് ബി.എബ്രഹാം,ലീബ്ബാ എന്നിവർ നേതൃത്വം നൽകി.

# 12–ാമത് എം. പി. എ. കോൺഫറൻസ് സ്കോട്ട്ലണ്ടിൽ

**ഗ്ലാസ്ഗോ:** യു. കെ. & അയർലണ്ട് രാജ്യങ്ങളിലുള്ള മലയാളി പെന്തെക്കോസ്ത് സമൂഹത്തിന്റെ ആത്മീയ ഐക്യവേദിയായ മലയാളി പെന്തെക്കോസ്ത് അസോസിയേഷന്റെ 12-ാമത് കോൺഫറൻസ് സ്കോട്ടലൻഡിലെ ഗ്ലാസ്ഗോ പട്ടണത്തിലുള്ള സെന്റ് ആന്ഡ്രൂസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ (Old Monkland Road, Coatbridge, Ml5 5Ea) വച്ച് 2015 ഏപ്രിൽ 3,4,5 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടക്കും.

പാസ്റ്റർ പി. സി. ചെറിയാൻ (ഇന്ത്യ), പാസ്റ്റർ സാക് ചെറിയാൻ (യു. എസ്. എ.) എന്നിവർ ഈ സമ്മേളനത്തിന്റെ മുഖ്യപ്രഭാഷകന്മാർ ആയിരിക്കും.

"ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പീൻ" എന്നതാണ് ചിന്താവിഷയം.

പതിവിൽ നിന്നും വ്യത്യസ്തമായി മൂന്നു ദിവസത്തെ സമ്മേളനവും ദൈവജനങ്ങളുടെ ഐക്യതയുടെയും കൂട്ടായ്മയുടെയും പ്രതീകമായി നടത്തുന്ന സംയുക്ത ആരാധനയുമാണ് ഈ സമ്മേളനത്തിന്റെ പ്രത്യേകതകൾ, യുവജനങ്ങളുടെ താലന്തു പരിശോധനയ്ക്ക് പ്രത്യേക പ്രാധാന്യം നല്കുന്നു.

ഏപ്രിൽ 3-നു വെള്ളിയാഴ്ച രാവിലെ 10 മണിക്ക് എം. പി. എ. പ്രസിഡന്റ് റവ. ഡോ. ജോ. കുര്യൻ ഉദ്ഘാടനം ചെയ്ത് ആരംഭിക്കുന്ന ഈ സമ്മേളനം 5-നു ഞായറാഴ്ച നടക്കുന്ന സംയുക്ത ആരാധനയോടെ സമാപിക്കും.

യുവജനങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും സമീകൃതമായി ആത്മീയ പോഷണം നൽകാൻ വെവ്വേറെ സെഷനുകൾ ക്രമീകരിച്ചിരിക്കുന്നു.

കോൺഫറൻസിന്റെ വിജയകരമായ നടത്തിപ്പിനായി പ്രസിഡന്റ് റവ. ജോ കുര്യൻ വൈസ് പ്രസിഡന്റ് പാസ്റ്റർ ബാബു സക്കറിയ ജനറൽ സെക്രട്ടറി, ജി. സാമുവേൽ ജോയിന്റ് സെക്രട്ടറി, പാസ്റ്റർ ഡോണി ഫിലിപ്പ്, ട്രഷറർ ബ്രദർ കെ. ടി. തോമസ് എന്നിവരുടെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളും കോഓർഡിനേറ്ററുമാരും അടങ്ങിയ 16 അംഗ ടീം സജീവമായി പ്രവർത്തിക്കുന്നു. കൂടാതെ 5 അംഗ ട്രസ്ടീസും ഇതിനു ശക്തമായ പിൻബലവും ഉത്തേജനവും നൽകുന്നു.

കോൺഫറൻസിന്റെ ലോക്കൽ കൺവീനറായി പാസ്റ്റർ ജോൺ ശമുവേലിനെ തിരഞ്ഞെടുത്തു എം. പി. എ. വൈസ് പ്രസിഡന്റ് പാസ്റ്റർ ബാബു സക്കറിയ, റീജണൽ കോ-ഓർഡിനേറ്റർ പാസ്റ്റർ വർഗീസ് തോമസ് എന്നിവരുടെ നേതൃത്വത്തിൽ ഈ കോൺഫറൻസിനുവേണ്ടിയുള്ള പ്രാദേശിക ക്രമീകരണങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

എം. പി. എ. പ്രയർ കോ-ഓർഡിനേറ്റർ പാസ്റ്റർ ജെഫി ജോർജ്ജിന്റെ നേതൃത്വത്തിൽ രാജ്യവ്യാപകമായി ചെയിൻപ്രയറുകളും ക്രമീകരിച്ചിരിക്കുന്നു.

ഈ ത്രിദിന സമ്മേളനത്തിൽ ഒരു വലിയ ആത്മീയ ഉണർവ്വ് വിശ്വാസി സമൂഹം പ്രതീക്ഷിക്കുന്നതിനാൽ ഇപ്പോൾ തന്നെ താമസ ക്രമീകരണം ബുക്ക് ചെയ്ത് ഒരുക്കങ്ങൾ ആരംഭിച്ചു.

# മലബാർ മിഷൻ കുടുംബസംഗമം

**പാലക്കാട്:** ഐ.പി.സി മലബാർ മിഷൻ ബോർഡിന്റെയും, ഐ.പി.സി മലബാർ സൗത്ത് സോണിന്റെയും ആഭിമുഖ്യത്തിൽ നവംബർ 24-26 വരെ പീച്ചി ദർശന സെന്ററിൽ ശുശ്രൂഷക കുടുംബ സംഗമം നടന്നു.

പാസ്റ്റർ കെ.സി.തോമസ് ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജോൺ എസ്.മരത്തിനാൽ, റവ. മോറിസ് സാംസൺ മരത്തിനാൽ എന്നിവർ മുഖ്യപ്രസംഗകരായിരുന്നു. പാസ്റ്റർ ഫിലിപ്പ് പി.തോമസ്, പാസ്റ്റർ ഷിബു നെടുവേലിൽ, പാസ്റ്റർ ബാബു ഏബ്രഹാം, പാസ്റ്റർ സാം ദാനിയേൽ, പാസ്റ്റർ ഫിജി ഫിലിപ്പ് സഹോദരന്മാരായ എൽ.കെ.റോയി, സണ്ണി മുളമൂട്ടിൽ, ജോസ് ജോൺ കായംകുളം, സാം കൊണ്ടാഴി, സജി മത്തായി കാതോട്ട്, ജയിംസ് വർക്കി എന്നിവർ ക്ലാസുകളെടുത്തു.

കൗൺസലിംഗ്, വിജയകരമായ കുടുംബ ജീവിതം, ടൈം മാനേജ്മെന്റ്, ഗുഡ് പ്ലാനിംഗ്, ബൈബിൾ ക്ലാസ് എന്നിവയും നടന്നു.

## 02 വേദപഠനം.....

പോലെ പ്രാധാന്യം കൊടുക്കേണ്ടതാണ്. ആത്മാക്കളെ കർത്താവിലേക്ക് നയിക്കുന്നതും, വിശ്വാസികളെ ഉപദേശ പിശക്കുകളിൽ നിന്നും സംരക്ഷിച്ച് നിലനിർത്തുന്നതും ഒരുപോലെ പ്രാധാന്യമുള്ള ശുശ്രഷയാണ്. അതിനെയത്രെ യുദ്ധസേവ എന്നു പറയുന്നത്. യുദ്ധസേവനത്തിൽ ശ്രദ്ധിക്കേണ്ടതായ രണ്ടു കാര്യങ്ങളുണ്ട്–

1. വിശ്വാസമുള്ളവനായിരിക്കണം – പത്ഥ്യോപദേശവും സത്യവിശ്വാസവും കാത്തുസൂക്ഷിക്കുവാൻ മനഃപൂർവ്വശ്രമം ചെയ്യണം. വിശ്വാസത്യാഗത്തിന്റെയും ദുരുപദേശത്തിന്റെയും കഠിനമായ പ്രചരണത്തിന്റെ മദ്ധ്യത്തിൽ പതറിപോകാതെ വിശ്വാസമുള്ളവനായിരിക്കണം.

2. നല്ല മനസ്സാക്ഷി ഉള്ളവനായിരിക്കണം–എന്താണോ പ്രസംഗിക്കുന്നത് അത് അനുസരിച്ചു ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം. പ്രസംഗവും പ്രവർത്തിയും തമ്മിൽ പൊരുത്തപ്പെടുന്നില്ലെങ്കിൽ മനസ്സാക്ഷിക്കു കുത്തും വേദനയും വിഷമവും ഉണ്ടാകുക, സ്വഭാവികയും സാധാരണമാണ്. (തുടരും...)

# ഇവാഞ്ചലിസം ബോർഡ് പ്രവർത്തനങ്ങൾ

**ആലപ്പുഴ:** ഐ. പി. സി. ആലപ്പുഴ വെസ്റ്റ് സെന്റർ ഇവാഞ്ചലിസം ബോർഡിന്റെ ആഭിമുഖ്യത്തിൽ നവംബർ 24,25 തീയതികളിൽ മുഹമ്മ-തടത്തുവെളി, ചേപ്പാട് എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് സുവിശേഷപ്രവർത്തനവും ഭവനസന്ദർശനവും നടന്നു. പാ സ്റ്റർമാരായ ചാക്കോ സ്കറിയ, മാത്യു ബെഞ്ചമിൻ, ഗോഡ്‌ലി സി. ഉതുപ്പ്, എൻ. സ്റ്റീഫൻ, ജോസഫ് ജോ ൺ എന്നിവർ നേതൃത്വം നൽകി. പാസ്റ്റർ ഏബ്രഹാം ജോർജ്ജ് പ്രസംഗിച്ചു.

## നിത്യതയിൽ



**അരിക്കൽ ജോർജ്ജ് (75)**

**വയനാട്:** ചുള്ളിയോട് വേൾഡ് ക്രിസ്ത്യൻ ഫെലോഷിപ്പ് സഭാംഗം ചീരാൽ അരിക്കൽ ജോർജ്ജ് (75) ഡിസംബർ 1ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം സഭാ സെമിത്തേരിയിൽ പാസ്റ്റർ ശാമുവേൽ തോമസ് നടത്തി. ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് പാസ്റ്റർ ജോസ് ശാമുവേൽ നേതൃത്വം നൽകി. പാസ്റ്റർമാരായ. കെ. എം. സുരേഷ്, പയസ്, ജോയി പുൽപ്പള്ളി, രാജു, ബിലീവേഴ്സ് ജേണലിനു വേണ്ടി മലബാർ കോർഡിനേറ്റർ പാസ്റ്റർ സജി നെടുംകണ്ടം എന്നിവർ അനുശോചനം അറിയിച്ചു.

ഭാര്യ: മേരിക്കുട്ടി, മക്കൾ: പോസ്പിരൽ (കേരള പോലീസ്), പാസ്റ്റർ അലക്സാണ്ടർ ജോർജ്ജ്(പാസ്റ്റർ ഐ.പി.സി ദിമാപ്പൂർ, നാഗലാന്റ് ), റോസമ്മ, ഐസക്ക്, പോൾസൺ. മരുമക്കൾ: തങ്കമ്മ, ഡെയ്സി, ശശി(എയർഫോഴ്സ്, ന്യൂഡൽഹി), ഗ്രേസി, വിൽസി.

# ലഹരിവിരുദ്ധ സുവിശേഷ റാലി നടത്തി

**പത്തനംതിട്ട:** സെന്റർ ഇവാഞ്ചലിസം ബോർഡിന്റെയും സ്റ്റേറ്റ് ഇവാഞ്ചലിസം ബോർഡിന്റെയും ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ സുവിശേഷ റാലി നടത്തി. പാസ്റ്റർ തോമസ് വർഗീസിന്റെ അദ്ധ്യക്ഷതയിൽ സെന്റർ സെക്രട്ടറി പാസ്റ്റർ രാജു ജോൺ ഉദ്ഘാടനം ചെയ്തു. പത്തനംതിട്ട ജില്ലയുടെ വിവിധ സ്ഥലങ്ങളിൽ പരസ്യയോഗങ്ങൾ നടത്തി. പാസ്റ്റർമാരായ സിബിൻ കെ. ശാമുവേൽ, ജിജി ചാക്കോ തേക്കുതോട്, ഡി. സാം, മോൻസി സാം, പി. ഐ. ജോർജ്ജുകുട്ടി, ജോസ് ശമുവേൽ, കെ. എ. മാത്യു, ജോൺസൺ ഏബ്രഹാം, സാബു ജോൺ, ബ്രദർ റ്റോം മാത്യു സാം. എന്നിവർ പ്രസംഗിച്ചു. സെന്റർ ഇവാഞ്ചലിസം ബോർഡിന്റെ കൺവീനറായി പാസ്റ്റർ തോമസ് വർഗീസും സെക്രട്ടറിയായി പാസ്റ്റർ ഡി സാമും പ്രവർത്തിക്കുന്നു.

## പി. സി. ഐ. ഭാരവാഹികൾ

പെന്തെക്കോസ്ത് കൗൺസിൽ ഓഫ് ഇന്ത്യ പത്തനംതിട്ട മേഖലയുടെ ജനറൽ ബോഡി മീറ്റിംഗ് നടന്നു. പത്തനംതിട്ട ടൗൺ, ഓമല്ലൂർ, ഇലന്തൂർ, കടമ്മനിട്ട, വടശേരിക്കര എന്നി യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. പുതിയ ഭാരവാഹികളായി പ്രസിഡന്റ് പാസ്റ്റർ ജിജി ചാക്കോ, വൈസ് പ്രസിഡന്റ് പാസ്റ്റർ തോമസ് വർഗീസ്, ബ്രദർ യേശുദാസ് പീറ്റർ , സെക്രട്ടറി പാസ്റ്റർ ഷിബു മാത്യു, ജോ. സെക്രട്ടറി പാസ്റ്റർ ജോസ് ജോർജ്ജ്, ട്രെഷറാർ ബ്രദർ പി.ജി. ജോർജ്ജ്, ജോ. ട്രെഷറാർ ബിജു തോമസ് എന്നിവരെയും രക്ഷാധികാരികളെയും പത്ത് കമ്മറ്റി അംഗങ്ങളെയും തിരഞ്ഞെടുത്തു.

## ഭാരവാഹികൾ



സിസ്റ്റർ കുഞ്ഞൂഞ്ഞമ്മ



സിസ്റ്റർ ലൈസാമ്മ മാത്യു



സിസ്റ്റർ മോളിക്കുട്ടി സൈമൺ

**പത്തനംതിട്ട:** പത്തനംതിട്ട മേഖലാ സോദരിസമാജത്തിന്റെ തിരഞ്ഞെടുപ്പ് നവമ്പർ 25 ന് പുത്തൻപീടിക വിളവിനാൽ ബഥേൽ ഹാളിൽ വച്ച് നടന്നു. ഭാരവാഹികളായി പ്രസിഡന്റ് സിസ്റ്റർ കുഞ്ഞൂഞ്ഞമ്മ മാത്യു, വൈസ് പ്രസിഡന്റ് സിസ്റ്റർ ഷേർളി ബിനു, സെക്രട്ടറി സിസ്റ്റർ ലൈസാമ്മ മാത്യു, ജോ. സെക്രട്ടറി സിസ്റ്റർ ഷേർളി ജിജി, ട്രെഷറാർ മോളികുട്ടി സൈമൺ, സംസ്ഥാന കമ്മറ്റി അംഗങ്ങളായി സിസ്റ്റർ ആലീസ് മാത്യു, സിസ്റ്റർ ജയമോൾ രാജു എന്നിവരും കൂടാതെ പന്ത്രണ്ട് കമ്മറ്റി അംഗങ്ങളെയും തിരഞ്ഞെടുത്തു.

# നവാപൂർ കൺവൻഷൻ സമാപിച്ചു




**നവാപൂർ:** ഉത്തരേന്ത്യയിലെ ഏറ്റവും വലിയ ആത്മീയ സംഗമമായ നവാപൂർ കൺവൻഷൻ സമാപിച്ചു. മഹാരാഷ്ട്രയിലെ കരഞ്ചികുർദ് ഫിലദിൽഫിയ സ്റ്റേഡിയത്തിൽ ഒക്ടോബർ 25ന് ഫിലദിൽഫിയ ചർച്ച് ഓഫ് ഇന്ത്യ ഓവർസിയർ പാസ്റ്റർ ജോയി പുന്നൂസ് കൺവൻഷൻ ഉദ്ഘാടനം ചെയ്തു. വിവിധ യോഗങ്ങളിൽ പാസ്റ്റർമാരായ ഫ്രെഡി തോമസ്, ഷിബു തോമസ്, ബാബു ചെറിയാൻ, ഡോ. ഇടിചെറിയ നൈനാൻ, ഡോ. പോൾ മാത്യു എന്നിവർ പ്രസംഗിച്ചു.

കൺവൻഷനോടനുബന്ധിച്ച് ശുശ്രൂഷക സമ്മേളനം, കുട്ടികളുടെ സമ്മേളനം, യുവജന സമ്മേളനം, വനിതാ സമ്മേളനം, മെഡിക്കൽ ക്യാമ്പ് എന്നിവ നടന്നു. ഒക്ടോബർ 31ന് നടന്ന ഫിലദിൽഫിയ ബൈബിൾ കോളജ് ബിരുദദാന സമ്മേളനത്തിൽ ഡോ. ഇടിചെറിയ നൈനാൻ മുഖ്യ പ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഡോ. ഫിന്നി ഫിലിപ്പ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. 2ന് ഞായറാഴ്ച നടന്ന സംയുക്ത സഭായോഗത്തിൽ പാസ്റ്റർ കെ.വി. ഏബ്രഹാം കർത്തൃമേശയ്ക്ക് നേതൃത്വം നൽകി. ദയാനിധി റാവു, സിസ്റ്റർ വിനിത എന്നിവരുടെ നേതൃത്വത്തിലുള്ള ഫിലദിൽഫിയ ക്വയർ ഗാനശുശ്രൂഷ നിർവഹിച്ചു. ജന. സെക്രട്ടറി പാസ്റ്റർ കെ.ഒ. വർഗീസിന്റെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റികൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി

# പവർ വി. ബി. എസ് – 2015

**ഐ.** പി. സി. സണ്ടേസ്കൂൾസ് അസ്സോസിയേഷൻ നടത്തുന്ന പവർ വി. ബി. എസിന്റെ എട്ടാം വർഷത്തെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. **"ഫോളോ മീ (എന്നെ അനുഗമിക്കുക)** എന്നതാണ് ചിന്താവിഷയം. കേരളത്തിൽ എങ്ങും വി. ബി. എസ്. ഡയറക്ടർമാരായും ലീഡേഴ്സായും പ്രവർത്തിക്കുവാൻ താല്പര്യമുള്ളവർക്കായി കേരളത്തിലെ എല്ലാ ജില്ലകളിലും ഫെബ്രുവരി മാർച്ച് മാസങ്ങളിൽ അദ്ധ്യാപക നേതൃത്വ പരിശീലനവും നടത്തുന്നതാണ്. വി. ബി. എസ്. ഡയറക്ടർമാരായി പൂർണ്ണസമയം പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് പ്രത്യേക സാമ്പത്തിക കൂട്ടായ്മ അസ്സോസിയേഷൻ നൽകുന്നതായിരിക്കും. ഡിസംബർ 31–ാം തീയതിക്കു മുമ്പായി ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്ക് വി. ബി. എസ്. ഡയറക്ടർ ട്രെയിനിംഗ് നൽകി നിയോഗിക്കുന്നതായിരിക്കും. നിയോഗിക്കപ്പെടുന്ന സ്ഥലങ്ങളിൽ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വി. ബി. എസ്. നടത്തുന്നതിനും അദ്ധ്യാപക ട്രെയിനിംഗിനും സന്നദ്ധരായിരിക്കണം. കുട്ടികളുടെ ഇടയിലെ പ്രവർത്തനങ്ങളിൽ താല്പര്യമുള്ളവരാണ് അപേക്ഷിക്കേണ്ടത്. 2015–ലെ പവർ വി. ബി. എസ് ഗാനങ്ങൾ നൽകുവാൻ താല്പര്യമുള്ളവർ ഡിസംബർ 15–നു മുമ്പായി നൽകുവാൻ ആവശ്യപ്പെടുന്നു. താല്പര്യമുള്ളവർ ഡയറക്ടർ ബ്രദർ കുര്യൻ ജോസഫ് (9447156399), ജനറൽ സെക്രട്ടറി പാസ്റ്റർ ജോസ് തോമസ് (9495120446), വി. ബി. എസ്. കൺവീനർ പാസ്റ്റർ സാംകുട്ടി ജോൺ ചിറ്റാർ (9495120446), വി. ബി. എസ്. കോ-ഓർഡിനേറ്റർ പാസ്റ്റർ അനിൽ കുറിയാക്കോസ് (9562245237) എന്നിവരുമായി ബന്ധപ്പെടുക. മേൽവിലാസം വി. ബി. എസ്., ഐ. പി. സി. സണ്ടേസ്കൂൾസ് അസ്സോസിയേഷൻ, ഹെബ്രോൺപുരം, കുമ്പനാട് – 689 547, കേരളം.

## ജനറൽ കൺവൻഷൻ

**പത്തനംതിട്ട:** സീയോൻ ചർച്ചിന്റെ ജനറൽ കൺവൻഷൻ 2015 ജനുവരി 7 മുതൽ 11 വരെ കുമ്പളാംപൊയ്ക കണ്ണമ്പാറ സീയോൻ നഗറിൽ വച്ച് നടക്കും. പ്രസിഡന്റ് പാസ്റ്റർ ബാബു വർഗീസ് ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റർമാരായ കോശി വൈദ്യൻ, ജെയ്സ് പാണ്ടനാട്, ഷാജി എം. പോൾ, തോമസ് ഫിലിപ്പ്, സുനി ഐക്കാട്, ഷാജി കുര്യൻ, മാത്യൂസ് ചാക്കോ എന്നിവർ പ്രസംഗിക്കും. വെള്ളി, ശനി ദിവസങ്ങൾ പകൽ യോഗം ഉണ്ടായിരിക്കും. ഞായറാഴ്ച സഭായോഗവും കർത്തൃമേശയും ഉണ്ടായിരിക്കും. സീയോൻ സിംഗേഴ്സ് ഗാനശുശ്രൂഷ നിർവ്വഹിക്കും.

## കൺവൻഷൻ

**പാലോട്:** യൂണിയൻ കൺവൻഷൻ ഡിസംബർ 26 മുതൽ 28 വരെ ഇടവം ട്രൈബൽ മിഷൻ ചർച്ചിനു സമീപം വച്ച് നടക്കും. റവ. ദേവദാനം ജെയിംസ് ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റർ ജെയ്സ് പാണ്ടനാട് മുഖ്യപ്രഭാഷണം നടത്തും.

**കണ്ണൂർ:** കൂത്തുപറമ്പ് ടൗൺ സ്വകയറിൽ നവംബർ 26– 28 വരെ കൺവൻഷൻ നടന്നു. പാസ്റ്റർമാരായ രാജു ആനിക്കാട്, അനിൽ കൊടിത്തോട്ടം, ജെയ്സ് പാണ്ടനാട്, ലാസർ വി. മാത്യു എന്നിവർ പ്രസംഗിച്ചു. സഹോദരന്മാരായ ഡെൻസിൻ, ബ്രൗൺ മാത്തൻ, സിസ്റ്റർ ബ്യൂല എന്നിവർ ഗാനശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ ഹബീബ് നേതൃത്വം നൽകി.

## 02 ക്രിസ്തുവിന്റെ ആളത്വവും.....

തന്നീനോസ് സുന്നഹദോസുകൾ അറിയൂസിന്റെ വാദങ്ങൾ തള്ളികളഞ്ഞു. "പിതാവിന്റെ അതേ സാരംശം" (ഹോമോവൂസിയോസ്) എന്ന സിദ്ധാന്തം സഭ സ്വീകരിച്ചു. അറിയൂസിനെ സഭാഭ്രംശം ചെയ്തു.

പിതാവിന്റെ അതേസാരംശം (same Sub Stance) എന്നതായിരുന്നു കൗൺസിൽ നിലപാട്. അറിയൂസിന്റെ സമാന സാരാംശം (Like Substance) എന്ന സിദ്ധാന്തത്തെ തള്ളികളഞ്ഞു. നിഖ്യാ സുന്നഹദോസ് കഴിഞ്ഞ ശേഷവും അറിയൂസ് കക്ഷികളും അത്തനാസിയോസും തമ്മിൽ വാദപ്രതിവാദം തുടർന്നു.

എഫസോസിലെ സുന്നഹദോസിൽ വീണ്ടും ക്രിസ്തുവിന്റെ മനുഷ്യത്വം ചർച്ച ചെയ്യപ്പെട്ടു. അപ്പോളനേറിയൻ വാദക്കാർ ക്രിസ്തുവിന്റെ ആളത്വം പരിപൂർണ്ണമാണെന്ന് ഊന്നിപറഞ്ഞു. യേശുവിന്റെ ആളത്വത്തെ എപ്പോഴും ദൈവത്വം നിയന്ത്രിച്ചു. ദൈവത്തിന്റെ ആളത്വം പരിമിതികൾക്കും വ്യതിയാനങ്ങൾക്കും അതീതമാകയാൽ മനുഷ്യമായി പരിമിതനാകുക സാധ്യമല്ല. ദൈവത്വം ദൈവത്തിൽ നിന്നും മനുഷ്യത്വം മറിയാമിൽ നിന്നുമാണെന്ന് പഠിപ്പിച്ചു. കൗൺസിൽ ഈ വാദത്തെ തള്ളികളഞ്ഞു.

യേശുവിന്റെ ദൈവത്വവും മനുഷ്യത്വവും അതതിന്റെ സ്വഭാവ വിശേഷങ്ങൾ പരിരക്ഷിച്ചതുകൊണ്ട് അന്യോന്യം യോജിക്കുകയായിരുന്നുവെന്ന് അല്ക്സാന്ത്രിയൻ ചിന്താധാര (School Of Alexandria) വാദിച്ചു. യേശുവിന്റെ ആളത്വത്തിൽ ഭിന്നത ഒന്നും ഉണ്ടായിരുന്നില്ല. ദൈവത്വവും മനുഷ്യത്വവും പരസ്പരം സ്വാധീനിച്ചു. ഇത് പൗരസ്ത്യ ദൈവശാസ്ത്രത്തിൽ "കമ്മ്യൂണിക്കേഷ്യോ ഇഡിയോമേറ്റം" (Communicatio idiomatum) എന്നറിയപ്പെടുന്നു. എന്നാൽ ക്രിസ്തുവിന്റെ ആളത്തത്തിലെ ദൈവത്വവും മനുഷ്യത്വവും തമ്മിൽ നികത്തുവാനാകാത്ത അകൽച്ച ഉള്ളതായി അന്ത്യോക്യൻ ചിന്താധാര (School of Antioch) പഠിപ്പിച്ചു.

AD 451 ൽ കൂടിയ കൽക്കദോന്യ സുന്നഹദോസ് യേശു പരിപൂർണ്ണ ദൈവവും പരിപൂർണ്ണ മനുഷ്യനു മാണെന്നും മനുഷ്യാവതാരം മൂലം ദൈവീക സ്വഭാവവും മാനുഷിക സ്വഭാവും തമ്മിൽ അന്യോന്യം കുഴപ്പം, വ്യത്യാസം, വിഭജനം, വേർതിരിവ് ഇവ കൂടാതെ സംയോജിച്ചു. യോജിപ്പിൽ ശേഷം രണ്ടു സ്വഭാവങ്ങളിൽ അറിയപ്പെടുന്ന ഏക ആളത്വമായി തീരുകയും ചെയ്തു എന്ന് ചൂണ്ടിക്കാണിച്ചു. എന്നാൽ പൗരസ്ത്യ ചിന്തകന്മാർ (Two nature christology) അംഗീകരിക്കുന്നില്ല. ഏകസ്വഭാവ വാദം (monophysitism) എന്ന നിലപാട് അവർ സ്വീകരിച്ചു.

ക്രിസ്തുവിന് രണ്ട് പ്രകൃതികൾ ഉണ്ടെന്ന വാദം നെസ്തോറിയൻ അംഗീകരിച്ചില്ല. ക്രിസ്തുവിന്റെ രണ്ടു പ്രകൃതികളും ഒന്നായി യോജിച്ചു എന്ന് യുത്തിക്കനിസം പഠിപ്പിച്ചു. പൗരസ്ത്യ സഭകളിൽ ഈ മോണോ ഫിസിറ്റിസമാണ് പ്രചരിച്ചത്.

സെറിന്തസ് എന്ന ചിന്തകൻ പ്രചരിപ്പിച്ചത്, യേശുവും ക്രിസ്തുവും രണ്ടാണെന്നാണ്. സ്നാന സമയത്ത് യേശുവിന്റെ മേൽ 'ക്രിസ്തുവിന്റെ ആത്മാവ് (ദൈവത്വം) വരിക്കും ക്രൂശീകരണക്കിന് മുമ്പ് അവനെ വിട്ടുപോയതും ചെയ്തു. യേശു മനുഷ്യത്വവും ക്രിസ്തു ദൈവത്വമാണെന്ന് പഠിപ്പിച്ചു. ഇത് ഗുരുതരമായ ദുരുപദേശമാണ്. യോഹന്നാൻ തന്റെ ലേഖനത്തിൽ നിന്ന് മറുപടി നൽകുന്നുണ്ട്. ഇവർ കള്ളപ്രവാചകന്മാർ, തെറ്റിക്കുന്നവർ, എതിർ ക്രിസ്തുക്കൾ (4:1; 2:26; 3:7; 2:10) എന്നിങ്ങനെ വിളിക്കുന്നു.

യേശു തന്നെ ക്രിസ്തുവെന്ന് അപ്പോസ്തലന്മാർ തെളിയിച്ചു പറഞ്ഞു (അപ്പോ. 5:42, 9:22, 17:3; 18: 5, 28) രണ്ടും മൂന്നും നാലും നൂറ്റാണ്ടുകളിലെ വേദശാസ്ത്ര വ്യാഖ്യാനങ്ങളും സുന്നഹദോസ് തീരുമാനങ്ങളും സഭാ നിശ്ചയങ്ങളും വ്യക്തമാണ്. ക്രിസ്തുവിന്റെ സ്വയപരിത്യാഗ സിദ്ധാന്തവും (കെനോസിസ്) വൈയക്തിക സംയോജനവും അറിയാത്ത റെയ്സൺ ഭോഷ്ക് പ്രചരിപ്പിക്കുകയാണ്. പിതാക്കന്മാർ ചർച്ച ചെയ്ത് ചവറ്റുകൊട്ടയിൽ എറിഞ്ഞ ദുരുപദേശങ്ങൾ വീണ്ടും ചിലർ പ്രചരിപ്പിക്കുകയാണ്. റെയ്സന്റെ ദുരുപദേശത്തിന്റെ സ്ഥാനവും ആ ചവറ്റുകൊട്ടയിൽ തന്നെ.

## സെന്റർ കൺവൻഷൻ

**കോന്നി:** ഐ. പി. സി. കോന്നി ഈസ്റ്റ് സെന്റർ കൺവൻഷൻ 2015 ജനുവരി 1 മുതൽ 4 വരെ ആനകുത്തി ഐ. പി. സി. ബെഥേൽ ചർച്ച് ഗ്രൗണ്ടിൽ വച്ച് നടക്കും. സെന്റർ മിനിസ്റ്റർ പാസ്റ്റർ പി. സി. ശാമുവേൽ ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റർമാരായ ബിനു ഡൊമിനിക്ക്, ജെയ്സ് പാണ്ടനാട്, കെ. കെ. ബാബു (വൈക്കം) എന്നിവർ പ്രസംഗിക്കും. ലിവിംഗ് വോയ്സ് റാന്നി ഗാനശുശ്രൂഷ പ്രസംഗിക്കും. കൂടുതൽ വിവരങ്ങൾക്ക് കൺവീനർ സിജു തോമസ് 9961221950.

## സോദരീസമാജപ്രവർത്തനം

**ആലപ്പുഴ:** ഐ. പി. സി. ആലപ്പുഴ വെസ്റ്റ് സോദരീ സമാജത്തിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 3ന് കോമളപുരം കേന്ദ്രീകരിച്ച് ഭവനസന്ദർശനവും സുവിശേഷപ്രവർത്തനവും നടന്നു. സെന്റർ സോദരീസമാജം ഭാരവാഹികൾ നേതൃത്വം നൽകി.

ധ്യാനം

# കല്ല് അപ്പമാക്കുന്ന കൺകെട്ടുകാർ



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

എല്ലാ കാലഘട്ടത്തിലും എല്ലാ ഇടങ്ങളിലും മനുഷ്യന്റെ ആവശ്യം മുതലാക്കി ചൂഷണം നടത്തി നേട്ടം കൊയ്യുന്നവർ അനേകരുണ്ട്. അത് പണ്ടത്തെക്കാളേറെ മനുഷ്യജീവിതത്തിന്റെ സമസ്ത തലങ്ങളിലും പ്രകടമാണ്. മത മണ്ഡലങ്ങളിലും രാഷ്ട്രീയ മേഖലകളിലുമൊക്കെ ഇത് നന്നായി പ്രതിഫലിക്കുന്നുമുണ്ട്. പൂർവ്വകാലങ്ങളെക്കാൾ മനുഷ്യനു ദൈവത്തെ ഏറെ ആവശ്യമുള്ള ഒരു തലമുറയിൽ ആണ് നാം ജീവിക്കുന്നത്. ആത്മീകത ഇത്രയേറെ വ്യാപാരം ചെയ്യപ്പെടുന്ന ഒരു കാലം ഇതിനു മുൻപ് ഉണ്ടാകാനിടയില്ല. കാരണം മുൻകാലങ്ങളിലെക്കാൾ മനുഷ്യൻ എല്ലാ പലവിധ പ്രശ്നങ്ങളുടെ നൂലാമാലയിൽ പെട്ടുഴലുകയാണ്. ജനത്തിന്റെ ആവലാതികൾ മുതലാക്കി മഹാന്മാരാകുന്നവർ ദിനംപ്രതി ഏറിവരുന്ന ദുരവസ്ഥ!! നാളെ എന്താകുമെന്നറിയുവാനുള്ള അമിതമായ വാഞ്ഛ മനുഷ്യനെ ആകെ കീഴടക്കി. ഫലമോ അതിനായി തുറക്കപ്പെടുന്ന എല്ലാ വഴികളിലേക്കും ജനം പ്രവഹിക്കുവാൻ തുടങ്ങി. ഇത്തരത്തിൽ പരിഹാരം തേടി ഏറെ ആളുകളും ഒഴുകുന്നത് ആത്മീക മേഖലയിലേക്കാണ്. ഇവിടെയാണ് പാകപ്പെടുത്തിയെടുത്ത തന്ത്രങ്ങൾ വളരെ കൗശലത്തോട് കൂടി ആവിഷ്ക്കരിച്ചുകൊണ്ട് വല വിരിച്ചു കാത്തിരിക്കുന്ന ചൂഴവൃന്ദത്തിന്റെ വഞ്ചനയിൽ ജനം കുടുങ്ങാൻ സാധ്യതയുള്ളത്. വസ്തുതകളുടെ യാഥാർത്ഥ്യം തിരിച്ചറിയാതെ എങ്ങനെയും തങ്ങളുടെ ആവശ്യം പരിഹരിക്കപ്പെടണമെന്ന ചിന്തയോടെ ഇവരുടെ വശീകരണ വലയിൽ വീണിട്ടൊടുവിൽ തിരിച്ചിറങ്ങാനാകാതെ തെറ്റുകളിലും ദുരുപദേശങ്ങളിലും തുടരേണ്ടി വരുന്ന ദുരവസ്ഥയാണ് ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി എന്ന് പറഞ്ഞാൽ അത് തെറ്റാകില്ല.

നാൽപതു ദിനരാത്രങ്ങളിലെ ഉപവാസത്തിന് ശേഷം യേശുക്രിസ്തുവിനു വിശന്നപ്പോൾ അവിടുത്തെ അപ്പോഴത്തെ ആവശ്യത്തിനു ഉള്ള പരിഹാര നിർദ്ദേശവുമായി പിശാചു യേശുവിനെ സമീപിക്കുന്നു. അവിടെ കിടക്കുന്ന കല്ലുകളോട് കൽപിച്ച് അതിനെ അപ്പമാക്കി ആവശ്യം നിറവേറ്റുവാനും അതിലൂടെ തന്റെ ദൈവത്വം തെളിയിക്കുവാനുമുള്ള പരീക്ഷകന്റെ ആവശ്യം നിരാകരിച്ചുകൊണ്ട് യേശു കൊടുത്ത മറുപടി ശ്രദ്ധേയമാണ്. കല്ലിനെ അപ്പമാക്കി തന്റെ ആവശ്യം പരിഹരിക്കുന്നതിന് പകരം ജീവിപ്പിക്കുന്നത് ദൈവത്തിന്റെ വായിലൂടെ വരുന്ന വചനമാണെന്ന് മറുപടി നല്കി ആരോപകന്റെ അധരമടപ്പിച്ചു. ദൈവത്തിന്റെ വചനത്തിനു പകരം സാത്താന്യസംവിധാനങ്ങൾ നിർദ്ദേശിക്കുന്ന എല്ലാ പരിഹാരമാർഗ്ഗങ്ങൾക്കു പിറകിലും നമുക്ക് പെട്ടന്നൊന്നും പിടികിട്ടാത്ത പാമ്പിന്റെ തന്ത്രങ്ങൾ ഒളിഞ്ഞിരുപ്പുണ്ട്. നമ്മുടെ ജീവിതത്തിൽ ദൈവഹിതപ്രകാരം സംഭവിക്കുന്ന പ്രശ്നങ്ങളിലൂടെയും താഴ്ചകളിലൂടെയും ദൈവത്തിനു പഠിപ്പിക്കാൻ ചിലതുണ്ട് (ആവർത്തനം 8:3). അതിലൂടെ ദൈവത്തിനു കൈമാറാനുള്ള സന്ദേശം മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത് എന്നും യഹോവയുടെ വായിൽ നിന്നും പുറപ്പെടുന്ന വചനം കൊണ്ടും ആകുന്നു എന്ന് നമ്മെ ഗ്രഹിപ്പിക്കേണ്ടതിനാണ്. ദൈവത്തിനു നമ്മെ ചിലത് പഠിപ്പിക്കുവവാനായി ദൈവമായി തന്നെ ക്രമീകരിക്കുന്ന ജീവിതസാഹചര്യങ്ങളെ പരാജയമായി കാണരുത്. ഇത്തരം സാഹചര്യങ്ങളിൽ ആണ് കല്ലുകളെ അപ്പമാക്കുന്ന കൺകെട്ടുകാർക്ക് അവസരങ്ങൾ വീണുകിട്ടുന്നത്.

സ്വർഗ്ഗീയധാന്യമായ ദൈവത്തിന്റെ വചനമാണ് മനുഷ്യൻ ഇന്ന് നേരിടുന്ന ആത്മീകവിശപ്പുകൾക്കും ശൂന്യതകൾക്കും അരക്ഷിതാവസ്ഥകൾക്കും ഉള്ള ഏക പരിഹാരം. എന്നാൽ ആ സത്യത്തിലേക്ക് ജനത്തിന്റെ കണ്ണുകളെ തുറപ്പിക്കാതെ നേരിടുന്ന പ്രശ്നങ്ങൾക്ക് ദൈവവചനത്തിനു പുറത്തുള്ള പരിഹാരം നിർദ്ദേശിക്കുന്ന ആധുനിക പരിഷ്കർത്താക്കൾ നടത്തുന്നത് ശുദ്ധ വചനനിഷേധമാണ്. ഞാൻ ചെയ്തതിലും അധികം ചെയ്യുമെന്ന ക്രിസ്തുമൊഴിയെ വികല വ്യാഖ്യാനം നല്കി യേശു അപ്പമാക്കാതെ വിട്ടു കളഞ്ഞ കല്ലുകളെ അപ്പമാക്കി കച്ചവടം ചെയ്തു കൊഴുക്കുന്ന അതിമാനുഷരുടെ ജാലവിദ്യ കണ്ടിട്ട് കർത്താവ് പോലും ചിരിക്കുന്നുണ്ടാകും.

കല്ലപ്പമാക്കുന്ന അത്ഭുത ശുശ്രൂഷകളിൽ ആയിരങ്ങൾ തടിച്ചുകൂടുന്നു. കാരണം മനുഷ്യന്റെ ആവശ്യങ്ങൾ അത്ര കണ്ടു കഠിനമാണ്. ഇതിനിടയിൽ വചനം നൽകി വിശപ്പടക്കാൻ വിളിക്കുന്ന വചനാനുശൃത ശുശ്രൂഷകളോട് ജനത്തിനു താല്പര്യമില്ല. അതുകൊണ്ട് തന്നെ ദൈവവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ടിരുന്ന വേദികൾ പലതും ആളുകളുടെ പെരുപ്പം കൂട്ടാൻ ചില പൊടിക്കൈകൾ കൂടെ ചേർക്കേണ്ടിവരുന്നു!! വചനത്തെ ഉറപ്പിക്കാൻ ഉതുകുന്ന അത്ഭുതങ്ങളും വീര്യപ്രവർത്തികളും ഒക്കെ വചനത്തിനു പകരം നിൽക്കുന്ന വൈരുദ്ധ്യം ഏറെ അപകടം നിറഞ്ഞതാണ്. ദൈവവചനത്തിനു അർഹിക്കുന്ന സ്ഥാനം കൊടുക്കാതെ അതിനോടാദരവു നടത്തി ജനക്കൂട്ടത്തിന്റെ മനശാസ്ത്രം മനസ്സിലാക്കി വചനത്തെ പുറകിൽ എറിഞ്ഞുകളഞ്ഞുകൊണ്ട് ഇത്തരം അത്ഭുത സന്ധ്യകളിലൂടെ അരങ്ങേറുന്ന പ്രകടങ്ങളിൽ ആരുടെ വിശപ്പാണ് മാറുന്നത് എന്ന് വിചിന്തനം ചെയ്താൽ നന്നായിരിക്കും. ജീവിപ്പിക്കുന്നതു ആത്മാവും ആകുന്നു; മാസം ഒന്നിന്നും ഉപകരിക്കുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു(യോഹന്നാൻ 6:63). വചനം ജനത്തിനു കൊടുത്ത് അവരുടെ ആത്മീക വിശപ്പടക്കി നിത്യതയിലേക്ക് അവരെ നയിക്കേണ്ടതിനു പകരം പലതരം കൺകെട്ടുകൾ സുവിശേഷ വേദികളിൽ അവതരിപ്പിച്ചു ജനത്തെ ഒരുതരം മാസ്മരവലയത്തിലാക്കി മുതലെടുപ്പ് നടത്തുന്ന മായജാലകൂട്ടങ്ങൾ പെരുകുമ്പോൾ അതിനെ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ വിവേചിക്കേണ്ടതാവശ്യമാണ്!!

# ഫിലഡൽഫിയ എബൻ – ഏസർ ദൈവസഭയും ത്രിപുരയിലെ ഗ്രാമസുവിശേഷീകരണവും

റോയി മേപ്രാൽ



ആരാധന

ത്രിപുര എല്ലാം കൊണ്ടും കേരളത്തെ ഓർമ്മപ്പെടുത്തുന്ന ഭൂപ്രദേശമാണ്. മലകളും താഴ്വരകളും നെൽപ്പാടങ്ങളും നിറഞ്ഞു നിൽക്കുന്ന നാട്. മാവ്, വാഴ, റബ്ബർ എന്നിവ എവിടെയും കാണാം. മലഞ്ചരുവുകളിൽ തേയില കൃഷിയും സാധാരണയാണ്. മാത്രമല്ല കാലങ്ങളായി കമ്മ്യൂണിസ്റ്റു ഭരണം നിലനിൽക്കുന്ന ഏക സംസ്ഥാനവും. എന്നാൽ കേരളത്തിന്റെ ഏഴ് അയലത്തുപോലും എത്തിയിട്ടില്ലാത്തതാണ് ഇവിടുത്തെ സുവിശേഷ പ്രവർത്തനങ്ങൾ.

കൽട്ടക്കട്ടയിൽ നിന്നും അധികം അകലെയല്ലെങ്കിലും ബംഗ്ലാദേശ് ഇടയ്ക്കു കിടക്കുന്നതു കാരണം കരമാർഗം ഇവിടെ എത്താൻ ബംഗാൾ ആസാം, മിസോറാം എന്നീ സംസ്ഥാനങ്ങൾ താണ്ടണം. പിന്നീടു ഭാഷ മറ്റൊരു പ്രശ്നമാണ്. അനേകം ഗോത്ര വർഗക്കാരാണ് ഇവിടെ പാർക്കുന്നത്. എല്ലാവർക്കും അവരവരുടെ ഭാഷയുണ്ട്. അതു പഠിക്കുക ദുഷ്കരമാണ്. ഗോത്രങ്ങൾ തമ്മിലുള്ള വൈര്യം കാരണം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ അതാതു ഗോത്രങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കേണ്ടിവരുന്നു. സ്വദേശികളേക്കാൾ ജനസംഖ്യയിൽ കൂടുതൽ നുഴഞ്ഞു കയറിയിട്ടുള്ള ഹൈന്ദവരായ ബംഗാളികളാണ്. കടുത്ത വിഗ്രഹാരാധന വച്ചു പുലർത്തുന്ന ഇവരുടെ ഇടയിൽ കാര്യമായ പ്രവർത്തനങ്ങൾ ഉള്ളതായി അറിവില്ല.

പണ്ടുകാലം മുതൽ ബാപ്റ്റിസ്റ്റുകാരുടെ ആധിപത്യം ഇവിടെ ഉണ്ടായിരുന്നതിനാൽ സുവിശേഷീകരണത്തിന് തദ്ദേശീയരെക്കാൾ എതിർപ്പു നേരിടേണ്ടിവരുന്നത് ഇവരിൽ നിന്നാണ്. ബിലീവേഴ്സ് ചർച്ചിന് ഇവിടെ ബഹൃത്തായ സംവിധാനങ്ങളാണുള്ളത്. മുപ്പതോളം ഏക്കറിൽ നിൽക്കുന്ന ബൈബിൾ സ്കൂളുകളും അനവധി സഭകളും ഉണ്ടായിരുന്നെങ്കിലും അവയെല്ലാം കൂട്ടത്തോടെ എപ്പിസ്ക്കോപ്പൽ കൂടാരങ്ങളായി മാറിയതിനാൽ സത്യസുവിശേഷത്തിനു പ്രചാരകർ കുറഞ്ഞുവരികയാണ്.

ടി. പി. എം. ഐ. പി. സി. പ്രസ്ഥാനങ്ങളുടെ പ്രവർത്തനം ചില യിടങ്ങളിലുണ്ടെങ്കിലും എല്ലാ പ്രവർത്തനങ്ങളും അതിന്റെ ശൈശവ ദശയിലാണ്. മംഗോളിയൻ വംശത്തിൽ പെട്ട ത്രിപുരിയർക്ക് പ്രത്യേകാൽ ഒരു മതം ഇല്ല എങ്കിലും അവർ ഹിന്ദുക്കളായി അറിയപ്പെടുന്നു. സുവിശേഷത്തോട് അവരുടെ സമീപനം വളരെ ആശാവഹമാണ്. ഈ സാഹചര്യങ്ങളെ കണക്കിലെടുത്ത് ഇവിടെയുള്ള ജനങ്ങളെ ക്രിസ്തുവിലേക്ക് ആകർഷിക്കുന്നതിൽ ഒരു പങ്കുവഹിക്കുവാൻ ഫിലഡെൽഫിയായിലുള്ള എബൻ ഏസർ ദൈവസഭ മുന്നോട്ടു വന്നത്. ദൈവസഭയുടെ നോർത്ത് ഈസ്റ്റേൺ റീജിയന്റെ ചുമതലയിൽ ഇവിടെ തുടങ്ങിവെച്ച പ്രാരംഭ പ്രവർത്തനങ്ങളെ നേരിൽ കാണുവാനും പുരോഗമനപ്രവർത്തനങ്ങളുടെ സാദ്ധ്യത പഠിക്കുവാനും ചില സഹോദരന്മാർ ത്രിപുര സന്ദർശിക്കുകയും വിശാലമായ ഒരു പ്രവർത്തന പദ്ധതി തയ്യാറാക്കി സഭയുടെ കൗൺസിലിൽ ഏൽപിക്കുകയും ചെയ്തു. തൽഫലമായി പല പുതിയ വേലസ്ഥലങ്ങളും പ്രവർത്തകരെയും കണ്ടെത്തി സുവിശേഷപ്രവർത്തനങ്ങൾ വിശാലമാക്കി. തദ്ദേശിയരായ സുവിശേഷകരിലൂടെ ചുരുങ്ങിയ കാലം കൊണ്ട് പതിനാലു സഭകൾ ഉടലെടുത്തു. പല ചെറിയ കൂടിവരവുകളും ഗ്രാമങ്ങളിൽ ആരംഭിച്ചുകൊണ്ടിരിക്കുന്നു.

തലസ്ഥാനമായ അഗർത്തല കഴിഞ്ഞാൽ പിന്നെ മിക്കവാറും ജനസാന്ദ്രത കുറവുള്ള ഗ്രാമങ്ങളാണ്. കൽക്കട്ട തെരുവുകളെക്കാൾ വളരെ ശുചിത്വമുള്ളതാണ് ഇന്നാട്ടിലെ തെരുവുകൾ എങ്കിലും പലയിടങ്ങളിലും ചെന്നെത്തുക ബുദ്ധിമുട്ടാണ്. മലകളും താഴ്വരകളും ഹെയർപിൻ വളവുകളുമുള്ള നിരത്തുകളിലൂടെ സൈക്കിളിലോ ബൈക്കിലോ യാത്ര ദുഷ്കരമാണ്.

350 രൂപയാണ് ഒരാളുടെ ശരാശരി ദിവസക്കൂലി. എന്നാൽ സാധനങ്ങൾ കരമാർഗം ഇവിടെ എത്തിക്കുന്നതിന്റെ അമിതച്ചിലവുകാരണം എല്ലാറ്റിനും തീപിടിച്ച വിലയുമാണ്. നഗരം വിട്ടാൽ മിക്കവാറും എല്ലാ വീടുകളും മൺ ഭിത്തിയിൽ നിർമ്മിച്ച് മുകളിൽ തകരപ്പാളി കൊണ്ടുള്ള മേൽക്കൂര പാകിയതാണ്. ജനസംഖ്യയിൽ കൂടുതലും ചെറുപ്പക്കാരാണ്. പുതിയതായി രക്ഷിക്കപ്പെട്ടു വരുന്നവരിൽ നല്ല ശതമാനവും യുവാക്കളാണ് എന്നത് ഇവിടുത്തെ സുവിശേഷകരണത്തിന് വളരെ ആശാവഹമായ ഒരു ഭാവിയെ വാഗ്ദാനം ചെയ്യുന്നതാണ്.



കൺവൻഷൻ

കേരളത്തിലെ ദൈവസഭയുടെ 91–ാമതു കൺവൻഷൻ നടന്ന ഈ വർഷം ഭാരതത്തിന്റെ അങ്ങേതലയ്ക്കലുള്ള ത്രിപുര സംസ്ഥാനത്ത് ദൈവസഭയുടെ പ്രഥമ കൺവൻഷൻ ഒക്ടോബർ 24 മുതൽ 29 വരെ നടക്കുകയുണ്ടായി. ഇതിനിടയിൽ സുവിശേഷം ഇനിയും എത്തിച്ചേരാത്ത ബഹു സഹസ്രം ഗ്രാമങ്ങൾ വേറെ അവശേഷിക്കുന്നുണ്ട്. കേരളത്തിലെ സ്വയം പര്യാപ്തമായുള്ള ബഹുശതം പെന്തെക്കോസ്തു സഭകൾ മനസുവച്ച് ഒരു ഗ്രാമത്തെ എങ്കിലും സുവിശേഷീകരണത്തിനായി ദത്തെടുക്കുവാൻ മുന്നോട്ടു വന്നാൽ ഭാരതസുവിശേഷീകരണത്തിന് അത് ഒരു വലിയ മുന്നേറ്റമായിരിക്കും.

മാധ്യമവിചാരം

# സൈമൺ സാർ സംവാദം വിവാദമാക്കേണ്ടതില്ല




അനിൽ കൊടിത്തോട്ടം
9495733727


ജേണലിന്റെ ഒരു മുൻലക്കത്തിൽ സാന്ദർഭികമായി ലേഖകൻ പരാമർശിച്ച കെ. വി. സൈമൺ സാർ വിശകലനം ചിലർ തെറ്റിദ്ധരിച്ചിരിക്കുന്നു. എന്റെ എഴുത്തിലെ സൈമൺ സാർ പരാമർശത്തെ രണ്ടായി തിരിക്കാം. 1) പ്രശംസാർഹം 2) വിമർശനപരം. എന്റെ സുഹൃത്തുക്കൾ ജയ്മോഹൻ അതിരുങ്കലും ജെയ്സ് പാണ്ടനാടും ഇതിനോട് പ്രതികരിക്കുമ്പോൾ അവരുടെ സൈമൺ സാർ അഭിനന്ദനത്തെ 90ശതമാനവും ഞാനും അംഗീകരിക്കുന്നു. വിയോജിപ്പുള്ള കാര്യങ്ങൾ ഒരിക്കൽ കൂടി ആവർത്തിക്കുന്നു.

മഹാകവി സൈമണിലെ കവിയെമാത്രം എടുത്ത് ഉള്ളൂർ, ആശാൻ, വള്ളത്തോൾ - ത്രയത്തോടു തുലനം ചെയ്താൽ, അദ്ദേഹം ശരാശരിക്കാരൻ മാത്രം. ദുരവസ്ഥയ്ക്കും ചിത്രശാലയ്ക്കും ചണ്ഡാലഭിക്ഷുകിക്കും സാഹിത്യമഞ്ജരിക്കും ഒപ്പം നിൽക്കാൻ വേദവിഹാരത്തിനു ത്രാണിപോരാ. വള്ളത്തോളിന്റെ നാഗില എന്ന കാവ്യത്തിൽ പരാമർശിക്കുന്ന ഉജ്ജ്വല പദസമ്പത്ത് വേദവിഹാരത്തിലെങ്ങുമില്ല. മണിപ്രവാളം എന്ന സംസ്കൃത സാധീനം ഭവിച്ച സങ്കര മലയാളത്തെ അതിരുവിട്ട് പ്രണയിച്ച സൈമൺ സാർ തന്റെ കൃതികളിൽ 'ട' യും 'ട്ട' യും അതിരുവിട്ട് തട്ടിയതു കണ്ട് അത് അതിമഹത്തരം എന്നു കരുതുന്നവർ ബ്രദറുകാരും പെന്തെക്കോസ്തരും മാത്രം. ശുദ്ധമലയാള വാദത്തിന്റെ പ്രാണനേതാവായ എഴുത്തച്ഛൻ മണിപ്രവാള മാനിയക്കാരെ ചെറുത്തുനിന്ന മഹാരഥനാണ്. മറുവശത്ത് മണിപ്രവാളസാഹിത്യത്തിലുള്ള സൈമൺ സാറിന്റെ രചനകൾ ഈ നിരയിൽപെട്ട ഉണ്ണായിവാര്യർക്കും മറ്റും മുമ്പിൽ ഒരളവിലും ശരാശരിപോലുമല്ല.

ഉല്പത്തി പുസ്തകത്തിലെ സംഭവങ്ങൾ കാവ്യവൽക്കരിക്കുന്നതിലൂടെ, ഒരു പ്രമേയം അഥവാ ത്രെഡ് സ്വന്തമായുള്ള സൈമൺ സാർ 'വേദവിഹാരം' ചമച്ചതോ സമൂഹത്തിലേക്കിറങ്ങി ജീവിതാനുഭവങ്ങളുടെ മൂശയിൽ വെന്തുരുകിയ ആശാൻ 'ദുരവസ്ഥ' രചിച്ചതോ ഏതാണ് ഉത്തമം എന്നു ചോദിച്ചാൽ സംശയമെന്തിന്. ആശാൻ ആശയഗംഭീരൻ, സൈമൺ സാർ ബൈബിൾ ആശയചിത്തനായ മഹാകവി. ഉള്ളൂരും മറ്റും അദ്ദേഹത്തെ പ്രശംസിച്ചുവെന്നതാണ് മേനി പറയാൻ എടുക്കുന്നതെങ്കിൽ അറിയുക അവതാരികയും അഭിപ്രായവും കുറിക്കുന്ന പലരും എഴുത്തുകാരെ പ്രശംസാവചനങ്ങൾ കൊണ്ട് മൂടിയിട്ടുണ്ട് (നമ്മുടെ കാനം അച്ചൻ ചെയ്യുന്നതുപോലെ). ജോസഫ് പടിഞ്ഞാറേക്കരയുടെ കവിതയെ ഒ. എൻ. വി. പ്രശംസിച്ചിട്ടുണ്ട്. ഇതിനർത്ഥം ഒ. എൻ. വി.ക്ക് മുകളിലാണോ പടിഞ്ഞാറേക്കര എന്നാണോ? പാളം തെറ്റിയ തീവണ്ടിക്ക് അരഡസൻ മഹാന്മാർ നിരൂപണപഠനത്തിലൂടെ പച്ചക്കൊടിക്കാട്ടിയിട്ടുണ്ട്. മഹോദ്രപം ചാണ്ടിക്കുഞ്ഞ്, യാഗപീഠം പൊടിയച്ചൻ തുടങ്ങി മുപ്പതിൽപരം ഇരട്ടപ്പേരുകാരെ ക്ലോൺ ചെയ്തെടുത്ത് കംപാർട്ടുമെന്റുകളിലൂടെ അലയാൻ വിട്ട് യാത്രക്കാരന്റെ പാളം തെറ്റിക്കുന്ന മഹോദ്രപം സാംകുട്ടിക്ക് ജ്ഞാനപീഠം ശുപാർശ ചെയ്യുന്ന നിരൂപകന്മാർ നിരൂ - 'പണം' ചെയ്തിട്ടുള്ളതും സുഹൃത്തുക്കൾ ശ്രദ്ധിക്കുമല്ലോ.

സൈമൺ സാറിലെ ബൈബിൾ ഗ്രന്ഥകാരനെയാണ് ഞാൻ വിമർശിച്ചിട്ടുള്ളത്. അദ്ദേഹത്തിലെ സാഹിത്യകാരനെയല്ല അദ്ദേഹത്തിലെ സാഹിത്യകാരനെക്കുറിച്ച് എനിക്ക് വിമർശനമേയില്ല. അതിന് സമശീർഷകരുടെ എഴുത്തിന്റെ നിലവാരമില്ല എന്ന അഭിപ്രായമേ പറഞ്ഞിട്ടുള്ളൂ. അദ്ദേഹം എഴുതിയ ബൈബിൾ അധിഷ്ഠിത കൃതികളിൽ വെളിപ്പാട് വ്യാഖ്യാനം ഈ മേഖലയിലെ ഏറ്റവും ദരിദ്രാവസ്ഥയിൽപെട്ടതാണ് എന്ന വാദത്തിൽ ഉറച്ചുനിൽക്കുന്നു. സമാഗമനകൂടാരം അങ്ങേയറ്റം അബദ്ധജഡിലവും. ഒന്നരമുഴം വരുന്ന പലകയുടെ അളവ് കൃപയുടെ അളവാണ് എന്ന് സൈമൺ സാർ പറയുമ്പോൾ അളവറ്റ കൃപയെന്ന വേദപുസ്തക ചിന്തയുമായി ഒരു യോജിപ്പുമില്ല. ഇത്യാദി നൂറുകണക്കിന് അബദ്ധപ്രയോഗങ്ങൾക്കൊണ്ട് വചനസത്യങ്ങളെ മലിനമാക്കുന്ന കൃതി ഉൽക്കൃഷ്ടമെന്ന് കരുതാനുള്ള ആരുടെയും സ്വാതന്ത്ര്യത്തെ അംഗീകരിക്കുന്നു. പക്ഷെ മറുവശത്ത് സൈമൺ സാറായതിനാൽ അദ്ദേഹത്തിന് തെറ്റാവരമുണ്ടെന്ന് കരുതാൻ എനിക്കാവില്ല.

ജയ്മോഹൻ - കൊടിത്തോട്ടം എന്നൊരു തർക്കം ഇവിടെ ഉദിക്കുന്നില്ല. മികച്ച കാർട്ടൂണിസ്റ്റും നല്ല നിരൂപകനുമാണ് ജയ്മോഹൻ. യേശുദാസൻ എന്ന ഒരു കാർട്ടൂണിസ്റ്റിനെക്കുറിച്ച് നമുക്കറിയാം. കാര്യമായ നർമ്മബോധമില്ലാത്ത ചൈതന്യരഹിതമായ വരകൾകൊണ്ട് കാർട്ടൂൺ സൃഷ്ടിക്കുന്ന യേശുദാസന്റെ സ്ഥാനം, മംഗളത്തിലെ സക്കീർ ഹുസൈനും മാതൃഭൂമിയിലെ ഗോപീകൃഷ്ണനും മുകളിലാണ്. പക്ഷെ ആസ്വാദനക്ഷമതയുടെ കുറവോ അറിവുകേടോ എന്തെന്ന് അറിയില്ല. യേശുദാസന്റെ വര അറുബോറായിട്ടാണ് എനിക്ക് തോന്നിയിട്ടുള്ളത്. എനിക്ക് ജയ്മോഹനും താഴെ. ഇങ്ങനെ ചിന്തിച്ചുപോകുന്നത് നിമിത്തം ഉടയപ്പെടുന്ന വിഗ്രഹങ്ങളുടെ ഉടമകൾക്കുണ്ടാകാവുന്ന മനോവ്യഥ മനസ്സിലാകുന്നു. സൈമൺ സാർ ചർച്ചയിൽ ജയ്മോഹൻ തന്റെ നിരീക്ഷണങ്ങളിലൂടെ മുമ്പോട്ട് പോകട്ടെ. എന്റെ വിയോജിപ്പുമായി ഞാനും. പക്ഷെ, അജണ്ട അറിയാതെ ചർച്ചയ്ക്ക് തുനിഞ്ഞ ഒരുവന്റെ തത്രപ്പാടോടെയാണ് ജെയ്സ് പ്രതികരണം കുറിക്കുന്നത്. സൈമൺ സാറിന്റെ പ്രതിഭാശാലിത്തം തെളിയിക്കാൻ പഴയ സ്മരണിക അപ്പാടെ പകർത്തിവെച്ച് എന്നെ നേരിടുന്ന ജെയ്സ് പാണ്ടനാട് എഴുതാപ്പുറവും വായിക്കുന്നുണ്ട്. സൈമൺ സാർ അലിഗറിക്കാരനായിരുന്നു. അതുകൊണ്ട് വെളിപ്പാട് പുസ്തകവ്യാഖ്യാനം മോശമായിയെന്ന് ഞാൻ രേഖപ്പെടുത്തിയതായി വായനക്കാർക്ക് തോന്നും വിധം ജെയ്സ് അലിഗറിയുടെ ഉത്ഭവചരിത്രവും സൂചിപ്പിക്കുന്നു. എന്റെ കുറിപ്പിലെങ്ങും അലിഗറി എന്ന പദമില്ല. മാത്രമോ ഞാൻ മുമ്പോട്ടു വെച്ച രണ്ടു വിമർശനങ്ങൾക്കും മറുപടിയുമില്ല. ഞാൻ എന്നല്ല, ഒരാവർത്തി വെളിപ്പാട് പുസ്തകം വായിച്ച ആർക്കും മനസ്സിലാകും അദ്ദേഹത്തിന്റെ വ്യാഖ്യാനത്തിന് വായനക്കാരന്റെ ഷെൽഫിലോ മേശപ്പുറത്തോ സ്ഥാനമില്ലെന്ന്. അല്ല ഇവ മികച്ചതാണെന്നും എന്റെ സുഹൃത്തുക്കൾ കരുതുന്നെങ്കിൽ ഒരു ചർച്ചയ്ക്ക് തയ്യാറായിക്കൊള്ളു.

ഒരു സംവാദത്തിൽ തെസീസ്, ആന്റി തെസീസ്, സിന്തസീസ് എന്നിങ്ങനെ മൂന്നുവശങ്ങളുണ്ട്. എന്റെ തെസീസ് ഞാൻ ആവർത്തിക്കുന്നു. സൈമൺ സാർ മികച്ച ക്രൈസ്തവ കവി, പ്രതിഭാധനനായ വാഗ്മി, മികച്ച താ

04

കണ്ടതും കേട്ടതും

# "ലുക്സാറി, ഫോട്ടോസ്റ്റേറ്റ്"


ജയ്മോഹൻ അതിരുങ്കൽ, 9567759748


കഴിഞ്ഞ മാസം പകുതിയോളം ഒറീസ, ബീഹാർ എന്നിവിടങ്ങളിലായി ഒരു ഓട്ടപ്രദക്ഷിണം നടത്തി. ഒറീസയിൽ സുവിശേഷവേല ചെയ്യുന്ന ജയിംസിന്റെ പ്രവർത്തനസ്ഥലങ്ങളിൽ ചിലതു സന്ദർശിച്ചശേഷം, ബീഹാറിലെ പറ്റ്നയിലേക്കുപോയി. ജയിംസ് നല്ലൊരു കർത്തൃദാസനാണ്. അദ്ദേഹത്തിന്റെ സഭയും 'ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ്' തന്നെ. നാട്ടിൽ അദ്ദേഹം അംഗമായിരിക്കുന്നത് എറണാകുളം മാമംഗലം സഭയിലാണ്. സഭയൊക്കെ ഉഗ്രനാണെങ്കിലും, 'നമ്മളിലൊരുത്തൻ ഒറീസയിൽ സുവിശേഷവേല ചെയ്യുന്നുണ്ടെ'ന്ന വിചാരമൊന്നും അവർക്കുണ്ടെന്നു തോന്നുന്നില്ല. ഞാൻ ചോദിച്ചു, "സഭയിൽ നിന്ന് എന്തെങ്കിലും ധനസഹായം കിട്ടിയിട്ടുണ്ടോ?" ജയിംസിന്റെ മറുപടി ഒരു ചിരിയിലൊതുങ്ങി. ഇങ്ങനെയാണു നമ്മുടെ സഭകളിൽ പലതിന്റെയും സ്ഥിതി. ഒരു സഭയിൽ നിന്നു സുവിശേഷവേലയ്ക്ക് ഒരാൾ പോയാൽ, അവൻ എങ്ങനെ ജീവിക്കുന്നുവെന്നു വല്ലപ്പോഴെങ്കിലുമൊന്നു ചിന്തിക്കേണ്ടുന്ന ഉത്തരവാദിത്വം ആ സഭയ്ക്കില്ലേയെന്നു ചിന്തിച്ചുപോകുന്നു. 'അവന്റെ വീട്ടുകാർക്കു കാശുണ്ടല്ലോ, അവർ വേണമെങ്കിൽ കൊടുക്കട്ടെ' യെന്നു ചിന്തിക്കുന്നവരും കണ്ടേക്കാം. വീട്ടുകാർക്കു പണസൗകര്യമുണ്ടെങ്കിൽ അവർ കൊടുക്കേണ്ടതാണ്. അപ്പോൾത്തന്നെ, സഭയായി ഒരു സാമ്പത്തിക സഹായം കൊടുക്കാൻ (കഴിവുള്ള സഭ) വർഷത്തിലൊരിക്കൽ സഭ തുനിയുന്നത് അവർക്കും അനുഗ്രഹമാണ്. ഇതെഴുതിയത്, ഇതു വായിച്ചിട്ട്, ആരെങ്കിലും ജയിംസിനു പണമയച്ചുകൊടുക്കുമെന്നു വിചാരിച്ചല്ല. ജയിംസ് ആരുടെയും കുറ്റം




പറയുകയില്ല, വളരെ പ്രാർത്ഥിക്കുന്ന, ഉള്ളതിൽ തൃപ്തിപ്പെടുന്ന ഒരു സഹോദരനാണ് അദ്ദേഹം; ജീവിതവിശുദ്ധിയുമുണ്ട്.

അതിരിക്കട്ടെ, കഴിഞ്ഞമാസമുണ്ടായ ചുഴലിക്കാറ്റ് (ഹുദ്-ഹുദ്) എന്റെ യാത്ര അഞ്ചു മണിക്കൂർ താമസിപ്പിച്ചു. മാർഗ്ഗമദ്ധ്യേ പല റെയിൽവേ സ്റ്റേഷനുകളിലും ട്രെയിൻ പിടിച്ചിട്ടു. മരങ്ങൾ വീണുകിടക്കുന്നതും കെട്ടിടങ്ങൾ തകർന്നുകിടക്കുന്നതും കാണാമായിരുന്നു. സ്റ്റേഷന്റെ മേൽക്കൂരകൾ ചിതറിക്കിടക്കുന്നതു തൂത്തുവാരുന്നതേയുണ്ടായിരുന്നുള്ളു.

ഒറീസയിലെ റായഗഡയിൽ നിന്നാണു പറ്റ്നയിലേക്കുപോയത്. അവിടെയെത്തിയ എന്നെ കൂട്ടിക്കൊണ്ടുപോകാൻ, ഇൻഡ്യാ മിഷനിലെ സഹോദരൻ വണ്ടിയുമായി വന്നു. പറ്റ്നയിലെത്തിയപ്പോഴേ അവിടത്തെ അഴിമതിയും കെടുകാര്യസ്ഥതയും മനസ്സിലായി. ഇത്രയേറെ വൃത്തികെട്ട ഒരു സ്ഥലം ഞാൻ കണ്ടിട്ടില്ല! ഇൻഡ്യാ മിഷന്റെ സഭായോഗത്തിൽ (ഉച്ചകഴിഞ്ഞ്) സംബന്ധിച്ചു. പിന്നീട് അവരുടെ ബൈബിൾ സ്കൂൾ നടക്കുന്ന കെട്ടിടത്തിലേക്കു പോയി. എല്ലാം നടക്കുന്നതു വാടകക്കെട്ടിടങ്ങളിലാണ്. മാസത്തിൽ കുറേ ദിവസങ്ങൾ പഠനം, പിന്നെ പ്രവർത്തനസ്ഥലത്തേക്ക്. ഇതാണ് അവിടത്തെ രീതി. കുറേ സഭകൾ സന്ദർശിച്ചു. എല്ലാം 'വീട്ടുസഭകളാ'ണ്. പറ്റ്നയിലും പരിസരങ്ങളിലുമായി മുന്നൂറ്റൻപതിലധികം 'ഹൗസ് ചർച്ചസ്' ഉണ്ട്. പത്തും പതിനഞ്ചും പേരടങ്ങുന്ന കൂട്ടം മുതൽ മേലോട്ടാണ് അംഗസംഖ്യ. മുന്നൂറ്റൻപതുപേർ കൂടുന്ന ഒരു സഭയുണ്ട്. അവർ വാടകയ്ക്കു ഹോൾ എടുത്തു സഭായോഗം നടത്തുന്നു.

ബീഹാറിലേക്കു ഞാൻ പോയത്, ജേക്കബ് ഐനിക്കൽ എന്ന സുവിശേഷകന്റെ ക്ഷണമനുസരിച്ചാണ്. പല പ്രാവശ്യം എന്നെ അദ്ദേഹം വിളിച്ചിട്ടുണ്ട്. പതിനെട്ടു വർഷം മുമ്പ്, ഒറ്റ ക്രിസ്ത്യാനിയുമില്ലാത്ത സ്ഥലത്ത് അദ്ദേഹം പോയി. അവിടെത്താമസിച്ചു പ്രവർത്തിച്ച അദ്ദേഹത്തിന്റെ ശുശ്രൂഷയിൽ നിരവധി അത്ഭുതങ്ങൾ നടന്നു. അങ്ങനെയിപ്പോൾ, ഇരുന്നൂറിലധികം പേരുള്ള ഒരു കൂടിവരവ് അവിടെയുണ്ട്. സഭാഹാൾ തിങ്ങിയാണ് ആളുകളിരിക്കുന്നത്. മുസ്ലീങ്ങളുൾപ്പെടെയുള്ളവർ രക്ഷിക്കപ്പെട്ടു വന്നിട്ടുണ്ട്. ജേക്കബ് സഹോദരൻ താമസിക്കുന്ന സ്ഥലത്തു വൈദ്യുതിയില്ലായിരുന്നു. ഇപ്പോൾ ഒരു വർഷമായി 'കണക്ഷൻ' കിട്ടിയിട്ടുണ്ട്. പക്ഷേ അത് ഉള്ളതും ഇല്ലാത്തതും ഒരുപോലെയാണ്. ഒരു കൊള്ളക്കാരന്റെ അധീനതയിലായിരുന്നു ആ സ്ഥലം. മൂന്നു ജില്ലകൾ അയാളുടെ കീഴിലായിരുന്നുപോലും! കൊള്ളക്കാരനാണെന്നറിയാതെ, അയാളുടെ ഗ്രൂപ്പിലെ ആളുകൾ വെടിവെച്ചുകൊന്നു. അതിനുശേഷമാണത്രേ അന്നാട്ടുകാർ മനസ്സമാധാനത്തോടെ നടക്കാൻ തുടങ്ങിയത്.

ബീഹാറിലെ റോഡിൽക്കൂടി നിങ്ങൾക്കു നടക്കാം. റോഡിന്റെ അരികിലേക്കിറങ്ങി നടക്കരുത്. നടന്നാൽ, പാക്കിസ്ഥാനെന്നു പറയുന്നതുപോലെ, 'അപ്പിസ്ഥാനി' ലായിരിക്കും കാൽ പതിയുക. റോഡിലൂടെ ഓടുന്ന വാഹനങ്ങളുടെ അകത്തും പുറത്തും യാത്രചെയ്യാം. ബസിന്റെയും ജീപ്പിന്റെയും മുകളിൽ സസുഖം യാത്ര ചെയ്യുന്നവരേക്കണ്ടു. മുകളിരിക്കുന്നവർക്ക്, ഉള്ളിലിരിക്കുന്നവരുടെയത്ര കാശു കൊടുക്കേണ്ടതില്ല. വാഹനങ്ങളൊക്കെ ഇറങ്ങിയ കാലത്തു



വീട്ടിലും ജേക്കബും കൂട്ടുപ്രവർത്തകനായ ബൈജുവും ചെന്നു സുവിശേഷം പറഞ്ഞു. ഏറെക്കഴിയും മുമ്പേ, ആ ഭീകരനെയും ചില കുടുംബങ്ങളെയും എതിർ

പെയിന്റടിച്ചതാണ്. പിന്നെ അതിന്റെയാവശ്യമുണ്ടെന്ന് ഉടമകൾക്കു തോന്നിയിട്ടില്ലെന്നാണു കാഴ്ചയിൽ മനസ്സിലാകുന്നത്. ആ

08

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 07, ISSUE 23

BELIEVERS JOURNAL

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Publishing Date
10/12/2014

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/7LA/225/2012-14

ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കേരളാ സ്റ്റേറ്റ്

വൈ. പി. ഇ സ്റ്റേറ്റ് ക്യാമ്പ് 2014

സ്ഥലം : ആർ. എഫ്. കുക്ക് കൺവെൻഷൻ സെന്റർ, മൗണ്ട് സയോൺ, മുളക്കുഴ

December 25,26,27 Camp Theme : 'True Followers'

പ്രാസംഗികർ
പാസ്റ്റർ പി.ജെ. ജെയിംസ്
പാസ്റ്റർ വൈ. റെജി
പാസ്റ്റർ പി. ജി. മാത്യൂസ്
പാസ്റ്റർ അനിൽ കൊടിത്തോട്ടം
പാസ്റ്റർ പി. ആർ ബേബി
പാസ്റ്റർ പി. സി. ചെറിയാൻ
പാസ്റ്റർ ജോസ് ജോർജ്ജ്
ഡോ. സി. വി. ഏബ്രഹാം




സംഗീതാരാധന
ജിഫി യോഹന്നാൻ & ടീം

യേശുക്രിസ്തുവിന്റെ നാമത്തിൽ ഏവർക്കും സ്വാഗതം

BUSINESS OPPORTUNITY

A WIDE RANGE OF HOME/LIFE STYLE APPLIANCES AVAILABLE AT WHOLESALE RATE

- Air Fryer - Tower Fan - Vacuum Cleaner
- Juicer - High Pressure Car Washer
- Health Grill - Box Fan - Wall Fan
- LPG Glass Top stove - Chapatti Maker
- Steam Mop - Pop Corn Maker - Bread Maker
- Deep Fryer - Barbecue - Portable OTG
- Portable Food Processor
- Cutting and Drilling Machines.



Shop Keepers, Direct Marketing Co's, E-commerce firms, Corporate and Bulk Purchasers can contact:

PETRON TRADE CONSULTANTS
MUMBAI
MOBILE : 09833277538
E-mail : pkoshy.prakash@gmail.com

*The products will be delivered at all major railway stations*

BETHEL PENTECOSTAL ASSEMBLY
A Place to Worship God in Spirit and in Truth



WORSHIP PLACE: 2542, COUNTRY CLUB ROAD, LUCAS, TX75002

CHURCH ACTIVITIES
BIBLE CLASS:
SUNDAY 9:30 AM - 10:30 AM
WORSHIP SERVICE:
SUNDAY 10:30 AM - 12:30 PM
PRAYER CELL:
TUESDAY & FRIDAY 7:00
FASTING PRAYER:
FRIDAY 10 AM

OUTREACH MINISTRIES IN PARTNERSHIP WITH
SACRED HANDS OF HOPE
INDIAN MINISTRIES
NOT TO BE SERVED BUT TO SERVE

ACTIVITIES
MINISTRY AMONG HOMELESS
COMMUNITY DEVELOPMENT
BIBLE COLLEGE
ORPHANAGE





Contact:
Pastor Santhosh B Podimala
[E] sacredhandsofhope@gmail.com
[M] 214-929-3370, 972-475-7778
[W] www.bpanorthdallas.org
www.facebook.com/sacredhandsofhope

love hope freedom

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.